
വിശ്വദീപം

1478

KOTTAYAM ... KOTTAYAM.

# വിശ്വദീപം

Viswadeepam

विश्वदीपम

Malayalam

**VISWADEEPAM**

Life & Message of Narayana Guru

by K. DHARMADAS

Published by:

Brahma Vidya Grandhasala, Mayyanad

First Impression December 1969

Copies — 2000

Printed at:

The Quilon District Co-op: Printing Society
Ltd. No. Q. 247, Quilon-8

Cover Printed at:

Janayugom Press, Quilon.

Cover designed by:

Artist K. K. Pillai

Price Rs. 1 - 50

Distributors:

Sree Ramavilasam Book Depot, Quilon

Copyright:

D. Gari Das

48132

# വിശ്വദീപം

ശ്രീ നാരായണ ഗുരുവിന്റെ ജീവിതവും
തത്വോപദേശങ്ങളും

കെ. ധർമ്മദാസ്

NATIONAL BOOK STALL
SPCS LTD.
KOTTAYAM.

Rs. 1 - 50

---

വിതരണം
ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.



# സമർപ്പണം

വിവിധ മണ്ഡലങ്ങളിൽ നിന്നുകൊണ്ട് ശ്രീ നാരായണഗുരുവിന്റെ തത്വസംഹിതകൾ പ്രചരിപ്പിക്കാനായി അശ്രാന്തം പരിശ്രമിച്ച മഹാകവി കുമാരനാശാൻ, ഡാക്ടർ പൽപ്പു, ടി. കെ. മാധവൻ മൂർക്കോത്തു കുമാരൻ, സി. വി. കുഞ്ഞുരാമൻ, കെ. അയ്യപ്പൻ, സ്വാമി ശ്രീ നാരായണതീർത്ഥർ, സ്വാമി മംഗലാനന്ദജി എന്നിവരുടെ വാക്കുകളും പ്രവൃത്തികളും എനിക്ക് എക്കാലവും പ്രചോദനം നൽകിയിട്ടുണ്ട്. ആ മഹാന്മാരുടെ പാവനസ്മരണയ്ക്ക് ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

★

# പകർപ്പവകാശം

"Chinese Culture is the strongest single school in world civilization" എന്നാണ് ചീന സംസ്കാരത്തെ വിലയിരുത്തിക്കൊണ്ട് ബർട്രൻ്റ് റസ്സൽ പറഞ്ഞിരിക്കുന്നത്. തൈവാനിലെ തൈപ്പേനഗരത്തിൽ സ്ഥിതിചെയ്യുന്ന ദേശീയമ്യൂസിയം സന്ദർശിച്ചിട്ടില്ലാത്ത ഒരാൾക്ക് ഈ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതല്ല. ചീനസംസ്കാരത്തിൻെറ നാനാവശങ്ങളേയും പ്രതിനിധാനംചെയ്യുന്ന വിലപിടിപ്പുള്ള മൂന്നുലക്ഷത്തിലധികം വരുന്ന വിവിധ കലാവസ്തുക്കളുടെ ഒരു പ്രദർശനശാലയാണ് ഈ മ്യൂസിയം. പ്രതിദിനം ആയിരക്കണക്കിനു വിദേശീയർ ഈ സ്ഥാപനം സന്ദർശിച്ചുവരുന്നു. 1968-ൽ ഈ മ്യൂസിയം സന്ദർശിക്കാനുള്ള സന്ദർഭം എനിക്കും ലഭിച്ചു. ലോകത്തെ ഏററവും വലിയ ജനതയുടെ സംസ്കാരത്തിന്റെ ആകെത്തുക ഇവിടെ കാണാൻകഴിയും.

40 വർഷക്കാലം നിരന്തരമായി എഴുതിയിട്ടും നാരായണഗുരുവിന്റെ ജീവിതത്തിന്റെകാൽഭാഗം പോലും പകർത്താൻകഴിഞ്ഞിട്ടില്ലെന്നു വേദനയോടെ വിലപിക്കുകയാണ് നടരാജഗുരു. അത്രയേറെ ബൃഹത്തായ ശ്രീനാരായണസംസ്കാരം പ്രദർശിപ്പിക്കത്തക്ക ഒരു മ്യൂസിയംതന്നെ നമ്മുടെ തലസ്ഥാന നഗരിയിൽ സ്ഥാപിക്കണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ട്.

ആയിരക്കണക്കിൽ വിദേശിയരെ പ്രതിദിനം ആകർഷിക്കത്തക്ക ഒരു "ശ്രീനാരായണമ്യൂസിയം" നിർമ്മിക്കുന്നതിൻെറ ചെലവിനായി ഈ ഗ്രന്ഥത്തിൽ നിന്നുള്ള വരുമാനം ഉപയോഗിക്കുന്നതിനു് ഇതിൻെറ എല്ലാ അവകാശങ്ങളും എൻെറ മകൻ ഗാരിയ്ക്കു് നൽകുന്നു.

# കൃതജ്ഞത

നാരായണഗുരുവിൻെറ തത്വോപദേശങ്ങൾ ദക്ഷിണപൂർവ്വേഷ്യയിൽ പ്രചരിപ്പിക്കുന്നതിനു് കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം എല്ലാ തുറകളിലും സന്തോഷപൂർവ്വം എന്നെ സഹായിച്ചുപോന്ന സിങ്കപ്പൂരിലെ ഒരു പ്രമുഖ കൺട്രാക്ടർ ശ്രീ. എൻ. സി. സേനൻെറ ഉദാരമായ സംഭാവനകൊണ്ടാണു് ഈ ഗ്രന്ഥവും പ്രസിദ്ധംചെയ്യുന്നതിനു് എനിക്കു സാധിച്ചതു്. തികഞ്ഞ ഒരു ശ്രീനാരായണഭക്തനായ എൻെറ ഈ ആത്മസുഹൃത്തിനോടു ഞാൻ എന്നെന്നും കൃതജ്ഞനായിരിക്കും. അദ്ദേഹത്തിനു് എക്കാലവും ഗുരുവിൻെറ അനുഗ്രഹമുണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

— ഗ്രന്ഥകർത്താ

# ഈ ഗ്രന്ഥത്തെപ്പററി

ശ്രീ നാരായണഗുരുവിൻെറ ജീവചരിത്രം ഇതിനകം പ്രസിദ്ധരായ പല എഴുത്തുകാരും രചിച്ചിട്ടുണ്ടു്. ഗുരുവിൻെറ സന്ദേശങ്ങളെക്കുറിച്ചു് ഇംഗ്ലീഷിലും മലയാളത്തിലും അനവധി മററു ഗ്രന്ഥങ്ങളുമുണ്ടു്. പക്ഷേ ഇളംപ്രായക്കാരായ വിദ്യാൎത്ഥികൾക്കു് അദ്ദേഹത്തിൻെറ ജീവിതസന്ദേശങ്ങൾ പഠിച്ചു മനസ്സിലാക്കുന്നതിനു പററിയ ഗ്രന്ഥങ്ങൾ ഇതുവരെ പുറത്തുവന്നിട്ടില്ല. ആ കുറവു പരിഹരിക്കുകയാണു് എൻെറ ഈ ഗ്രന്ഥത്തിൻെറ ഉദ്ദേശം.

ഈ ഗ്രന്ഥരചനയ്ക്കു് എനിക്കു പ്രചോദനം നല്കിയ മറെറാരു കാര്യംകൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്.

ശ്രീ നാരായണസന്ദേശപ്രചരണാൎത്ഥം ഞാൻ മയ്യനാട്ടു് ഒരു ബ്രഹ്മവിദ്യാഗ്രന്ഥശാല സ്ഥാപിച്ചിട്ടുണ്ടു്. അതിൻെറ ഉൽഘാടനവേളയിൽ, ശ്രീ നാരായണൻെറപേരിൽ മയ്യനാട്ടു ഇംഗ്ലീഷ് ഹൈസ്കൂളിൽ ഒരു സ്കോളർഷിപ്പു് ഏൎപ്പെടുത്തുന്നതായി ഞാൻ പ്രഖ്യാപിച്ചു. 101 രൂപാ തുകവരുന്ന ഈ സ്കോളർഷിപ്പു് "ശ്രീ നാരായണഗുരുവിൻെറ ജീവിതവും തത്വസംഹിതയും" എന്നവിഷയത്തിൽ എഴുതപ്പെടുന്ന ഏററവും നല്ല ലേഖനത്തിനു് വർഷംതോറും നൽകപ്പെടും. ഈ പ്രഖ്യാപനത്തെ തുടൎന്നു്, ഇങ്ങനെയൊരു ലേഖനമത്സരം ഏൎപ്പെടുത്തുന്നതിനുമുമ്പു് വിദ്യാർത്ഥികൾക്കുവേണ്ടി ഏതദ്വിഷയകമായി ചില ഗ്രന്ഥങ്ങളുണ്ടാകേണ്ടിയിരിക്കുന്നുവെന്നു്, ഗ്രന്ഥശാല ഉൽഘാടനംചെയ്ത നടരാജഗുരു പറയുകയുണ്ടായി. വാസ്തവം

പറഞ്ഞാൽ അദ്ദേഹത്തിൻെറ അന്നത്തെ പ്രസ്താവന യാണു് ഈ ഗ്രന്ഥരചനയിൽ എനിക്കുണ്ടായ ശക്തിയായ പ്രേരണ.

ശ്രീ നാരായണഗുരുവിനേയും, അദ്ദേഹത്തിൻെറ മഹത്തായ സന്ദേശങ്ങളേയുംപററി കഴിഞ്ഞ 30 വർഷക്കാലത്തു് പുറത്തുവന്നിട്ടുള്ള അനേകം ഗ്രന്ഥങ്ങളും ഒട്ടധികം ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിച്ചു പഠിച്ചശേഷമാണു് ഞാൻ ഈ ഗ്രന്ഥരചനയ്ക്കു് ഒരുമ്പെട്ടതു്. "ശിവഗിരി", "ഗുരുകുലം", "ഗുരുദേവൻ" തുടങ്ങിയ മാസികാഗ്രന്ഥങ്ങളിൽ പ്രസിദ്ധീകൃതമായ പലലേഖനങ്ങളും എനിക്കു ഈ യത്നത്തിൽ സഹായകമായിത്തീർന്നിട്ടുണ്ടു്.

1967–ൽ എഴുതി പൂർത്തിയാക്കിയ ഈ ഗ്രന്ഥത്തിൻെറ കയ്യെഴുത്തുപ്രതി ഇതിനിടയിൽ സ്വാമി നിത്യചൈതന്യയതിയുൾപ്പെടെ പല മഹാന്മാരുടെയും പരിശോധനയ്ക്കു വിധേയമായിട്ടുണ്ടു്. അവരിൽനിന്നെല്ലാം ലഭിച്ച പ്രോത്സാഹനത്തിൻെറ ഫലമായാണു് ഈ ഗ്രന്ഥം ഇപ്പോൾ വെളിച്ചംകാണുന്നതു്.

''I am sure your book will be appreciated by young readers'' സ്വാമി നിത്യചൈതന്യയതിയുടെ ഈ ഉറപ്പിൽ വിശ്വസിച്ചുകൊണ്ടു് ഈ ഗ്രന്ഥം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

സിംഗപ്പൂർ, — കെ. ധർമ്മദാസ്സ്

5–11–1969.

# വിശ്വദീപം

(നാരായണഗുരുവിൻെറ ജീവിതവും
തത്വോപദേശങ്ങളും)

## ഉള്ളടക്കം


1. ജനനം
2. വിദ്യാഭ്യാസം
3. സത്യാന്വേഷി
4. മരുത്വാമലയിലെ യോഗി
5. അരുവിപ്പുറത്തെ സന്ന്യാസി
6. ക്ഷേത്രപ്രതിഷ്ഠകൾ
7. സമുദായ പരിഷ്കർത്താവ്
8. ദിവ്യസന്ദേശങ്ങൾ
9. ഏകജാതി
10. ഏകമതം
11. ഏകദൈവം
12. തത്വജ്ഞാനിയായ മഹാകവി
13. ജഗദ്ഗുരു

KOTTAYAM PUBLIC LIBRARY • KOTTAYAM •

## ജനനം

കേരളത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരം പട്ടണത്തിനു ആറു മൈലോളം വടക്കുകിഴക്കു മാറി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണു ചെമ്പഴന്തി. ശാന്തവും മനോഹരവുമായ ആ ഗ്രാമത്തിൽ ഒരു ശിവക്ഷേത്രമുണ്ട്. പരിത്യജിക്കപ്പെട്ടതാണെങ്കിലും ശൂലായുധവും അഭിഷേകാർച്ചനകൾ നടത്തപ്പെടുന്ന ഒരു ശിവലിംഗവും ആ ക്ഷേത്രത്തിലുണ്ട്. സാധാരണ ക്ഷേത്ര സ്ഥാനങ്ങളിൽ കാണപ്പെടുന്ന ഒരരയാൽ മരവും അവിടെയുണ്ട്. ഈ ക്ഷേത്രത്തിൻെറ വടക്കുഭാഗത്തെ സസ്യശ്യാമളമായ വയൽവാരത്തു ഒരോലമേഞ്ഞ വീടു കാണാം. സാഹിത്യം, വൈദ്യം, ജ്യോതിഷം തുടങ്ങിയ കലകളിൽ പരമ്പരാഗതമായി വേണ്ടത്ര നൈപുണ്യം സമ്പാദിച്ചിരുന്ന ഒരു പുരാതന കർഷക കുടുംബമാണു ഈ വീട്ടിൽ താമസിച്ചിരുന്നതു്.

ഗൃഹനായകനായ മാടനാശാൻ മാന്യനായ ഒരു കൃഷീവലനായിരുന്നു. സംസ്കൃത ഭാഷാജ്ഞാനം വേണ്ടുവോളമദ്ദേഹത്തിനുണ്ടായിരുന്നു. ജ്യോതിഷവും ആയുർവ്വേദവും പഠിച്ചിട്ടുണ്ട്. ആശാൻ എന്ന സ്ഥാനപ്പേരുകൊണ്ടു അറിയപ്പെടുന്നതരത്തിൽ അദ്ദേഹം ഒരു മാതൃകാദ്ധ്യാപകനും കൂടിയായിരുന്നു. ആ നാട്ടുമ്പുറത്തു

കാരെല്ലാം അദ്ദേഹത്തെ ബഹുമാനിച്ചു പോന്നിരുന്നു. വിദഗ്ദ്ധാഭിപ്രായം അറിയേണ്ടകാര്യങ്ങളിലെല്ലാം അദ്ദേഹം അവരെ ആത്മാർത്ഥമായി സഹായിച്ചിരുന്നു. ആഴ്ചയിലൊരിക്കൽ ആശാൻെറ വീട്ടിൽ നാട്ടിൻപുറത്തുകാർ പലരും ഒന്നിച്ചു ചേരുകയും ആശാൻ അവർക്കു രാമായണവും മഹാഭാരതവും വായിച്ചു വ്യാഖ്യാനിച്ചു കേൾപ്പിക്കുകയും പതിവായിരുന്നു.

സരളസ്വഭാവിയും, സുഭഗയും, ലോലമായ പ്രകൃതികൊണ്ടു അനുഗൃഹീതയുമായ കുട്ടിയമ്മയാണു മാടനാശാൻെറ പത്നി. കുട്ടി എന്നു പേരു് ആ അമ്മയുടെ സരളസ്വഭാവത്തെയും ശാലീനതയേയും കാട്ടുവാൻ പര്യാപ്തമായിരുന്നു. പ്രകൃതി ആ അമ്മക്കു ആകാരസുഷമയും, അനുകമ്പാർദ്രമായ ഒരു ഹൃദയവും നൽകി അനുഗ്രഹിച്ചിരുന്നു. അവരുടെയും ഭർത്താവിൻെറ വംശപാരമ്പര്യവും സരളമായ മനുഷ്യപ്രകൃതിയോടുമാത്രം ബന്ധപ്പെട്ടതായിരുന്നു.

കൊല്ലവർഷം 1030-ൽ ചിങ്ങമാസത്തിലെ ചതയം നക്ഷത്രത്തിൽ വയൽവാരത്തുവീട്ടിലെ മാടനാശാനും കുട്ടിയമ്മയ്ക്കും ഒരു പുത്രൻ ജനിച്ചു. ആ കുഞ്ഞിനെ നാണു എന്നു നാമകരണം ചെയ്തു. നാരായണനെന്ന പേരു ചുരുക്കിയതാണു നാണു.

ശിശുവായ നാണുവിനെ മാതാപിതാക്കൾ വളരെ വാത്സല്യത്തോടെ വളർത്തിവന്നു. ഈ മാതൃകാ ദമ്പതികൾക്കു നാണുവിനെക്കൂടാതെ മററു മൂന്നു പുത്രിമാർക്കൂടിയുണ്ടായിരുന്നു.

നാണു കുട്ടിക്കാലത്തു നല്ല ചൊടിയും തന്റേടവുമുള്ള ഒരു ബാലനായിരുന്നു. മാതാപിതാക്കളെ വിഷമിപ്പിക്കുന്ന പല വികൃതിത്തരങ്ങളും ബാല്യകാലത്തു നാണു കാണിച്ചിരുന്നു. വീട്ടിൽ പൂജയ്ക്കു ഒരുക്കിവയ്ക്കുന്ന പഴവും പലഹാരങ്ങളും പൂജക്കു മുൻപുതന്നെ എടുത്തു ഭക്ഷിക്കുന്നതിൽ ഈ ബാലനു അസാമാന്യമായ കൗതുകം തോന്നിയിരുന്നു. തന്റെ മുമ്പിൽ കാണുന്ന ഓരോന്നിനെപ്പററിയും ഗാഢമായി ചിന്തിക്കാനും വിശകലനം ചെയ്യാനും ചെറുപ്പംമുതല്ക്കേ നാണുവിനു താല്പര്യമുണ്ടായിരുന്നു. അന്യരുടെ ദുഃഖത്തിന്റെ കാരണം കണ്ടുപിടിച്ചു അതിനു എളുപ്പത്തിൽ നിവാരണമുണ്ടാക്കാൻ ഈ ബാലനു അസാമാന്യമായ കഴിവുണ്ടായിരുന്നു.

കൃശഗാത്രനായ നാണു വലിയ വിളയാട്ടുകാരനും കായികവിനോദകുതുകിയും ആയിരുന്നു. ചങ്ങാതിമാരുമായി ചിലപ്പോൾ ഗോകുലത്തിലെ ബാലഗോപാലനെപ്പോലെ കാലിമേയ്ച്ചും നടന്നിരുന്നു.

## വിദ്യാഭ്യാസം

നാണുവിനു ചെറുപ്പത്തിൽതന്നെ അസാമാന്യമായ ധാരണാശക്തി ഉണ്ടായിരുന്നതുകൊണ്ടു പഠിക്കുന്നതെന്തും വേഗം മനസ്സിലാക്കാനും, മനസ്സിലാക്കിയതു സദാ ഓർമ്മയിൽവച്ചു സൂക്ഷിക്കാനും സാധിച്ചിരുന്നു. മലയാളം കൂട്ടിവായിക്കാൻ പഠിച്ചതിനുശേഷം സിദ്ധരൂപം, ബാലപ്രബോധം, അമരം തുടങ്ങിയവ കാണാതെ പഠിക്കുവാൻ പ്രയാസമൊന്നുമുണ്ടായിരുന്നില്ല. തിരുവനന്തപുരത്തും പരിസരത്തും അക്കാലത്ത് തമിഴിനു നല്ല പ്രചാരം സിദ്ധിച്ചിരുന്നതിനാൽ ബാല്യകാലത്തു തമിഴും പഠിച്ചിരുന്നെന്നുവേണം അനുമാനിക്കാൻ. ഒരു പണ്ഡിതന്റെ വിശുദ്ധി നാണുവിനു ബാല്യകാലം മുതലേ ഉണ്ടായിരുന്നു. ചെമ്പഴന്തി ദേശത്തുനിന്നും ലഭിക്കാവുന്ന വിദ്യാഭ്യാസമെല്ലാം വളരെവേഗംതന്നെ കരസ്ഥമാക്കി. എന്നാൽ ഉപരിപഠനത്തിനുപുറമേ പോകാനുള്ള പ്രായം അന്നു നാണുവിനുണ്ടായിരുന്നില്ല.

പഠിത്തം മതിയാക്കി വീട്ടിൽനിന്നകാലത്തു നാണു പിതാവിനേയും മററും വീട്ടുകാര്യങ്ങളിൽ സഹായിച്ചിരുന്നു. പ്രധാന തൊഴിൽ അന്നു കന്നുകാലിമേയ്പായിരുന്നു. ശ്രീകൃഷ്ണ ഭഗവാന്റെ ബാല്യകാല

ത്തെ ജോലിയും ഇതുതന്നെയായിരുന്നല്ലോ? ജോലിയൊന്നുമില്ലാതെ വീട്ടിലിരിക്കാൻ സൗകര്യം കിട്ടുമ്പോഴെല്ലാം അടുത്തുള്ള മണയ്ക്കൽ ക്ഷേത്രത്തിൽചെന്നു് ഭസ്മവുംപൂശി ധ്യാനനിരതനായി ഇരിക്കുക പതിവായിരുന്നു.

നാണുവിനു വയസ്സു പതിനാലു ആയപ്പോഴേക്കും ശ്രദ്ധേയമായ പലമാററങ്ങളും ആ കുമാരനിൽ കണ്ടുതുടങ്ങി. ചെറുപ്പത്തിലുണ്ടായിരുന്ന വികൃതിസ്വഭാവമൊക്കെ മാറി. എപ്പോഴും പഠിക്കാനും ചിന്തിക്കാനും ഒരാവേശം. ജ്ഞാനസമ്പാദനത്തിനുള്ള ആഗ്രഹം വർദ്ധിച്ചുവരുന്നതായി കണ്ടു. ഗൃഹകാര്യങ്ങളിൽ ശ്രദ്ധകുറഞ്ഞുതുടങ്ങി. ശുചിത്വത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. കുളി, ഭസ്മംപൂശൽ, ജപം തുടങ്ങിയ നിത്യകർമ്മങ്ങളിൽ യാതൊരു മുടക്കവും വരുത്തിയില്ലെന്നു മാത്രമല്ല മിക്കസമയങ്ങളിലും മണയ്ക്കൽ ക്ഷേത്രത്തിൽ തന്നെ കഴിയുന്നതു ഒരു സുഖമായി നാണുവിനുതോന്നിത്തുടങ്ങുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ നാണുവിൻെറ സംസ്കൃതത്തിലുള്ള അസാമാന്യമായ പാണ്ഡിത്യം മാതുലനും പണ്ഡിതശിരോമണിയുമായ കൃഷ്ണൻ വൈദ്യരെ വിസ്മയിപ്പിക്കയും ഭാഗിനേയനെ ഉപരിപഠനത്തിനയക്കണമെന്നു അദ്ദേഹം തീരുമാനിക്കയുംചെയ്തു. അതനുസരിച്ചു് ഒരുദിവസം അക്കാലത്തു പ്രസിദ്ധനായിരുന്ന കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളിയിലെ കുമ്മമ്പള്ളി രാമൻപിള്ള ആശാൻെറ അടുക്കലേക്കു നാണുവിനേയുംകൂട്ടി കൃഷ്ണൻ വൈദ്യൻ യാത്രയായി.

ധർമ്മനിഷ്ഠന്മാരും, ഉദാരമതികളും വിദ്യാപോഷണ തല്പരന്മാരുമായ അംഗങ്ങളെക്കൊണ്ടു പ്രശസ്തിനേടിയിരുന്ന വാരണപ്പള്ളി തറവാട്ടിൻെറ ഒരു ശാഖയായ കുന്നത്തുവീട്ടിലാണു് നമ്മുടെ വിദ്യാർത്ഥി അന്നു താമസിച്ചിരുന്നതു്. വിദ്യാഭ്യാസത്തിനായി വന്നുചേരുന്ന വിദ്യാൎത്ഥികൾക്കാവശ്യമായ താമസസൌകര്യവും ഭക്ഷണവും സൗജന്യമായി കൊടുക്കുന്നതിനു വാരണപ്പള്ളി കുടുംബക്കാർ വേണ്ട ഏർപ്പാടു ചെയ്തിരുന്നു.

രഘുവംശത്തിലെ എല്ലാ ശ്ലോകങ്ങളും മററു പല കാവ്യങ്ങളും, നാടകങ്ങളും, അലങ്കാരങ്ങളും വളരെ ചുരുങ്ങിയ കാലംകൊണ്ടു നമ്മുടെ വിദ്യാർത്ഥി പഠിച്ചു കഴിഞ്ഞു. കൂടാതെ തൎക്കം, വ്യാകരണം, വേദാന്തം തുടങ്ങിയ ശാസ്ത്രങ്ങളിൽ അഗാധപാണ്ഡിത്യവും സമ്പാദിച്ചുകഴിഞ്ഞു. വേദാന്തം തുറന്നുവച്ച ഒരു ഗ്രന്ഥമായിരുന്നു നാണുവിനു്. സരളമായ ആ ഹൃദയത്തിൽ, ആ പരിശുദ്ധ ജീവിതത്തിൽ ശമദമങ്ങൾകൊണ്ടു ഏകാഗ്രതവന്ന ആ ബുദ്ധിയിൽ വേദാന്തതത്വങ്ങൾ പ്രതിഫലിപ്പിച്ചതു് അത്ഭുതമല്ല. സതീൎത്ഥ്യന്മാർക്കുണ്ടാകുന്ന സംശയങ്ങൾ തീൎത്തുകൊടുക്കുന്നതിനുപുറമെ ആശാനുനേരിടാറുള്ള സംശയങ്ങൾക്കുപോലും നമ്മുടെ നാണുചട്ടമ്പി—സതീൎത്ഥ്യർ അങ്ങനെയാണു വിളിച്ചിരുന്നതു്—വിശദമായ വ്യാഖ്യാനം നൽകിവന്നു. സതീൎത്ഥ്യരുടെ ഇടയിൽ നടക്കാറുള്ള സാഹിത്യ ചർച്ചകളിലും വാദപ്രതിവാദങ്ങളിലും പങ്കുകൊള്ളാതെ നാണുചട്ടമ്പി എല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരിക്കുക പതിവായിരുന്നു. പെരുനെല്ലി കൃഷ്ണൻ വൈദ്യരും വെളുത്തേരി കേശവൻ വൈദ്യരും കഥാപുരുഷൻെറ പ്രധാന സതീർത്ഥ്യരായിരുന്നു. സമയം കിട്ടുമ്പോഴൊ

ക്കെ ഭാഗവതം, രാമായണം മുതലായ ഭക്തിരസപ്രധാനമായ ഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടിരിക്കുക പതിവാക്കിയിരുന്നു. വാരണപ്പള്ളിയിലെ താമസക്കാലത്തുനാണു പല വിഷ്ണുസ്തോത്രങ്ങളും രചിച്ചിട്ടുണ്ടു്.

1047-ാമാണ്ടു തുലാമാസത്തിൽ അർശ്ശസ്സ് സംബന്ധമായ രോഗം പിടിപെട്ടതിന്റെ ഫലമായി വിദ്യാഭ്യാസം നിറുത്തി സ്വദേശത്തേയ്ക്കു മടങ്ങുകയുണ്ടായി.

KOTTAYAM PUBLIC LIBRARY • KOTTAYAM •

★

## സത്യാന്വേഷി.

സുഖക്കേട്ട ഭേദമായതിന്ന ശേഷം പൊതുജന സേവനത്തിൻെറ പ്രാരംഭഘട്ടത്തിലേക്ക നമ്മുടെ കഥാപുരുഷൻ നീങ്ങിത്തുടങ്ങി. പല ദിക്കിലും സഞ്ച രിച്ചു കുട്ടികളെ പഠിപ്പിക്കുന്ന ജോലിയിൽ അദ്ദേഹം ഏർപ്പെട്ടു. മിക്കവാറും വീട്ടിൽവരാതെയായി തുടങ്ങിയ ആ കാലത്താണ മാതാവു അന്തരിച്ചതു്. പിന്നീട്ട തന്നെ സമീപിച്ച ഒരു ശിഷ്യസംഘത്തെ അദ്ദേഹം സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ആ രോടും പറയാതെ അദ്ദേഹം വീട്ടുവിട്ടു പോയി. ആളു കൾ അദ്ദേഹത്തെഅന്വേഷിച്ചു പലദിക്കിലും പോയി. വളരെ ദിവസങ്ങൾ കഴിഞ്ഞു ഏതാണ്ട് 30 മൈൽ അകലെ എത്തിയ അന്വേഷകസംഘം കാണുന്നകാഴ്ച ഒരു അമ്പലവളപ്പിൽ ഏതാനും വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.

കടയ്ക്കാവൂർ മീരാൻകടവിന്നടുത്തു ഒരു കുടിപ്പ ള്ളിക്കൂടത്തിൻെറ മാതൃകയിൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ ആരംഭിച്ചതോടെ നാണു ആശാനായി അറിയപ്പെടാൻ തുടങ്ങി. പിന്നീട്ട് അഞ്ചുതെങ്ങിലും സ്വദേശമായ ചെമ്പഴന്തിയിലും ഇതേ രീതിയിൽ കുട്ടി കളെ വിദ്യാഭ്യാസം ചെയ്യിക്കയുണ്ടായി. അഞ്ചുതെ

ങ്ങിലായിരുന്നപ്പോൾ നാണുആശാൻ ഒരു സുബ്രഹ്മ ണ്യോപാസകനായിരുന്നു. ജ്ഞാനേശ്വരം ക്ഷേത്രത്തി ലായിരുന്നു വിശ്രമസമയങ്ങൾ കഴിച്ചുകൂട്ടിയതു്. അ ക്കാലത്തു് അദ്ദേഹം നിരവധി കവിതകൾ രചിച്ചി ട്ടുണ്ടു്. ആത്മാവു്, ഈശ്വരൻ എന്നീ പ്രൗഢവിഷയ ങ്ങളെ ആസ്പദമാക്കിയുള്ള കവിതകളായിരുന്നു അ തെല്ലാം.

ഈ കാലഘട്ടത്തിലാണു് ഭൗതികവും ആദ്ധ്യാ ത്മികവുമായ ചിന്തകൾ തമ്മിൽ അദ്ദേഹത്തിൻെറ മനസ്സിൽ വമ്പിച്ച ഒരു പോരാട്ടം നടന്നതു്. ഇന്ദ്രി യങ്ങളെ പാട്ടിലാക്കി ജ്ഞാനഖഡ്ഗമുപയോഗിച്ചു് ലോകത്തിൻെറ മുരടിച്ച കെട്ടുപാടുകൾ പാടെ അറുത്തു നീക്കി നിത്യസ്വാതന്ത്ര്യം നേടാനുള്ള മാർഗ്ഗത്തെ പ്പററിയും ഇക്കാലത്തു അദ്ദേഹം നിരന്തരമായി ചിന്തി ച്ചിരുന്നു.

പിതാവിനോടും സഹോദരങ്ങളോടും സർവ്വോ പരി കുടുംബത്തോടുമുള്ള സ്നേഹം ഒരുഭാഗത്തും ആത്മാ വിനും ലോകത്തിനും മോക്ഷംനേടാനുള്ള മാർഗ്ഗങ്ങളാ രാഞ്ഞിറങ്ങാനുള്ള മോഹം മറുഭാഗത്തും. പരസ്പര വിരുദ്ധങ്ങളായ ഈ ചിന്തകളുടെ സമ്മർദ്ദത്തിൽപെട്ടു നട്ടംതിരിഞ്ഞ നാണുആശാൻെറ ഭാവിയിൽ ഉല്ക്കണ്ഠാ കുലരായ വീട്ടുകാർ അദ്ദേഹത്തെ വിവാഹബന്ധത്തി ലാക്കാൻതന്നെ തീരുമാനിച്ചു. ആശാനോടാലോചി ക്കാതെ തൻെറ രണ്ടു സഹോദരിമാർ ചേർന്നാണു് വിവാഹം ഏർപ്പാടുചെയ്തതും. അതായിരുന്നു അന്നത്തെ രീതി. സഹോദരിമാർ രണ്ടുപേരും എല്ലാക്കാര്യങ്ങ ളിലും നേതൃത്വമെടുത്തു അനാഡംബരമായി വിവാഹ കർമ്മം നടത്തി. പുടവകൊടുപ്പും മംഗല്യംചാർത്തലും

ആശാൻെറ ആൾപ്പേരായി സഹോദരിമാർതന്നെ നടത്തി. വരൻ അന്നും പരിവ്രാജകനായി എവിടെയോ സഞ്ചരിക്കുകയായിരുന്നു. മടങ്ങി വീട്ടിലെത്തിയപ്പോൾ വീട്ടിൽ ഒരാൾ അധികമായുണ്ടു്. തനിക്കായി സഹോദരിമാർ കൊണ്ടുവന്ന വധു. ചിറയിൻകീഴ് ഗ്രാമത്തിലുള്ള ഒരു വിഷവൈദ്യൻെറ മകളായിരുന്നു വധു.

ഈ വിവാഹം നാണുആശാനെ സംബന്ധിച്ചിടത്തോളം ഒരു അഗ്നിപരീക്ഷണം തന്നെയായിരുന്നിരിക്കാം. നവയൗവ്വനം പൂവിട്ടുനില്ക്കുന്ന ആ വധു മാടനാശാൻെറ ഒരു ഭാഗിനേയി കൂടിയായിരുന്നു. ഈ തരുണീരത്നത്തെ സഹധർമ്മിണിയായി ലഭിക്കുന്നതു തന്നെ ഒരു മഹാഭാഗ്യമാണു്. പക്ഷെ വീട്ടുകാർ സമ്പാദിച്ചുകൊടുത്ത ഈ മഹാഭാഗ്യം വലിച്ചെറിഞ്ഞു്— ഗാർഹിക ജീവിതത്തിൻെറ ഇരുമ്പുചങ്ങല പൊട്ടിച്ചെറിഞ്ഞു്— ആത്മസുഖം അന്വേഷിച്ചു സത്യത്തിൻെറ മാർഗ്ഗത്തിലേക്കു നിത്യബ്രഹ്മചാരിയായി അദ്ദേഹം ഇറങ്ങിത്തിരിച്ചു. ബ്രഹ്മചര്യത്തെപ്പററി പിന്നീടൊരിക്കലദ്ദേഹം പറഞ്ഞിട്ടുള്ളതിങ്ങനെയാണു്. "മനുഷ്യനു് ഏററവും പ്രയാസമായ വ്രതം ബ്രഹ്മചര്യമാണു്. അതെത്രമേൽ പ്രയാസമുള്ളതാണെന്നു് അനുഭവിച്ചവർക്കു മാത്രമേ അറിയുകയുള്ളു. അതുകൊണ്ടു ആ വ്രതം തുടർന്നുപോകുവാൻ സാധിക്കയില്ലെന്നു എപ്പോൾ മനുഷ്യൻ കാണുന്നുവോ അപ്പോൾ വിവാഹം കഴിച്ചുകൊള്ളേണ്ടതാണു്."

സത്യാന്വേഷിയായി വീട്ടിൽനിന്നിറങ്ങിത്തിരിച്ച നാണു ആശാൻ അടുത്തുള്ള മലകളിലും കാട്ടുകളിലും ധ്യാനനിഷ്ഠയിലിരിക്കുന്നതു പലരും കണ്ടി

ട്ടുണ്ട്. സകല പ്രപഞ്ചസുഖങ്ങളും ത്യജിച്ചു സ്വന്തം വീട്ടിനേയും കുടുംബത്തേയും പിരിഞ്ഞു ത്യാഗത്തിന്റെ ദുർഘടമാർഗ്ഗത്തിൽ ഇറങ്ങിസഞ്ചരിച്ചുകൊണ്ടിരുന്ന ആശാൻ കാററും, മഴയും, വെയിലും കണക്കാക്കാതെ ലക്ഷ്യമില്ലാതെ നടക്കുമായിരുന്നു. വിശപ്പുണ്ടാകുമ്പോൾ എവിടെയെങ്കിലും പോയി ഭിക്ഷയാചിച്ചു കിട്ടുന്നതു ഭക്ഷിക്കും. കടത്തിണ്ണകളിലോ, സത്രങ്ങളിലോ, തെരുവുകളിലോ, ചിലപ്പോൾ അമ്പലങ്ങളിലോ കിടന്നുറങ്ങും.

ഇങ്ങനെ അവധൂതനായി ചുററിനടന്ന കാലത്തു് ഏതാനും ദിവസം പെരുനെല്ലി കൃഷ്ണൻവൈദ്യരുടെ ഭവനത്തിൽ താമസിച്ചിരുന്നതായി കാണുന്നു. ഒൗവൈദ്യരുടെ ഗ്രന്ഥശാലയിൽ തമിഴിലും മലയാളത്തിലും ഉണ്ടായിരുന്ന നിരവധി ഗ്രന്ഥങ്ങൾ അന്നു് അദ്ദേഹം വായിച്ചുതീർത്തു. ഈ താമസക്കാലത്താണു് വിദ്യാധിരാജനെന്നു വിശ്രുതനായ ചട്ടമ്പിസ്വാമികളുമായി പരിചയപ്പെടാനിടയായതു്. യോഗസിദ്ധിയുടെ എല്ലാ വശങ്ങളും മനസ്സിലാക്കി ഒരു യോഗിയായിക്കഴിഞ്ഞിരുന്ന ചട്ടമ്പിസ്വാമികളും ആശാനും നിത്യസഹചാരികളായി കുറച്ചുനാൾ കഴിഞ്ഞിട്ടുണ്ടു്. അവർ രണ്ടുപേരും പിരിയാതെ യാതൊരുദ്ദേശവുമില്ലാത്തനിലയിൽ പല ദിക്കിലും ചുററിസഞ്ചരിച്ചിരുന്നു. ഇതിനിടയിൽ കുടുംബത്തേയും മററും ഉപേക്ഷിച്ചു് ഇങ്ങനെ നടക്കുന്നതു് അർത്ഥശൂന്യമാണെന്നും മററും ഉപദേശിച്ചവരോടു് "കുടുംബത്തേക്കാൾ ശ്രേഷ്ഠമായി ഈശ്വരവിഷയമായി വല്ലതുമുണ്ടോ എന്നു ഞാൻ അന്വേഷിക്കുകയാണു്. നല്ലവണ്ണം അന്വേഷണംനടത്തി അങ്ങിനെ ഒന്നില്ലെന്നുബോദ്ധ്യമായാൽ

ഈവക മൂഢവിശ്വാസത്തിൽനിന്നു ജനങ്ങളെ മോചിപ്പിക്കണം" എന്നാണു് മറുപടി പറഞ്ഞിരുന്നതു്.

ഇതിനിടയിൽ യോഗമുറകൾ പരിശീലിക്കണമെന്നുള്ള ആശാന്റെ ആഗ്രഹം ചട്ടമ്പിസ്വാമികളെ അറിയിക്കുകയും അതിനായി "തൈക്കാട്ടു് അയ്യാവു്" എന്ന ഒരു പരമധന്യനെ സ്വാമികൾ പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു. നഷ്ടപ്രായമായിക്കൊണ്ടിരുന്ന ഹഠയോഗത്തിലും പാതഞ്ജലയോഗത്തിലും അതിനോടനുബന്ധിച്ച രഹസ്യവിദ്യകളിലും അദ്ദേഹത്തിനു് അറിവുണ്ടായിരുന്നു. തമിഴ്നാട്ടിലെ അദ്ധ്യാത്മപാരമ്പര്യവും അദ്ധ്യാത്മജീവിതത്തിനു സഹായിക്കുന്ന ശിക്ഷണമുറകളുടെ പല രഹസ്യങ്ങളും അയ്യാവു മനസ്സിലാക്കിയിരുന്നു. അതു നമ്മുടെ കഥാനായകനു് താല്പര്യമുള്ള വിഷയമായിരുന്നു. രസതന്ത്രം, ജ്യോത്സ്യം എന്നിവ തുടങ്ങി പാണിനിയുടെ വ്യാകരണസൂത്രങ്ങൾ വരെ ആരാഞ്ഞു പഠിച്ചശേഷം യോഗരഹസ്യങ്ങൾ പഠിക്കാനായി തൈയ്ക്കാട്ടു് അയ്യാവു് അവർകളെ ആചാര്യനായി സ്വീകരിച്ചു. തിരുവനന്തപുരം റസിഡൻസിയിൽ ഒരു ഉദ്യോഗസ്ഥനായിരുന്ന അയ്യാവു് പ്രാണായാമം തുടങ്ങിയ യോഗമുറകൾ വശപ്പെടുത്തി പല അത്ഭുതസിദ്ധികളും നേടിയ ഒരു വിദ്വാനായിരുന്നു എന്നു പറയപ്പെടുന്നു. നാണുആശാൻ ഭാവിയിൽ സർവ്വജനസമാരാദ്ധ്യനായ ഒരു ജ്ഞാനഗുരുവായിത്തീരാനിടയുണ്ടെന്നു അയ്യാവു് അക്കാലത്തുതന്നെ പലരോടും പറഞ്ഞിരുന്നു.

ഹഠയോഗം, രാജയോഗം എന്നു സ്വാമി വിവേകാനന്ദനാൽ വിശേഷിപ്പിക്കപ്പെട്ടുപോരുന്ന പാത

48/132

ജലയോഗം, വാസിഷ്ഠത്തിൽ വിവരിച്ചിട്ടുള്ള സപ്ത ഭൂമിക എന്നിവയെല്ലാം ഗ്രഹിക്കുവാൻ കഴിഞ്ഞെങ്കിലും ഈ നാമരൂപമായ സർവപ്രപഞ്ചവും ബ്രഹ്മം തന്നെയെന്നറിഞ്ഞു ബ്രഹ്മത്തിൽത്തന്നെ മനസ്സിനെ വിലീനമാക്കുന്ന അത്യുന്നതമായ സമാധിവിദ്യതന്നെ അദ്ദേഹം പിന്നീട് പൂർണ്ണമായും വശമാക്കുകയുണ്ടായി. തൻെറ മനോഭൃംഗത്തെ സ്വാനന്ദമധുമാധുരിയിൽ സ്വസ്ഥനാക്കി ആത്മാവിൻെറ നിർവികാരത അനുഭവിച്ചറിയുവാൻകഴിഞ്ഞ അദ്ദേഹം ജ്ഞാനത്തേയും യോഗത്തേയും സമന്വയിക്കുവാൻകൂടി സമർത്ഥനായിത്തീർന്നു എന്നു് ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാണു്.

★

## മരുത്വാമലയിലെ യോഗി.

അസമത്വവും അന്ധവിശ്വാസങ്ങളും തട്ടി നിരത്തി സമത്വസുന്ദരമായ ഒരു നൂതന സാമൂഹ്യ വ്യവസ്ഥ സൃഷ്ടിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി നാണു ആശാൻ ഗാഢമായി ചിന്തിച്ചുതുടങ്ങിയിട്ട് നാളുകൾ അധികമായി. ഏതുതരത്തിലുള്ള ഒരന്തരീക്ഷമായിരുന്നു അദ്ദേഹത്തെ ഈദൃശചിന്താഗതിയിലേക്കു നയിച്ചതെന്ന് നമുക്കൊന്നു പരിശോധിക്കാം.

വലുതു് ചെറുതിനെ പിടിച്ചു ഭക്ഷിക്കുകയും, ബലവാൻ ബലമില്ലാത്തവനെ മർദ്ദിച്ചമർത്തുകയും, മനുഷ്യനും മനുഷ്യനും തമ്മിൽതൊടുവാനോ, ഒന്നിച്ചിരുന്നു ഭക്ഷണംകഴിക്കുവാനോ, ഒരേ വിദ്യാലയത്തിൽ ചെന്നു വിദ്യ അഭ്യസിക്കുന്നതിനോ, ദേവാലയങ്ങളിൽ പോയി ഈശ്വരാരാധന നടത്തുവാനോ, പൊതുനിരത്തിൽക്കൂടി നടക്കുവാനോ, പരസ്പര സ്നേഹബന്ധമുള്ള സ്ത്രീപുരുഷന്മാർതമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെടുവാനോ സ്വാതന്ത്ര്യമില്ലാതിരുന്ന ഒരന്തരീക്ഷം. ചൂഷണാത്മകമായ ആ വ്യവസ്ഥിതിയുടെ ദുരിതഫലങ്ങൾ ജനങ്ങളെ വീർപ്പുമുട്ടിച്ചുകൊണ്ടിരുന്നു. മലീമസമായ ഈ അന്തരീക്ഷം നാണുആശാനെ വളരെയേറെ വേദനിപ്പിച്ചു. സഹജാതരുടെ അന്തമില്ലാത്ത ഈ ദുഃഖത്തിൻെറ കാരണം സാധാരണ വിപ്ലവകാരികൾ കാ

ണന്ന സാമൂഹ്യ–സാമ്പത്തിക സംവിധാനമല്ലെന്നും പ്രത്യുത ഒരു മാനസിക വൈകല്യമാണെന്നും അദ്ദേഹത്തിനു തോന്നി. അതിനു പരിഹാരം കാണേണ്ടതു് ഉപരിപ്ലവമായ പരിവർത്തനങ്ങളിലൂടെയല്ലെന്നും സകലതും പ്രകാശിപ്പിക്കുന്ന പരമമായ സത്യത്തിലൂടെയായിരിക്കണമെന്നും മനസ്സിലാക്കിയ നാണുആശാൻ സത്യാന്വേഷണത്തിനായി മരുത്വാമലയിലേക്കു പുറപ്പെട്ടു.

മരുത്വാമലയിൽ "പിള്ളത്തടം" എന്നൊരു ഗുഹയുണ്ടു്. ആരുംകാണാതെ ഇതിൽ മറഞ്ഞിരിക്കാം. പരിസരശുദ്ധിയുള്ള ഈ ഗുഹയുടെ മുഖം സമുദ്രത്തിനഭിമുഖമായിട്ടായിരുന്നു. വായു സഞ്ചാരത്തിനു യാതൊരു തടസ്സവുമില്ലാതിരുന്ന ഈ ഗുഹയാണു് തപസ്സിനായി നാണുആശാൻ തെരഞ്ഞെടുത്തതു്. ഈ ഗുഹയിൽ തപസ്സുചെയ്യുന്ന കാലത്തു് പല അത്ഭുതങ്ങളും സംഭവിച്ചിട്ടുള്ളതായി ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. അതൊക്കെ അദ്ദേഹത്തിന്റെ ജീവിതത്തിലെ അപ്രധാനമായ സംഭവങ്ങളായതുകൊണ്ടു് അതൊന്നും ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല.

മരുത്വാമലയിൽ തപശ്ചര്യയനുഷ്ഠിക്കുന്നകാലത്തെ ആഹാരം വെറും പച്ചിലകളും കിഴങ്ങുകളും കായ്കളും മാത്രമായിരുന്നു. "കുമറിയെരിഞ്ഞു കവിഞ്ഞൊഴുന്ന മതത്തീ"യോടുകൂടിയാണു് ആശാൻ പിള്ളത്തടത്തിൽ തപസ്സുചെയ്തുതുടങ്ങിയതെങ്കിലും അതെല്ലാം വേഗം ശാന്തമായി. അതിൻെറ സ്ഥാനത്തു അമൃതസമാനമായ ആനന്ദം ഹൃദയത്തിൽ വന്നു അലയടിക്കുവാൻ തുടങ്ങി. മരുത്വാമലയിലെ ഉത്തുംഗമായ

തരുനിരകളിൽ നിലാവൊളി സ്വർഗ്ഗീയസൗന്ദര്യം ചാർത്തുന്ന രാത്രികളെ സ്വാത്മദർശനത്തിനായി ചെല വഴിച്ച ഓരോ ദിവസവും കാലത്തിൻെറ ദൈർഘ്യ ത്തെ തന്തുകരിച്ച നിത്യവർത്തമാനത്തിൽ മനസ്സിനെ തളച്ചുനിർത്തുന്നവയായിരുന്നു. എന്നുവേണ്ട എല്ലാററി നേയും സമരസത്തിൽ ഏകീകരിക്കുന്ന ആത്മഭാവം എന്നേക്കുമായി ലഭിച്ച നാണുആശാൻ മരുത്വാമല യിൽനിന്നും നിർഗ്ഗമിച്ചതു് സത്യാന്വേഷിയായിട്ടല്ല സത്യസാക്ഷാത്കാരം ലഭിച്ച ഉത്തമഗുരുവായി, ജഗദ്ഗുരുവായിട്ടായിരുന്നു.

ഗുരു ദർശിച്ചതു് ഏകത, ജനത പാലിച്ചു പോന്നതു് കുടിലവും കർക്കശവുമായ ഉച്ചനീചത്വങ്ങൾ. ഗുരുവിൻെറ വീക്ഷണങ്ങളിൽ നിറഞ്ഞുനിന്നിരുന്നതു ജീവകാരുണ്യം. ജനതയുടെ പെരുമാററത്തിൽ അവി ടുന്നു കണ്ടതു് നീതിയില്ലാത്ത ചൂഷണപരിപാടികൾ. അവിടത്തെ ഹൃദയത്തിൽ വികസിതമായതു് ആത്മ സൂര്യൻെറ പ്രഭാപൂരം. അവിടുന്നു സമൂഹമദ്ധ്യത്തിൽ കണ്ടതു് സ്വാർത്ഥതയുടെയും ദുരഭിമാനത്തിൻെറയും കരാളതയിൽ ആശ്വാസം കാണാതെ കേഴുന്ന കരുത്തി രുണ്ട മനുഷ്യക്കോലങ്ങൾ. താൻ കണ്ടെത്തിയ വെ ളിച്ചം സഹജാതരായ ജനഹൃദയങ്ങളിലേയ്ക്കു പകൎന്നു കൊടുത്തു് അവരെക്കൂടി സമാശ്വസിപ്പിക്കുവാൻ, അ വരെക്കൂടി പ്രബുദ്ധരാക്കുവാൻ നാരായണഗുരുവിനു വെമ്പലായി. അതിനു് ഒരു പരിപാടി സ്വീകരിക്കു ന്നതിനു മുൻപായി സ്മൃതികളുടെ നെടുംതൂണുകളിൽ കെട്ടിപ്പൊക്കി നിറുത്തിയിരുന്ന അനാചാരക്കോട്ട തക ർക്കുന്നതിനുള്ള പ്രാഥമികപാഠങ്ങൾ സ്വജീവിതത്തെ ത്തന്നെ ഉദാഹരിച്ചു പഠിപ്പിക്കുവാൻ തുടങ്ങി.

തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരുമായി കഴിഞ്ഞിരുന്ന പാവങ്ങളുടെ ചാളകളിൽ നിസ്സന്ദേഹം കടന്നുചെന്നു് അവരുടെ ലളിതമായ ആഹാരം കഴിച്ചു് പശിയടക്കുകയും അതുകണ്ടു സംഭ്രാന്തരാകുന്ന പാവങ്ങൾക്കു സർവ്വാന്തര്യാമിയായ ഭഗവാൻെറ സ്നേഹവൈവശ്യം പകർന്നുകൊടുത്തു് അവരെ സംതൃപ്തരാക്കുകയും ചെയ്യുക ഗുരുവിനു അത്യന്തം പ്രിയമായ ഒരു പരിപാടിയായിരുന്നു.

അവധൂതനായി തിരുവനന്തപുരത്തു നടക്കുന്ന കാലത്തു് രാത്രികാലങ്ങളിൽ മിക്കവാറും കടപ്പുറത്തു് മുക്കുവരുടെ പൊങ്ങുതടികളിലാണു് കിടന്നുറങ്ങിയിട്ടുള്ളതു്. മുസ്ലിംകളുടെ കൂടെ പലപ്പോഴും താമസിച്ചിട്ടുണ്ടു്. അക്കാലങ്ങളിൽ ഖുറാനിലെ വാക്യങ്ങൾ സ്വന്ത യുക്തി അനുസരിച്ചു് വ്യാഖ്യാനിക്കുന്നതു കേട്ടു് പല മുസ്‌ലിം പണ്ഡിതന്മാരും അത്ഭുതപ്പെട്ടിട്ടുണ്ടു്. ക്രിസ്ത്യാനികളും സ്വാമികളുടെ ബൈബിളിലുള്ള അപാരമായ പാണ്ഡിത്യത്തെ വാനോളം പുകഴ്ത്തിയിട്ടുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും അവധൂതനായി നടന്ന ഗുരുവിനെ ഭ്രാന്തനാണെന്നുപറഞ്ഞു് പരിഹസിച്ചിട്ടുള്ളവരുടെ എണ്ണവും കുറവല്ല. കിറുക്കനാണെന്നു പറഞ്ഞു് കല്ലെറിഞ്ഞവരുമുണ്ടു്. പലരും നേരേ ചെന്നുനിന്നു് പരിഹസിച്ചിട്ടുണ്ടു്. എന്നാൽ ജീവിതത്തിൻെറ പരമലക്ഷ്യത്തിൽ എത്തിച്ചേരണമെന്നുള്ള അടിയുറച്ച തീരുമാനത്തിൽ ധീരതയോടെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന ഗുരുവിനെ തെല്ലും ഉലയ്ക്കാൻ ഇവക്കൊന്നും കഴിഞ്ഞിരുന്നില്ല. കീറിയ വസ്ത്രങ്ങൾ ധരിച്ചു കാൽനടയായി രാജ്യമെങ്ങും ചുററിസഞ്ചരിച്ചു മനുഷ്യരിൽ ഏററവും പാവപ്പെട്ടവരെ തൻെറ

ഷങ്ങാതികളായി സ്വീകരിച്ചു. വിശപ്പു കലശലാകു മ്പോൾ മാത്രം വല്ല ഗ്രാമപ്രദേശങ്ങളിലും ചെന്നു് സജ്ജനങ്ങളോടു ഭിക്ഷയാചിച്ചു കഴിഞ്ഞു തൃപ്തിപ്പെട്ടു. ഭിക്ഷുവായി സഞ്ചരിച്ചുകൊണ്ടിരുന്ന സ്വാമികളിൽ വിശ്വക്ഷേമകരങ്ങളായ വിശിഷ്ടശക്തികൾ അടങ്ങിയി രിക്കുന്ന വിവരം മനസ്സിലാക്കിയ നിരീക്ഷണപടുക്ക ളായ ചിലർ ജാതിമതഭേദം കൂടാതെ അദ്ദേഹത്തെ ഭക്തിപൂർവ്വം സ്വീകരിച്ചാദരിക്കുവാൻ തുടങ്ങി. "ജനോ പകാരപ്രദമായി പരിണമിക്കാവുന്ന അനർഘശക്തി കളെ ഉള്ളിൽ വഹിച്ചുകൊണ്ടു് ആവശ്യക്കാർ കണ്ട റിഞ്ഞു ഉപയോഗപ്പെടുത്തിക്കൊള്ളത്തക്കവണ്ണം "കാ വേരി മഹാനദി" പോലെ നാരായണഗുരു അവധൂത നായി ഒഴുകിക്കൊണ്ടിരിക്കതന്നെ ചെയ്തു".

★

# അരുവിപ്പുറത്തെ സന്യാസി

അവധൂതനായി നടന്നിരുന്ന നാണു സ്വാമികൾ ജനമദ്ധ്യത്തിൽനിന്നും പെട്ടെന്നു അപ്രത്യക്ഷനായി അരുവിപ്പുറം എന്ന പ്രദേശത്തു എത്തിച്ചേർന്നു. ഏകാഗ്രതക്കു പററിയ ഒരു സ്ഥലമാണ് അരുവിപ്പുറമെന്നദ്ദേഹം തീരുമാനിച്ചു.

അരുവിപ്പുറം അക്കാലത്തു് അത്യുഗ്രമായ ഒരു കൊടുംകാടായിരുന്നു. ആ കാട്ടുപ്രദേശത്തുകൂടെയാണ് നെയ്യാർ ഒഴുകുന്നതു്. ഈ ആറു് ഇരമ്പിക്കുതിച്ചു വീഴുന്ന സ്ഥലമാണ് കാഴ്ചയ്ക്കു മനോഹരമായ ശങ്കരൻ കുഴി. പാമ്പു, പുലി, മുതലായ ദുഷ്ടജന്തുക്കൾ നിർബാധം സഞ്ചരിച്ചിരുന്ന ഒരു വെറും വനമായിരുന്നു അതു്. ക്രൂരസർപ്പങ്ങളുടെയും വന്യമൃഗങ്ങളുടെയുംകേളീരംഗമായിരുന്ന അരുവിപ്പുറം വനത്തിൽ സ്വാമികൾ സ്ഥിരവാസം ഉറപ്പിച്ചു. അവിടുത്തെ പാറയിടുക്കുകളും ഉന്നതങ്ങളായ കുന്നുകളും വൃക്ഷലതാദികളും ഏകാന്തപ്രിയനായ സ്വാമികളെ ആകർഷിച്ചിരുന്നു. ആ പാറയിടുക്കുകളിൽ അനേകദിവസം ആഹാരമൊന്നും കൂടാതെ സ്വാമികൾ തപസ്സ് ചെയ്തിട്ടുണ്ടു്.

അരുവിപ്പുറത്തിനു അല്പം കിഴക്കുഭാഗത്തു നദിയുടെ തീരത്തുകൂടി നെയ്യാററിൻകര പട്ടണത്തിലേക്കു

ഒരു ഊടുവഴിയുണ്ടായിരുന്നു. ആ ഊടുപാതയിൽക്കൂടി ഒരിയ്ക്കൽ കുഞ്ചു എന്നു പേരുള്ള ഒരു വിദ്യാർത്ഥി കടന്നുപോകുകയായിരുന്നു. നദിയുടെ അക്കരെയിൽ നിന്നിരുന്ന ഒരു മനുഷ്യരൂപം ബാലൻെറ ശ്രദ്ധയിൽപ്പെട്ടു. ഒരു വെള്ള മുണ്ടുടുത്തും അതുപോലെ വേറൊന്നു പുതച്ചും നിന്നിരുന്ന ആ രൂപത്തെക്കണ്ടു ആ ബാലൻ അധികസമയം അവിടെത്തന്നെ വിസ്മയിച്ചു നിന്നുപോയി. വളരെനേരം നിശ്ചലനായി നോക്കിനിന്നശേഷം നേരം രാത്രിയായി തുടങ്ങിയതിനാൽ വിദ്യാർത്ഥി വന്ന വഴിക്കുതന്നെ നടന്നുപോയി. ഏതാനും ചുവടുകൾ മുമ്പോട്ടു വച്ചതിനുശേഷം ബാലൻ പെട്ടെന്നു ഒന്നു തിരിഞ്ഞുനോക്കി. അത്ഭുതമെന്നു പറയട്ടെ ആ രൂപം അവിടെനിന്നും അപ്രത്യക്ഷമായിരിക്കുന്നു. അന്നു രാത്രി കുഞ്ചുവിനു സ്വസ്ഥമായി ഉറങ്ങാൻ കഴിഞ്ഞില്ല. തൻെറ ഹൃദയത്തേയും ആത്മാവിനെയുംതന്നെ മിന്നൽവേഗത്തിൽ ആകർഷിച്ചതും പിന്നീടു പെട്ടെന്നപ്രത്യക്ഷമായതുമായ ആ രൂപം ആ ബാലൻെറ ഹൃദയത്തിൽ നിരവധി ചിന്തകൾ ഇളക്കിവിട്ടുകൊണ്ടിരുന്നു.

പിറേറദിവസം അതിരാവിലെ വീട്ടുകാരെല്ലാം ഉറക്കമുണരുന്നതിനു മുമ്പായി വീട്ടിൽനിന്നും ആ ബാലൻ ഇറങ്ങിത്തിരിച്ചു, തലേദിവസം തന്നെ ആകർഷിച്ച സ്ഥലത്തെ ലക്ഷ്യമാക്കി നടന്നു. ഒരു ഗുഹയ്ക്കകത്തു ആ പഴയ രൂപം കിഴക്കോട്ടുനോക്കി നിശ്ചലനായിരിക്കുന്ന കാഴ്ചയാണു അവൻ കണ്ടതു്. പുലികളുടെ വാസസ്ഥലമെന്നു പരക്കെ അറിയപ്പെട്ടിരുന്ന ആ സ്ഥലത്തിരിക്കുന്ന ആൾ ആരായാലും സാധാരണ മനുഷ്യനല്ലെന്നു ബാലൻ ദൃഢമായി വിശ്വസിച്ചു. അടുത്തു ചെല്ലാനുള്ള ധൈര്യം ഇല്ലാഞ്ഞതിനാൽ ഭാരിച്ച ഹൃദ

യത്തോടെ ബാലൻ മടങ്ങിപ്പോകുകയാണുണ്ടായതു്. തുടർന്നു പലദിവസങ്ങളിലും ഇങ്ങനെ ദൂരെച്ചെന്നുനിന്നു തന്റെ "ഇഷ്ടദേവത"യെ ദർശനം നടത്തിയിട്ടുണ്ടു്. ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോഴേക്കും "അരുവിപ്പുറത്തു ഒരു സന്യാസി" വന്നിരിക്കുന്നു എന്ന വാർത്ത അവിടെയൊക്കെ പരന്നുകഴിഞ്ഞു.

കുഞ്ചുവിനു ദിവസവും വൈകിട്ടു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ജോലിയുണ്ടു്. പുല്ലറുക്കാൻ പോകുക. വളരെ കൃത്യനിഷ്ഠയോടെ ഏതാനും വർഷങ്ങളായി അതു നടന്നുവരികയാണു്. ഈയിടെയായി ആററരുകിൽ പുല്ലറുക്കുവാൻ പോകുന്നതിനു് കുഞ്ചുവിനു ഒരു പ്രത്യേകതാല്പര്യമുണ്ടായിരുന്നു. ആററിനക്കരെ ധ്യാനനിഷ്ഠയിൽ ഇരിക്കുന്ന ആ സന്യാസിയെ ദർശിക്കുന്നതു മനസ്സിനു കുളർമ്മ നല്കുന്ന ഒരു കൃത്യമായി ആ ബാലനു അനുഭവപ്പെട്ടു. ഒരുദിവസം ധൈര്യം സംഭരിച്ചു അവൻ സന്യാസിയുടെ അരികിൽ ചെന്നു. സന്യാസി ഒന്നു നിവർന്നുനോക്കിയപ്പോൾ ബാലൻ അറിയാതെ തൊഴുതുപോയി. സന്യാസി സ്നേഹപൂർവ്വം അവനെ കൈകാട്ടി വിളിച്ചു. കുഞ്ചു അടുത്തുചെന്നുനിന്നു. അവനോടു കുശലം ചോദിച്ചു. ആ കരുണാനിധിയുടെ മധുരമായ ചോദ്യം കുഞ്ചുവിന്റെ കുരുന്നുമനസ്സിൽ പനിനീർ തളിച്ചു. അന്നുണ്ടായ അവാച്യമായ സുഖം വീണ്ടും വീണ്ടും അനുഭവിക്കുവാൻ ആ ബാലൻ അവസരം കിട്ടുമ്പോഴൊക്കെ അവിടെ ചെല്ലുക പതിവായിരുന്നു.

ഇതിനിടയിൽ സ്വാമികളിൽ വിശ്വാസവും ഭക്തിയുമുള്ള ആളുകൾ അവിടെ വന്നുതുടങ്ങി. ഒരിക്കൽ കുഞ്ചു സ്വാമികളുടെ അടുത്തുചെന്നപ്പോൾ അദ്ദേഹത്തിന്റെ സമീപത്തു ഒരു പുലികിടക്കുന്നതുകണ്ടു അവൻ

ഞെട്ടിപ്പുറകോട്ടുമാറിയപ്പോൾ "പേടിക്കേണ്ട, പുലി ഉപദ്രവിക്കയില്ല, വരൂ" എന്നിങ്ങനെ സ്വാമികൾ ആശ്വസിപ്പിച്ചുവത്രെ. "തിന്നുന്നതിനു മരക്കിഴങ്ങു കിട്ടുമോ?" എന്നു സ്വാമികൾ ചോദിച്ചതും മിന്നൽവേഗത്തിൽ കുഞ്ചുപോയി രണ്ടുമൂന്നു ആനക്കൊമ്പുപോലെയുള്ള കിഴങ്ങുകൊണ്ടുവന്നതും ക്ഷണത്തിൽക്കഴിഞ്ഞു. സ്വാമികളുടെ കല്പന അനുസരിച്ചു തീകൊണ്ടുവന്നു അദ്ദേഹത്തിൻെറ മുമ്പിൽവച്ചുതന്നെ ചുട്ടു. സ്വാമികൾ കുറച്ചു ഭക്ഷിച്ചതിനുശേഷം ബാക്കി കുഞ്ചുവിനു കൊടുത്തു. സ്വാമികൾ പ്രേമപൂർവ്വം നൽകിയ ആ പ്രസാദം കഴിക്കുവാൻ ഭാഗ്യമുണ്ടായതു തൻെറ പൂർവ്വകാല പുണ്യം കൊണ്ടുമാത്രമായിരുന്നു എന്നു കുഞ്ചു വിശ്വസിച്ചു.

സ്വാമിയുമായുള്ള കുഞ്ചുവിൻെറ ബന്ധം കൂടുതൽ ദൃഢതരമാകുന്തോറും അവൻെറ കുടുംബവുമായുള്ള ബന്ധം കുറേശ്ശ അയഞ്ഞുതുടങ്ങിയിരുന്നു. വീട്ടുകാർ കണ്ടതു സന്യാസിയെ അല്ല. അസ്പൃശ്യനായ ഒരു ഹീനജാതിക്കാരനെയാണ്. സന്യാസിയുടെ പ്രസാദം അവരെ സംബന്ധിച്ചിടത്തോളം നിഷിദ്ധമായിരുന്നു. അതു തൊട്ടുകൂടാ, തിന്നുകൂടാ, ഈ കടുത്ത ആന്ധ്യത്വത്തിൽ നിന്നും മോചനം ലഭിക്കുവാൻ കുഞ്ചുവിനു ഗുരുവിൻെറ പ്രസാദത്തെക്കാൾ വലിയ മരുന്നൊന്നും ആവശ്യമില്ലായിരുന്നു. കുഞ്ചുവിനെ വീട്ടിൽ കയററാതായി. അവൻ വീട്ടിൽനിന്നും നിർദ്ദയം തള്ളപ്പെട്ടപ്പോൾ സമാധാനിച്ചതു് ഇങ്ങനെയായിരുന്നു. "തല്ക്കാലം ഒരു വീടു് പോയെങ്കിൽ ക്രമേണ നാടാകെ എൻെറ വീടാകും. നാട്ടാരൊക്കെ വീട്ടുകാരുമാകും. സകല ബന്ധങ്ങളും മറിക്കുവാൻ ഗുരുപാദസേവ ജീവിതവ്രതമായി ഞാൻ അംഗീകരിച്ചും കഴിഞ്ഞു." നാണുസ്വാമിയെ ആദ്യമായി

ഗുരുവെന്നു വിളിച്ചു പാദനമസ്കാരം ചെയ്തു യുവാവായ കുഞ്ഞുവാണു് സ്വാമികളുടെ പ്രഥമശിഷ്യനും സന്തത സഹചാരിയുമായി പിൽകാലത്തു "ശിവലിംഗസ്വാമി" എന്ന പേരിൽ അറിയപ്പെട്ടിരുന്നതു്. നാണുസ്വാമി യെ പിന്നീടു നാരായണഗുരു എന്നു് ഭക്തന്മാർ വിളി ച്ചുതുടങ്ങി.

അരുവിപ്പുറത്തെ സിദ്ധൻ നാട്ടിലെങ്ങും സം ഭാഷണവിഷയമായി. വയൽവാരത്തിലെ നാണു ആ ശാനാണു് മരുത്വാമലയിലെ തപസ്സുംകഴിഞ്ഞു് അരു വിപ്പുറത്തു പ്രത്യക്ഷപ്പെട്ടിരിക്കുന്ന ദിവ്യനെന്നും അദ്ദേ ഹത്തിനു അത്ഭുതകരങ്ങളായ സിദ്ധികളുണ്ടെന്നും മററും കേട്ടുതുടങ്ങിയപ്പോഴേക്കും രാജ്യത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നു് ഭക്തിപരവശരായി ജനങ്ങൾ വന്നു തുടങ്ങി. ഗുരുവിനെ ഒന്നു കണ്ടാൽമതി ഏതു ഒഴിയാ ബാധകളും രോഗങ്ങളും പമ്പകടക്കും എന്നും മററുമുള്ള വാർത്തകൾ നാടുമുഴുവൻ ഇതിനിടയിൽ പരന്നുകഴി ഞ്ഞു. അപ്പോഴേക്കും ഭക്തന്മാരായും, രോഗനിവാരണ മാഗ്രഹിക്കുന്നവരായും, വെറും സന്ദർശകരായും അസംഖ്യം ആളുകൾ അരുവിപ്പുറത്തേക്കു ഒഴുകിത്തുടങ്ങി. സന്ദ ർശനത്തിനും, രോഗശമനത്തിനും മററും വന്ന തീർത്ഥാ ടകർ പൂർണ്ണസംതൃപ്തരായിട്ടാണു് മടങ്ങിപ്പോയിട്ടുള്ളതു്. സ്വാമികളുടെ ഉപദേശങ്ങളും ശാസ്ത്രവാദങ്ങളും കേട്ടു് പലരും ശിഷ്യന്മാരായിത്തീർന്നു.

അരുവിപ്പുറത്തേയ്ക്കു് ഗുരുദേവദർശനത്തിനാ യി ഒഴുകിക്കൊണ്ടിരുന്ന ഭക്തജനങ്ങൾക്കു് ആഹാരം നൽകുന്നതിനു സ്വാമിഭക്തന്മാരായ ഗൃഹസ്ഥന്മാർ അരി മുതലായ സാധനങ്ങൾ പതിവായി കൊണ്ടുവരു വാൻ തുടങ്ങി. അങ്ങനെ ഗുരുവിൻെറ സാന്നിദ്ധ്യം

കൊണ്ടു അരുവിപ്പുറം ഒരു പുണ്യസ്ഥലമായി മാറിക്കഴിഞ്ഞു.

അരുവിപ്പുറം പൊതുജനശ്രദ്ധയെ ബലമായി ആകർഷിച്ചു തുടങ്ങിയപ്പോൾ ജാതിയുടെയും മതത്തിൻെറയും പേരിൽ അസ്വാതന്ത്ര്യവും അവശതയും അനുഭവിക്കുന്ന ലക്ഷോപലക്ഷം ജനത്തെ സ്നേഹം കൊണ്ടു ആകർഷിച്ചു മൈത്രിയിൽബന്ധിച്ചു ജ്ഞാനം കൊണ്ടു പ്രബുദ്ധരാക്കിത്തീർക്കുന്നതിനു അവിടത്തെ തപസ്സും ദർശനവും പ്രയോജനപ്പെടുത്തുവാൻ ഗുരു തീരുമാനിച്ചു. മകരന്ദം നിറഞ്ഞ പുതുപുഷ്പം സ്വയം ചലിക്കാതെ മധുപവൃന്ദത്തെ തന്നിലേക്കാകർഷിക്കുന്നതുപോലെ ഗുരു തൻെറ ഹൃദയത്തിലൂറിനിന്ന കരുണാമൃതത്തിൻെറ വശ്യതയാൽ കവികളെയും, വാഗ്മികളെയും കർമ്മകുശലരായ സാമൂഹ്യപ്രവർത്തകരെയും മുമുക്ഷുക്കളെയും തന്നിലേക്കു ആകർഷിക്കാൻ തുടങ്ങി. എന്തിനുപറയുന്നു അരുവിപ്പുറം ഒരു നവയുഗത്തിൻെറയും ഒരു നവജനതയുടെയും പിറവിക്കുള്ള ഗർഭഗൃഹമായി തീർന്നുഎന്നുതന്നെ പറയാം.

★

## ക്ഷേത്രപ്രതിഷ്ഠകൾ.

ഹൈന്ദവ വിധിപ്രകാരമുള്ള കമ്മങ്ങൾ ബ്രാഹ്മണക്കു മാത്രം അവകാശപ്പെട്ടതാണെന്നു് വിശ്വസിച്ചുപോന്ന ഒരു കാലമായിരുന്നു അന്നു്. ഈ വിശ്വാസം പാടേ മാററിയാൽമാത്രമേ നിലവിലുള്ള അന്ധവിശ്വാസങ്ങളെല്ലാം വേരോടെ പിഴുതുമാററാൻ സാധിക്കുകയുള്ളു എന്നു് നാരായണഗുരു മനസ്സിലാക്കി. ജാതിവ്യത്യാസം കൂടാതെ വൈദികകമ്മങ്ങൾ ഏതു മനുഷ്യനും ചെയ്യാവുന്നതാണെന്നു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കാൻ വ്യക്തമായ ഒരു പരിപാടി അദ്ദേഹം തയാറാക്കി.

## അരുവിപ്പുറം.

മാനവസമുദായത്തിൽപ്പെട്ട എല്ലാവക്കും സ്വതന്ത്രമായി ആരാധിക്കുന്നതിനു വേണ്ടി, ആയിരക്കണക്കിനാളുകളെ ആകർഷിച്ചുകൊണ്ടിരുന്ന അരുവിപ്പുറത്തുതന്നെ ആദ്യമായി ഒരു ക്ഷേത്രം സ്ഥാപിക്കണമെന്നും, ആ ക്ഷേത്രത്തിൽ നാരായണഗുരുതന്നെ വിശുദ്ധമായ പ്രതിഷ്ഠാകർമ്മം നടത്തി ബ്രാഹ്മണമേധാവിത്വത്തെ സ്വയംവെല്ലുവിളിക്കണമെന്നും തീരുമാനംചെയ്തു.

ഹിന്ദുമതത്തിൽ ഒരു മഹാശാപമായിത്തീന്നിട്ടുള്ള ജാതിവ്യത്യാസത്തെ ധ്വംസിക്കാനും അതുവഴി

അവശതയനുഭവിക്കുന്ന അനേകലക്ഷം ജനങ്ങളെ ഉദ്ധരിക്കാനുതകുന്ന നവീനവും മാതൃകാപരവുമായ ഒരു പദ്ധതിയായിട്ടാണു് ഭക്തജനങ്ങൾ നാരായണ ഗുരുവിൻെറ ഈ ധീരമായ തീരുമാനത്തെ സ്വാഗതം ചെയ്തതു്. നിരാശയുടെ ക്രൂരിതുളിൽ കുത്തിയിരുന്നു് വിങ്ങിവിങ്ങിക്കരഞ്ഞുകഴിഞ്ഞ മർദ്ദിതലക്ഷങ്ങൾ അദ്ദേഹത്തിൻെറ ധീരമായ ഈ നീക്കത്തിൽ ആശയുടെ പൊൻകതിരുകൾ ദർശിച്ചു.

കൊല്ലവർഷം 1063-ാമാണ്ടു് കുംഭമാസത്തിലെ ശിവരാത്രിദിവസം അസ്തമനത്തിനു ശേഷം പ്രതിഷ്ഠനടത്താൻ തീരുമാനിച്ച വിവരം കാട്ടുതീപോലെ നാടൊക്കെ പരന്നു. ആ സുദിനം വന്നു. അരുവിപ്പുറം ദേശം ഭക്‌തജനങ്ങളെക്കൊണ്ടു നിറയപ്പെട്ടു.

പ്രതിഷ്ഠനടത്താൻ ഒരു ക്ഷേത്രമോ ആവശ്യമായ വിഗ്രഹമോ ഉണ്ടായിരുന്നില്ല. നദിയുടെ കിഴക്കുവശമുള്ള ഒരു പാറയെ പീഠമാക്കി സങ്കല്പിച്ചു. അതിന്മേൽ ആററിൽകിടന്ന ഒരു ശിലാഖണ്ഡം പൊക്കിയെടുത്തു പ്രതിഷ്ഠ നടത്താനാണു സ്വാമികൾ തീരുമാനിച്ചതു്. എന്നാൽ ഈ തീരുമാനം മററാരുംതന്നെ അറിഞ്ഞിരുന്നില്ല ഭക്‌തിപരവശരായി നിന്നിരുന്ന ജനങ്ങൾക്കു്, എല്ലാം അറിയുന്ന നാരായണഗുരുവിനോടു് അതിനെപ്പററി ചോദിക്കാനും ധൈര്യം വന്നില്ല.

ഉദ്ദേശിക്കപ്പെട്ട പാറമേൽ സ്വാമികളുടെ നിർദ്ദേശപ്രകാരം മനോഹരമായ ഒരു പന്തൽ തയ്യാറാക്കി. പ്രാരംഭചടങ്ങുകൾക്കായി കുറെ പുഷ്പങ്ങളും വിളക്കുകളും മാത്രമാണു ശേഖരിച്ചിരുന്നതു്.

അദ്ധരാത്രിയോടുകൂടി ഗുരുദേവൻ കുളിക്കുന്നതിനായി ആററിലേക്കിറങ്ങി. നടന്നുനടന്നു് ആഴമുള്ള സ്ഥലത്തേക്കു പൊയ്ക്കൊണ്ടിരുന്നതുകണ്ടു് ആളുകൾ ഭയവിഹ്വലരായി. എല്ലാ ഭക്തന്മാരും നിശ്ശബ്ദരായി ഉല്ക്കണ്ഠാപൂർവ്വം നോക്കിനില്ക്കവേ ഒന്നു മുങ്ങി, പൊങ്ങിവന്ന ഗുരുദേവൻ ഒരു ശിലാഖണ്ഡം പൊക്കിയെടുത്തു മന്ദസ്മേരവദനനായി സാവധാനം പന്തലിനുള്ളിലേക്കു പ്രവേശിച്ചപ്പോൾ "ശിവലിംഗം" ഭക്തജനങ്ങൾ മന്ത്രിച്ചു. മണിക്കൂറുകൾ ഒരേനിലയിൽ ധ്യാനനിരതനായി നിന്നശേഷം മൂന്നുമണിയോടുകൂടി ശിവലിംഗാകൃതിയിലുള്ള ആ വിഗ്രഹം നാരായണഗുരു പീഠത്തിൽ പ്രതിഷ്ഠിച്ചു. അഭിഷേകവും നടത്തി. വിഗ്രഹം ആററിൽനിന്നു പൊക്കിയെടുത്തു കൊണ്ടുവരുന്ന അവസരത്തിൽ അത്ഭുതകരമായ ഒരു പ്രകാശം സ്വാമികളെ വലയം ചെയ്തിരുന്നതായും മററും പല കഥകളും കേൾക്കുന്നുണ്ടെങ്കിലും അതിനൊന്നും ഇവിടെ പ്രാധാന്യംകൊടുക്കണമെന്നു വിചാരിക്കുന്നില്ല.

അരുവിപ്പുറത്തെ ക്ഷേത്രപ്രതിഷ്ഠാവാർത്ത കേട്ടു ലക്ഷോപലക്ഷം ആളുകൾ നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും സ്വാമിദർശനത്തിനായി വന്നു നേർച്ചകളും വഴിപാടുകളും നടത്തിത്തുടങ്ങി. അധികം താമസിയാതെതന്നെ ഭക്തജനങ്ങളുടെ സഹായത്തോടെ അവിടെ കരിങ്കല്ലിൽ ശ്രീകോവിലും അതിനു ചുററും മണ്ഡപവും പണികഴിപ്പിച്ചു.

ക്ഷേത്രങ്ങളിൽ ബിംബപ്രതിഷ്ഠ നടത്തുന്നതിനു ബ്രാഹ്മണർക്കു മാത്രമുണ്ടായിരുന്ന അർഹതയേയും അവകാശത്തേയും വെല്ലുവിളിച്ചുകൊണ്ടാണു് നാരായണഗുരു അരുവിപ്പുറത്തു് ഒരു ക്ഷേത്രപ്രതിഷ്ഠ നടത്തി

ത്തു്. ഭാരതത്തിലെങ്ങും അതുവരെ മററൊരബ്രാഹ്മണൻ അപ്രകാരമൊരു കർമ്മം നടത്തുവാൻ ധൈര്യപ്പെട്ടിരുന്നില്ല. ജാതിക്കോട്ടയുടെ കനത്ത ഭിത്തിമേൽ പരോക്ഷമായി നടത്തിയ ആദ്യത്തെ പീരങ്കിപ്രയോഗമായിരുന്നു അതു്. ജാതിപ്പിശാചു് പരിഭ്രമിച്ചു പരക്കംപായുകയും ജാതിക്കോമരങ്ങൾ അമർഷം കൊണ്ടു പല്ലിറുമ്മുകയും ചെയ്തു. വൈദികന്മാരെ മൗനഭാഷയിൽ പരിഹസിച്ച ഈ പ്രതിഷ്ഠാകർമ്മം വിപ്ലവാത്മകമായ ഒരു കാൽവെയ്പായിരുന്നു.

ഒരു അബ്രാഹ്മണനായ സ്വാമികൾ ബ്രാഹ്മണമേധാവിത്വത്തെ ധിക്കരിച്ചുകൊണ്ടു് അരുവിപ്പുറത്തു് ഒരു ശിവപ്രതിഷ്ഠ നടത്തിയതിൽ ക്ഷുഭിതനായ ഒരു ബ്രാഹ്മണപുരോഹിതൻ സ്വാമികളെ സമീപിച്ചു. "ബ്രാഹ്മണർക്കല്ലാതെ മററാക്കെങ്കിലും ശിവപ്രതിഷ്ഠ നടത്താൻ വിധിയുണ്ടോ?" എന്നു ചോദിച്ചതിനു് "ഞാൻ ബ്രാഹ്മണശിവനെയല്ല, ഈഴവശിവനെയാണു പ്രതിഷ്ഠിച്ചതു്" എന്നായിരുന്നു സ്വാമികളുടെ ദൃഢസ്വരത്തിലുള്ള ശാന്തമായ മറുപടി. ഇതു കേട്ട ചോദ്യകർത്താവായ ബ്രാഹ്മണപുരോഹിതൻ നിശ്ശബ്ദം അവിടെനിന്നു സാവധാനം നടന്നു മറയുകയുണ്ടായി. ഇതിനകം സ്വാമികൾക്കു അനേകം സന്ന്യാസിശിഷ്യന്മാരെ ലഭിച്ചുകഴിഞ്ഞു. ഈ സന്ന്യാസിശിഷ്യന്മാർ അലസന്മാരായിരുന്നു വൃഥാ കാലംകഴിക്കാൻ ഗുരു അനുവദിച്ചിരുന്നില്ല. അതുകൊണ്ടു് അരുവിപ്പുറത്തു് ഒരു സന്ന്യാസിമഠവും അതോടൊന്നിച്ചു് സമുചിതമായ ഒരു പാഠശാലയും പണികഴിപ്പിച്ചു.

പുഴയിൽ കണ്ട ഒരു കല്ലു് പുഴക്കരയിൽ കണ്ട മററൊരു കല്ലിന്മേൽ ഘടിപ്പിച്ച അതു് ഹിന്ദുമത

ത്തിലെ ശിവലിംഗപ്രതിഷ്ഠയാണെന്നു പ്രഖ്യാപിക്കുകയും അതു കാലവിളംബമെന്യേ ഒരു സ്ഥാപനമായി മാറുകയും ചെയ്തപ്പോൾ വിപ്ലവകരമായ ഒരാശയം അവിടെ ലിഖിതംചെയ്യപ്പെട്ടു.

"ജാതിഭേദം മതദ്വേഷ-
മേതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാമിതു്"

അങ്ങിനെ ഒരു ഏകലോക മഹാക്ഷേത്രത്തിന്റെ ശിലാസ്ഥാപനകർമ്മമാണു ഗുരു നിർവ്വഹിച്ചതു്.

അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠ കഴിഞ്ഞതോടെ രാജ്യത്തിന്റെ നാനാഭാഗത്തും ക്ഷേത്രങ്ങൾ നിർമ്മിക്കാനുള്ള ഒരു വാസന ജനങ്ങൾക്കിടയിൽ വളർന്നുകഴിഞ്ഞിരുന്നു. "നിങ്ങളും മനുഷ്യരാണു്, നിങ്ങൾക്കും മററുള്ളവരെപ്പോലെ ജീവിക്കാൻ അവകാശമുണ്ടു്" എന്നു പരസ്യമായി മർദ്ദിതലക്ഷങ്ങളോടു പ്രഖ്യാപിക്കേണ്ട സമയം ആസന്നമായെന്നു ഗുരു തീരുമാനിച്ചു. അതിന്റെ ഫലമായി അരുവിപ്പുറം ക്ഷേത്രകാര്യങ്ങളുടെ ഭരണം നടത്തുന്നതിനു ഒരു സംഘം രൂപീകരിച്ചു. സംഘത്തെ ഭരണം ഏല്പിച്ചതിനുശേഷം ലക്ഷോപലക്ഷം ജനങ്ങൾക്കു ആത്മീയനേതൃത്വം നൽകി അവരെ ഉയർത്തുന്നതിലേക്കുവേണ്ടി സമുദായ മദ്ധ്യത്തിലേക്കു അദ്ദേഹം ഇറങ്ങി. സുചിന്തിതമായ ഒരു പദ്ധതിയുമായിട്ടാണു് നാരായണഗുരു വീണ്ടും സമുദായ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടതു്. അരുവിപ്പുറത്തെ ശിവലിംഗപ്രതിഷ്ഠ ഞെട്ടിപ്പിക്കുന്ന ഒരു കൂട്ടവെടിതന്നെയായിരുന്നു.

മനുഷ്യരിൽ ജാതിയാകാമെങ്കിൽ എന്തുകൊണ്ടു ഈശ്വരവിഗ്രഹങ്ങളിൽ ജാതിപാടില്ല? എന്ന ചോദ്യമാണു "ഈഴവനു ശിവനെ പ്രതിഷ്ഠിക്കാമോ?" എന്ന ചോദ്യത്തിനു "ഈഴവശിവനെയാണു പ്രതിഷ്ഠിച്ചതു്." എന്ന ഉത്തരത്തിൽ ധ്വനിച്ചിരുന്നതു്. സവർണ്ണക്ഷേത്രങ്ങളിൽ ഈശ്വരനു വിഗ്രഹങ്ങൾക്കു തീണ്ടലുണ്ടെങ്കിൽ തീണ്ടലില്ലാത്തവയെ എന്തുകൊണ്ടു തീണ്ടൽ ജാതിക്കാർക്കു പ്രതിഷ്ഠിച്ചുകൂടാ? ഇത്തരം വിപ്ലവാത്മകമായ പല ചോദ്യോത്തരങ്ങളും ആ മറുപടി ഉന്നയിക്കുന്നുണ്ടു്.

സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവും മററുമായ സമസ്തമേഖലകളിൽനിന്നു നിർദ്ദയം നിഷ്കരുണം ആട്ടിയോടിക്കപ്പെട്ടു്, അജ്ഞതയിൽ മുങ്ങിക്കിടന്ന അനേകായിരം ഹിന്ദുക്കളെ കൈകൊടുത്തു കരകയററുന്നതിനുവേണ്ടി നാരായണഗുരു കേരളത്തിൻെറ ഒരററം മുതൽ മറേറ അററംവരെ ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചു ആദ്യമായി ആരാധനാസ്വാതന്ത്ര്യം ഉണ്ടാക്കിക്കൊടുത്തു. അടിച്ചമർത്തപ്പെട്ടുകിടക്കുന്ന ഒരു വിഭാഗത്തിൻെറ നവോത്ഥാനം നാടിൻെറയും ജനതയുടെയും മൊത്തത്തിലുള്ള ഒരു നവോത്ഥാനമായിതന്നെ കലാശിക്കുമെന്നുള്ളതു ഒരു ചരിത്രസത്യമാണല്ലോ. ഗുരുദേവൻെറ ഈ എണ്ണമററ ക്ഷേത്രപ്രതിഷ്ഠകളിലൂടെ കേരളത്തിൻെറമാത്രമല്ല ഭാരതത്തിന്റെതന്നെയും സാംസ്കാരിക മുന്നേററത്തിനു വഴി തെളിക്കുകയാണു ചെയ്തതു്.

ആദ്യം നാരായണഗുരു അരുവിപ്പുറത്തു ശിവനെ പ്രതിഷ്ഠിച്ചുകൊണ്ടു "നിങ്ങൾ ഇവിടെ വന്നു ഈശ്വരനെ ആരാധിക്കുക." എന്നാഹ്വാനം ചെയ്തു.

തുടൎന്നു നാട്ടിന്റെ പല ഭാഗങ്ങളിലും ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചുകൊണ്ടു ഇതേ ആഹ്വാനം അദ്ദേഹം ആവത്തിച്ചു. "നിന്നെ വേണ്ടാത്ത ഈശ്വരന്റെ അടുത്തേക്കു നീ പോകരുതു്." എന്നത്ഥമാക്കിക്കൊണ്ടാണു "ഇവിടെവരൂ" അവിടെ തീണ്ടലും തൊടീലുമുണ്ടു്, ഇവിടെ യാതൊന്നുമില്ല, അവിടെ ആട്ടും തുപ്പും ഏൽക്കണം, ഇവിടെ നിനക്കു അഭിമാനവും സ്വാതന്ത്ര്യവും സംരക്ഷിക്കാം, എന്നു പറഞ്ഞിട്ടുള്ളതു്. ഗുരുദേവന്റെ സ്നേഹപൂർവമായ ഈ ആഹ്വാനം ജനങ്ങൾ ചെവിക്കൊണ്ടു.

★

## മഹാകവി കുമാരനാശാൻ

വക്കത്തുള്ള ദേവേശ്വരംക്ഷേത്രത്തിൽ പ്രതിഷ്ഠക്കുപോകുന്ന അവസരത്തിൽ കുമാരു എന്നൊരു ബാലനെ കണ്ടുമുട്ടുകയും ആ ബാലനിലുള്ള ബുദ്ധിശക്തിയും കവിതാവാസനയും മനസ്സിലാക്കിയ സ്വാമികൾ "പോരാമോ" എന്നു അവനോടു ചോദിക്കുകയും ബാലൻ സമ്മതിക്കുകയും ചെയ്തു. കുമാരുവിനു അന്നു പതിനെട്ടു വയസ്സു പ്രായമുണ്ടായിരുന്നു. കായിക്കരെ സ്വദേശിയായ കുമാരുവിൻെറ പിതാവ് നാരായണൻ പരോപകാരിയും ധർമ്മിഷ്ഠനുമായിരുന്നു. നാരായണൻെറ വീട്ടിൽ സ്വാമികൾ ചിലപ്പോഴൊക്കെ പോകുമായിരുന്നു. അങ്ങനെയാണ് കുമാരുവിലുള്ള കവിതാ വാസന മനസ്സിലാക്കിയതും. അന്നൊക്കെ ശൃംഗാര കവിതകളെഴുതിക്കൊണ്ടിരുന്ന കുമാരുവിനെ അതിൽനിന്നും പിന്തിരിപ്പിക്കുകയുമുണ്ടായി. സ്വാമികളുടെ അന്നത്തെ ഉപദേശമാണ് കുമാരുവിൻെറ സർവ്വ അഭ്യുദയങ്ങൾക്കും വിത്തുപാകിയതു്. സ്വാമികളുടെ അന്തേവാസിത്വമാണ് ആ ബാലൻ കേരളത്തിൻെറ മഹാകവിയായി ഉയരാൻ ഇടയാക്കിയതും.

1070-ൽ അന്നു് മൈസൂർ സർവീസിലായിരുന്ന ഡാക്ടർ പൽപ്പുവിൻെറ ക്ഷണപ്രകാരം സ്വാമികൾ ബാംഗ്ളൂർവരെ പോയി. കുമാരുവിൻെറ ഭാവി

യിൽ പൂർണ്ണമായും വിശ്വാസമുണ്ടായിരുന്ന സ്വാമികൾ ആ യുവാവിനെ ഡാക്ടരുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസത്തിനായി കല്ക്കട്ടയിലേക്കയച്ചു. പില്ക്കാലത്തു സ്വാമികളുടെ ജീവിതസന്ദേശം ലളിതമായ ഭാഷയിൽ ഉറക്കെപ്പാടി ജനഹൃദയങ്ങളിലേക്കു പകർന്ന മഹാകവി കുമാരനാശാനാണു അന്നത്തെ ഈ കുമാരു. നാരായണഗുരുവിൻെറ സന്ദേശങ്ങൾ സമുദായോദ്ധാരണത്തിനുവേണ്ടി പ്രയോജനപ്പെടുത്തിയ ഒരു പ്രമുഖ ശിഷ്യനുംകൂടിയായിരുന്നു മഹാകവി.

## ഡാക്ടർ പല്പു

ഈ സന്ദർഭത്തിൽ ബാംഗ്ളൂരിലെ സ്വാമികളുടെ ആതിഥേയൻ ഡാ: പല്പുവിനെ സംബന്ധിച്ചു ചില വിവരങ്ങൾ കുറിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

പേട്ടയിലെ തച്ചക്കുടി കുടുംബത്തിലാണു ഡാക്ടരുടെ ജനനം. ഈഴവർക്കു സ്കൂളിൽ പ്രവേശനം ഇല്ലാതിരുന്നതിനാൽ ഫെർണാണ്ടസ് എന്ന ഒരു സായ്പിൻെറ കീഴിൽ ഇംഗ്ലീഷുവിദ്യാഭ്യാസം നടത്തി മെട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമായ നിലയിൽ പാസ്സായി വേണ്ടതിലധികം യോഗ്യതയുണ്ടായിരുന്നതിനാൽ മെഡിക്കൽ കാളേജിൽ ചേരാനുള്ള ഒരപേക്ഷ അയച്ചെങ്കിലും സവർണ്ണമേധാവിത്വം തേർവാഴ്ച നടത്തിക്കൊണ്ടിരുന്ന അന്നത്തെ തിരുവിതാംകൂറിൽ പല്പു ഒരു ഡാക്ടറായാൽ അവൻ– ആ ഈഴവൻ– കൊടുക്കുന്ന മരുന്നു ഒരു ബ്രാഹ്മണനും കഴിക്കേണ്ടിവരുന്ന ഒരു സാഹചര്യം പരിഗണിച്ചു അപേക്ഷ നിരസിക്കു

റ്റപ്പെടുകയാണുണ്ടായതു്. ജാതിക്കോമരങ്ങൾ വെട്ടിയ ആ വെട്ടു് പല്പുവിൻെറ ഹൃദയത്തിൽ വല്ലാതെ മുറിവേല്പിച്ചു. ഈ പരിതഃസ്ഥിതിയിൽ മെഡിക്കൽ പരീക്ഷ പാസ്സാകുകതന്നെവേണമെന്നൊരു വാശി ആത്മാഭിമാനത്തിൻെറയും പൗരുഷത്തിൻെറയും മൂർത്തീകരണമായ പല്പുവിനുണ്ടായി. ഉടനെ അദ്ദേഹം മദ്രാസിലേക്കു പുറപ്പെട്ടു. ഡാക്ടർബിരുദവും നേടിക്കൊണ്ടാണു് പിന്നീടു തിരുവനന്തപുരത്തേക്കു മടങ്ങിയതു്. പിന്നീടു ഡാക്ടർ സക്കാർ സർവ്വീസ്സിൽ ഉദ്യോഗത്തിന്നപേക്ഷിച്ചു. തൻെറ ജ്യേഷ്ഠനു ലഭിച്ച അതേ മറുപടിതന്നെയാണു പല്പുവിനും ലഭിച്ചതു്. "ഈഴവനായ അപേക്ഷകനു ഇപ്പോൾ ഗവൺമെൻറു സർവീസ്സിൽ പ്രവേശനമില്ല".

ഒരുറച്ച തീരുമാനവുമായി അദ്ദേഹം നാട്ടുവിട്ടു. ഒരു ഹെൽത്താഫീസറായി മൈസൂർ ഗവൺമെൻറിൻെറ കീഴിൽ ബാംഗ്ലൂരിൽ നിയമനം കിട്ടി. തികഞ്ഞ സത്യസന്ധതയും ചുമതലാ ബോധവുമുണ്ടായിരുന്ന അദ്ദേഹത്തിൻെറ ഔദ്യോഗിക രംഗത്തെ ഉയർച്ച വളരെ വേഗത്തിലായിരുന്നു. പിറന്ന നാട്ടിൽ ഉദ്യോഗം നിഷേധിക്കപ്പെട്ട ആ "ഈഴവ ചെക്കൻ" അക്കാലത്തു ഏതൊരാൾക്കും അസൂയാർഹമായ പദവിയിലേക്കുയർന്നു. ഉദ്യോഗക്കയററങ്ങളും പലമാതിരി ബഹുമതികളും കരഗതമായെങ്കിലും ഡാക്ടരുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ ആ പഴയവ്രണം ഉണങ്ങാതെ കിടക്കുന്നുണ്ടായിരുന്നു. തൻെറ സമുദായത്തിൻെറ സ്വാതന്ത്ര്യത്തിനും സമുന്നതിക്കുംവേണ്ടി പല രൂപത്തിലുള്ള സമരങ്ങളും നടത്തിനോക്കി. പത്രലേഖനങ്ങളും നിവേദനങ്ങളും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപ

കരിക്കുന്നില്ലെന്നു ബോദ്ധ്യമായി. സംഘടനകൊണ്ടു ശക്തിപ്പെടാതെ ഒററക്കുനിന്നു പ്രവൎത്തിച്ചതുകൊണ്ടു കാര്യമായൊന്നും നേടാൻ കഴിയുകയില്ലെന്നു അദ്ദേഹം മനസ്സിലാക്കി. ഈ അവസരത്തിൽ നാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠാ പദ്ധതികളും അദ്ദേഹത്തിന്റെ ആത്മീയനേതൃത്വവും തന്റെ ഉദ്ദേശസാദ്ധ്യത്തിനു വഴിതെളിക്കുമെന്നു ഡാക്ടർ വിശ്വസിച്ചു. ഡാക്ടർ ഗുരുവുമായി ഗാഢമായ ഒരു ബന്ധംതന്നെ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. അങ്ങിനെയാണു ഡാക്ടർ പല്പുവിന്റെ വിശിഷ്ടാതിഥിയായി ഗുരുദേവൻ ബാംഗ്ളൂരിലേക്കു പോയതു്.

1070-ൽ ബാംഗ്ളൂർ, ചിതംബരം, മധുര, തിരുനെൽവേലി തുടങ്ങിയ പ്രദേശങ്ങളിൽ സഞ്ചരിച്ചു് അനവധി ശിഷ്യന്മാരെ സമ്പാദിച്ചു മടങ്ങി കേരളത്തിൽ എത്തിയ ഗുരു നാടിന്റെ നാനാഭാഗങ്ങളിലും ജനങ്ങളുടെ ആവശ്യപ്രകാരം ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചുകൊടുത്തു. അപ്പോഴേക്കും ജാതിമതഭേദമെന്യേ നാരായണഗുരുവിന്റെ മഹത്വം സകലരും അംഗീകരിച്ചു തുടങ്ങിയിരുന്നു.

സ്വാമികളുടെ അഹിംസാപരമായ വാക്കുകളെയും പ്രവൃത്തികളെയും സമുദായം ചെവിക്കൊള്ളുകയും ഏതൊരാജ്ഞയും അനുസരിക്കാൻ തയ്യാറാവുകയും ചെയ്തപ്പോൾ ക്ഷേത്രങ്ങളിൽ നടന്നുവന്ന ജന്തുബലി തുടങ്ങിയ അന്ധമായ ആചാരങ്ങളെ ഇല്ലാതാക്കണമെന്നു അദ്ദേഹം ഉപദേശിച്ചുതുടങ്ങി.

ജനങ്ങൾ വളരെയധികം പണം ഉത്സവാദികാര്യങ്ങൾക്കായി ചിലവുചെയ്യുന്നതുകണ്ടു അത്തരം

മൂഢപ്രവൃത്തികൾ നിവൃത്തിക്കാനായി ഗുരുദേവൻ താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചു.

"ഉത്സവത്തിനു കരിമരുന്നും മററും ഉപയോഗിച്ചു പണം അനാവശ്യമായി ചിലവു ചെയ്യരുതു്. ക്ഷേത്രത്തിൽ ജനങ്ങൾക്കു സുഖമായി വന്നിരിക്കാനും പഠിക്കാനും പ്രസംഗിക്കാനും ഉപയുക്തമായ വിശാലമായ മുറികളാണു വേണ്ടതു്. എല്ലാ ക്ഷേത്രങ്ങളോടും ബന്ധപ്പെട്ട വിദ്യാലയങ്ങൾ ഉണ്ടായിരിക്കണം. പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകളും ഉണ്ടായിരിക്കേണ്ടതാണു്. ജനങ്ങളിൽനിന്നു വഴിപാടായി കിട്ടുന്ന ധനം സാധുജനങ്ങൾക്കായി പ്രയോജനപ്പെടുത്തണം".

ഗുരുദേവൻ സ്ഥാപിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ എന്തുകൊണ്ടും ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണു് "ദക്ഷിണകാശി" എന്ന പേരിൽ അറിയപ്പെടുന്ന വക്കലയിലെ ശിവഗിരിക്കുന്നിൽ സ്ഥിതിചെയ്യുന്ന ശാരദാമഠം. 1087-ലാണു് ഈ പ്രതിഷ്ഠ നടന്നതു്. അതിനുമുമ്പു് അദ്ദേഹം സ്ഥാപിച്ച ക്ഷേത്രങ്ങളെല്ലാം സവർണ്ണരുടെ ആരാധനാക്രമങ്ങളനുസരിച്ചുള്ളവയായിരുന്നു. അതിലൊക്കെ നിവേദ്യം, ഉത്സവം മുതലായ സാധാരണ ചടങ്ങുകളുണ്ടായിരുന്നു. എന്നാൽ ഉത്തമമായ ഈശ്വരാരാധനയുടെ മാർഗ്ഗം അതല്ലെന്നു തെളിയിക്കാനാണു് ശാരദാപ്രതിഷ്ഠ നടത്തിയതു്. അവിടെ ഭക്തന്മാർ സ്തോത്രംചൊല്ലി ധ്യാനിക്ക, എന്ന ഏർപ്പാടു മാത്രമേയുള്ളു. ശിവഗിരിയിലും അരുവിപ്പുറത്തും വിദ്യാഭ്യാസത്തിനും വ്യവസായ പരിശീലനത്തിനും ഗുരുദേവൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. വക്കല ശിവ

ഗിരിക്കുന്നിൽ കാണുന്ന ഇംഗ്ലീഷു് ഹൈസ്കൂൾ ഗുരുദേവൻ സ്ഥാപിച്ചിട്ടുള്ളതാണു്.

ശിവഗിരി ശാരദാപ്രതിഷ്ഠയ്ക്കു ശേഷമുണ്ടായ പ്രധാനസംഭവം ആലുവായിലെ അദ്വൈതാശ്രമസ്ഥാപനമാണു്. 1090-ലാണു് ഇതു നടന്നതു്. ആലുവാ അദ്വൈതാശ്രമത്തിൽ ക്ഷേത്രവുമില്ല പ്രതിഷ്ഠയുമില്ല. വിദ്യാൎത്ഥികൾക്കു ജാതിമതഭേദമില്ലാതെ താമസിച്ചു പഠിക്കാനും അദ്വൈതമനുസരിച്ചുള്ള അനുഷ്ഠാനങ്ങൾ നടത്താനും മാത്രമേ അവിടെ സൗകൎയ്യമുള്ളു.

സ്വാമികളുടെ ക്ഷേത്രനിൎമ്മാണ പരിപാടികൾ പലവിധത്തിലായിരുന്നു രൂപംപ്രാപിച്ചുവന്നതു്. പൂജകളും ഉത്സവങ്ങളുമുള്ള ക്ഷേത്രങ്ങൾ ഒരുവക. വെറും പ്രതിഷ്ഠകൾ മാത്രമുള്ളതും പൂജാകൎമ്മങ്ങൾഇല്ലാത്തതുമായി പിന്നൊരുവക. പ്രതിഷ്ഠപോലുമില്ലാത്ത മറ്റൊരുവക. ഇതിൽ രണ്ടാമത്തെ ഇനത്തിൽ പെടുന്നതു ശിവഗിരി ശാരദാമഠവും ഒടുവിലത്തേതിൽ പെടുന്നതു് ആലുവാ അദ്വൈതാശ്രമവുമാണു്. മററുള്ള ക്ഷേത്രങ്ങൾ ആദ്യത്തെ വകുപ്പിലും ഉൾപ്പെടുന്നു. ഇങ്ങനെ മനുഷ്യരുടെ ആദ്ധ്യാത്മികചിന്തയ്ക്കു ആവശ്യമായ അടിസ്ഥാനപശ്ചാത്തലങ്ങൾ ഒരുക്കുക മാത്രമാണു് ഈ പ്രവൎത്തനങ്ങൾകൊണ്ടു് സ്വാമികൾ ഉദ്ദേശിച്ചിരുന്നതു്.

1097 ആയപ്പോഴേയ്ക്കും ക്ഷേത്രപ്രതിഷ്ഠാപരിപാടിയിൽ വ്യക്തമായ ഒരു വ്യതിയാനം സംഭവിച്ചു. ഈ വൎഷത്തിൽ മുരുക്കുംപുഴയെന്ന സ്ഥലത്തു് ബിംബത്തിനു പകരം സത്യം, ധൎമ്മം, സ്നേഹം, ദയ എന്നീ സന്ദേശങ്ങൾ ലേഖനംചെയ്യപ്പെട്ട ഒരു പലകയാണു്

പ്രതിഷ്ഠിച്ചതു്. ക്ഷേത്രങ്ങളിൽ പോകുന്നതു് ദൈവത്തെ ബിംബമാക്കി പൂജിക്കുന്നതിനുവേണ്ടിയല്ലെന്നും ഈ മഹത്തായ സന്ദേശങ്ങൾ അവനവൻ സാക്ഷാത്കരിക്കുന്നതിനുള്ള മാർഗ്ഗം ആരായുന്നതിനു വേണ്ടിയാണെന്നും ഉള്ള പരമമായ സത്യം വ്യക്തമാക്കുകയാണു് ഇതുവഴി ഗുരുദേവൻ ചെയ്തതു്.

കേരളത്തിലെ ലക്ഷക്കണക്കിനുള്ള അവർണ്ണരെ മതപരിവർത്തനംനടത്താനുള്ള വെമ്പലോടെ ക്രൈസ്തവമത മിഷനറികളും, ഇസ്ലാംമത പ്രചാരകരും, ബൗദ്ധ ഭിക്ഷുക്കളും, ആര്യസമാജക്കാരും മററും കേരളത്തിലേയ്ക്കു പ്രവേശിച്ചപ്പോൾ "നീതന്നെ നിൻെറ ദൈവം" അഥവാ "അഹംബ്രഹ്മാസ്മി" എന്ന മഹോന്നത തത്വം പ്രായോഗികമായി ജനങ്ങളെ ബോദ്ധ്യപ്പെടുത്താനായി 1103-ൽ കളവങ്കോടത്തു് ഒരു ക്ഷേത്രത്തിൽ ഗുരുദേവൻ വിഗ്രഹത്തിനു പകരം ഒരു നിലക്കണ്ണാടിയാണു പ്രതിഷ്ഠിച്ചതു്. ഗുരുദേവൻെറ ധീരമായ ഈ ചുവടുവയ്പു് അന്നു മതപരിവർത്തനത്തിനെത്തിയ പലരെയും നിരാശപ്പെടുത്തുകയാണുണ്ടായതു്.

★

## സമുദായ പരിഷ്കർത്താവു്

സമുദായ പരിഷ്കാരമെന്നതു പുറമേയുള്ള മോടികൂട്ടലല്ല, ആന്തരികമായ ഒരു പരിവർത്തനത്തിലൂടെയേ അതു സാധ്യമാവൂ എന്നു ശ്രീനാരായണൻ മനസ്സിലാക്കി. ത്രികരണത്രയശുദ്ധിയിൽക്കൂടി വ്യക്തികളെ സംസ്കരിച്ചെടുക്കുക, ബഹുജനസംഘടനയിലൂടെ 'വിപ്ലവം' ഇളക്കിവിടുക. ഇതായിരുന്നു ഗുരുദേവൻ സ്വീകരിച്ച പരിപാടി. സേവനമെന്ന അടിക്കല്ലിലാണു ശ്രീനാരായണൻ തന്റെ പുതിയ സമുദായം കെട്ടിപ്പടുക്കുവാനാഗ്രഹിച്ചതു്. സേവനമെന്ന ആദർശത്തിന്റെ അടിയിൽ കിടക്കുന്നതു മനുഷ്യസമുദായമേകമാണെന്ന ബോധമാണു്. ആ ബോധത്തിനു ഉയിർനൽകി നിറുത്തുന്നതു ഈശ്വരദർശനവും, പ്രകൃതിയെ ഒന്നായി ദർശിക്കുക, എല്ലാററിനേയും തന്റെ തന്നെ അംശമായി കണ്ടറിയുക, ഇതാണു് മാനവസംസ്കാരത്തിന്റെ പാരമ്യത്തിലെ അവസ്ഥ. ഈ സത്യത്തിലേക്കു് മനുഷ്യലോകത്തെ ഒന്നായി ഉയർത്താനാണു ഗുരുദേവൻ ഉന്നംവച്ചതു്.

ആയിരമായിരം വർഷങ്ങളായി നിലനിന്നു വരുന്ന പൈശാചികങ്ങളായ മാമൂലുകളെയും മൃഗീയ മർദ്ദന സമ്പ്രദായങ്ങളെയും തച്ചുടച്ചു മനുഷ്യനു മനുഷ്യനായി ജീവിക്കാനും വികസിക്കാനുമുള്ള സാഹച

ത്യങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള കർമ്മപരിപാടിയുമായി ശ്രീനാരായണൻ ഇറങ്ങിക്കഴിഞ്ഞു.

ജാതിക്കും മതത്തിനും എതിരായി തൊട്ടുകൂടാതെയും തീണ്ടിക്കൂടാതെയും സവർണ്ണ സമുദായങ്ങളുടെ അടിമകളായി ഇരുകാലി മാടുകളെപ്പോലെ ജീവിതം നയിച്ച ഹരിജനങ്ങളേയും അവശസമുദായങ്ങളേയും പുനരുദ്ധരിക്കാനുള്ള സമരം കേരളത്തിലാണു ആദ്യമായി പൊട്ടിപ്പുറപ്പെട്ടതു്.

ശ്രീനാരായണ ഗുരുദേവന്റെ നേതൃത്വത്തിൽ അദ്ദേഹത്തിൻെറ ആദർശത്തീയുണ്ടകൾ വർഷിച്ചുകൊണ്ടു തൻെറ അനുയായികൾ നടത്തിയ ധീരസമരം ഭാരതത്തിൽമുഴുവൻ ഒരു മഹാവിപ്ലവത്തിൻെറ ചെന്തീപ്പൊരികൾ പറപ്പിച്ചുകൊണ്ടുള്ള ആ പോരാട്ടം ഒരിക്കലും ആർക്കും മറക്കാനാകുകയില്ല. ആ സമരാങ്കണത്തിലെ മുന്നണിപ്പോരാളിയായ മഹാകവി കുമാരനാശാൻ "മുഷ്കിന്നു കീഴടങ്ങാതെ മരിപ്പോളമെതിർക്കാൻ" സന്നദ്ധഭടന്മാർക്ക് ആഹ്വാനം നൽകിക്കൊണ്ടു പാടിയതിങ്ങനെയാണു്.

"കാലം വൈകിപ്പോയി കേവലമാചാര
ന്നൂലുകളെല്ലാം പഴകിപ്പോയി
കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല
പ്പെട്ട ചരടിൽ ജനതനിൽക്കാ
മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ."

ഈ സമരകാഹളം കേരളജനതയെ ആകമാനം പിടിച്ചുലച്ചു. കേരളത്തിലെ ഓരോതരിമണലും അസ്വാസ്ഥമായി. സവർണ്ണരുടെ കണ്ണു തുറന്നു. അവരുടെ

പാഠങ്ങൾക്കിടയിലും വിപ്ലവത്തിൻെറ കോലാഹല ങ്ങൾ മുഴങ്ങി. സവണ്ണസമുദായം മുഴുവൻ ഹരിജന ങ്ങളെ പാതാളത്തോളം അടിച്ചമർത്തിയിട്ടിരുന്ന ആ കറുത്തിരുണ്ട കാലഘട്ടത്തിൽ ഗോകണ്ണംമുതൽ കന്യാ കുമാരിവരെ ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചു, വിദ്യാലയ ങ്ങൾ നിർമ്മിച്ചു, വ്യവസായങ്ങൾ ഏപ്പെടുത്തി, ഹരി ജനങ്ങൾക്കും അവശസമുദായക്കാക്കും, തങ്ങളെ അത്ര വരെയും മർദ്ദിച്ചുകററിയ ജാതി ഹിന്ദുക്കൾക്കുപോലും അവയിൽ പ്രവേശനവും തുല്യാവകാശവും നൽകിയ ശ്രീനാരായണ ഗുരുദേവൻ "ജാതിഭേദം മതദ്വേഷമേ തുമില്ലാതെ സർവ്വരും സോദരത്വേനവാഴുന്ന" ഒരു മാതൃകാലോകത്തെ സൃഷ്ടിക്കാൻ ജനസാമാന്യത്തെ ഉത്ബോധിപ്പിച്ചു.

## അയിത്തോച്ചാടനവും സ്കൂൾപ്രവേശനവും

സ്വാമികളുടെ നിർദ്ദേശമനുസരിച്ചു അയി ത്തോച്ചാടനം, സ്കൂൾപ്രവേശനം, എന്നീ കാര്യങ്ങ ളിൽ പ്രവത്തനം ആരംഭിച്ചതു 1080-ലാണ്. ഹരി പ്പാട്ട് ഇംഗ്ലീഷു സ്കൂളാണ പ്രവേശനത്തിനുവേണ്ടി ആദ്യമായി തിരഞ്ഞെടുത്തതു്. അന്നു മാവേലിക്കര തേഡ്ഫാറത്തിൽ പഠിച്ചുകൊണ്ടിരുന്ന ടി. കെ. മാധ വൻെറ നേതൃത്വത്തിലാണ് സമരം തുടങ്ങിയതു്. ഒരു സംഘം വിദ്യാത്ഥികളുമായി ടി. കെ. ഹെഡ്മാസ്റ്റ രുടെ മുറിയിലേക്കു കയറിച്ചെന്നു. ഈഴക്കുട്ടികളെ സ്കൂളിൽ ചേക്കണമെന്നു ടി. കെ. ഹെഡ്മാസ്റ്ററോടാ വശ്യപ്പെട്ടു. ഷെല്ലുവഷിക്കുന്നതുപോലുള്ള മാധവന്റെ ഇംഗ്ലീഷു ഹെഡ്മാസ്റ്ററെ വല്ലാതെ വിഷമിപ്പിച്ചു.

ഹെഡ്മാസ്റ്റർ വാദിച്ചു പരാജയപ്പെട്ടപ്പോൾ അദ്ദേഹത്തെക്കാളും ചുണയുണ്ടെന്നു അഭിമാനിച്ചിരുന്ന ഒന്നാം അസിസ്റ്റന്റ് ടി. കെ. യോടു ഏററുമുട്ടി. കീഴ്നടപ്പിനു് വിപരീതമായി ക്ഷേത്രപരിസരത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളിൽ ഈഴവരെ ചേക്കാൻ നിവൃത്തിയില്ലെന്നു അദ്ദേഹം വാദിക്കാൻ തുടങ്ങി. എതിക്കുന്നാളിന്റെ പകുതിബലംകൂടി സ്വായത്തമാക്കുന്ന ബാലിയുടെ അജയ്യ പരാക്രമത്തോടെ ടി. കെ. ആ വാദഗതിയെഎല്ലാം ശക്തിയായി ഖണ്ഡിച്ചു. അന്നു ടി. കെ. നിരാശനായി മടങ്ങി. വിശദമായ ഒരു റിപ്പോർട്ടു് മഹാകവി കുമാരനാശാൻ മുഖേന സ്വാമികൾക്കു സമർപ്പിച്ചു. "നമുക്കിതുകൊണ്ടു അടങ്ങിയിരിക്കാൻ പാടില്ല. എഴുത്തുകുത്തും പ്രക്ഷോഭണവും നടത്തി പ്രവേശനം നേടുകതന്നെവേണം. കാലാനുസൃതമായ വിദ്യാഭ്യാസമില്ലാതെ അവർക്കു ഗതിഎന്തു്?" എന്നു ഗുരുദേവൻ ചോദിച്ചു. സ്വാമികളുടെ സങ്കല്പശക്തിയാലും, ഉടനടി ഉണ്ടായ എഴുത്തുകുത്തിനാലും ആ മാസത്തിൽതന്നെ ഹരിപ്പാട്ടു സ്ക്കൂളിൽ അവർക്കു പ്രവേശനം അനുവദിച്ചുതുടങ്ങി.

ഹരിജനോദ്ധാരണം മഹാത്മാ ഗാന്ധിയെക്കൊണ്ടു് അംഗീകരിപ്പിക്കാൻ ഗുരുദേവന്റെ നിർദ്ദേശപ്രകാരം ടി. കെ. മാധവൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ പ്രഖ്യാതങ്ങളാണു്. ഒരിക്കൽ ഗാന്ധിജി തിരുനെൽവേലി സന്ദർശിച്ച അവസരത്തിൽ, അന്നു ശ്രീമൂലം സഭയിലെ ഒരംഗമായിരുന്ന ടി. കെ. മാധവൻ ഗാന്ധിജിയുമായി ഒരഭിമുഖസംഭാഷണം നടത്തി.

ഹരിജനങ്ങളുടെ സവ്വതോമുഖമായ അവശതകളെയും തത്പരിഹരണാത്ഥം ഗുരുദേവന്റെ ആദ്ധ്യാ

ത്മികനേതൃത്വത്തിൽ നടന്നുവരുന്ന ഗംഭീരപോരാട്ട ങ്ങളെയും ക്ഷേത്രപ്രവേശനം ലഭിച്ചുകഴിഞ്ഞാൽ ഉണ്ടാകാനിടയുള്ള ഗുണങ്ങളെയും കുറിച്ചു ദീർഘനേരം സംഭാഷണംനടത്തി. ടി. കെ. തൻെറ പരിപാടി ഗാന്ധിജിയെക്കൊണ്ടു് അംഗീകരിപ്പിച്ചു.

സുപ്രസിദ്ധമായിത്തീന്ന "ഗാന്ധി–മാധവ സംഭാഷണ"ത്തിനു ശേഷം ക്ഷേത്രപ്രവേശനപ്രക്ഷോഭം ത്വരിതപ്പെടുത്താൻ പ്രജാസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ടി. കെ. ഇങ്ങനെ പ്രസ്താവിച്ചു. "ക്ഷേത്രപ്രവേശനം ഒരു ഹിന്ദുവിൻെറ ജന്മാവകാശമാണു്. ഒരു ഹിന്ദുവായ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്കുകൂടി പ്രവേശനമില്ലാത്ത ക്ഷേത്രങ്ങൾ തിരുമനസ്സടക്കമുള്ള സർവ്വ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കാനുള്ള വാദം രാജദ്രോഹമോ, രാജ്യദ്രോഹമോ അല്ല". എതിർത്തുനിന്ന സവർണ്ണർകൂടി ടി. കെ. യുടെ പ്രസംഗാനന്തരം പ്രമേയത്തെ അനുകൂലിച്ചുപോയി.

ഈഴവരെ സംഘടിപ്പിച്ചു ഒരു സ്ഥാപനമുണ്ടാക്കുകയും അവരുടെ അവശതാപരിഹാരത്തിനു വിജയപൂർവ്വം പ്രവർത്തിക്കുന്നതിനു് അതിനെ മതത്തോടു ബന്ധിപ്പിക്കയും, ഒരു ഗുരുവിൻെറ അദ്ധ്യക്ഷതയിലാക്കുകയും ചെയ്താൽ വിജയം നിഷ്പ്രയാസം കരഗതമാകുമെന്നു് "ഇൻഡ്യയിലെ മഹാന്മാരായ വിപ്ലവകാരികളിൽ അനശ്വരനായ ഒരു വ്യക്തി"യും നാരായണഗുരുവിൻെറ ഉത്തമശിഷ്യനുമായ ഡാക്ടർ പല്പു തീരുമാനിച്ചു. ഇതേ സന്ദർഭത്തിൽ അസംഘടിതമായി ചിന്നിച്ചിതറിക്കിടന്ന സമുദായത്തെ ഒന്നായി സംഘടിപ്പിക്കുകയും അവരുടെ മതപരവും സാമു

ദായികവുമായ കാര്യങ്ങളെ പൊതുവിൽ അഭിവൃദ്ധി പ്പെടുത്തുകയും ചെയ്യേണ്ടതു തികച്ചും ആവശ്യമാണെ ന്ന് നാരായണഗുരുവിനു തോന്നി. ഈ രണ്ടു മഹാ ന്മാരുടെയും ആശയങ്ങൾ ഒന്നിച്ചുചേർന്നപ്പോൾ 15 വർഷങ്ങൾക്കു മുമ്പ് അരുവിപ്പുറത്തു ക്ഷേത്രകാര്യങ്ങളുടെ ഭരണത്തിനുവേണ്ടി രജിസ്റ്റർചെയ്തിരുന്ന സംഘം വി പുലപ്പെട്ടു. 1078 ധനുമാസത്തിൽ ഒരു ബഹുജന സംഘടനയായി രൂപംപ്രാപിച്ചു. ആ സംഘടനയാ ണ് ഇന്നു പ്രശസ്തമായ നിലയിൽ നടന്നുവരുന്ന ശ്രീ നാരായണ ധർമ്മപരിപാലനയോഗം. (S. N. D. P.) ആയിടയ്ക്ക് ഉപരിവിദ്യാഭ്യാസം കഴിഞ്ഞു കല്ക്കട്ടയിൽ നിന്നും മടങ്ങിവന്ന മഹാകവി കുമാരനാശാൻ സംഘ ത്തിൻെറ സെക്രട്ടറിയായി നിയമിക്കപ്പെട്ടുകയുംചെയ്തു.

യോഗത്തിൽ അംഗങ്ങളെ ചേർക്കുന്നതിനും മതപരമായ കാര്യങ്ങളെയും ജീവിതമാർഗ്ഗങ്ങളെയും പററി ജനങ്ങൾക്കു പ്രബോധനം നൽകുന്നതിനും സ്വാമികൾ രാജ്യത്തിൻെറ നാനാഭാഗത്തും ചുററി സഞ്ചരിക്കുകയുണ്ടായി. എസ്. എൻ. ഡി. പി. യോഗത്തിൻെറ പ്രവർത്തനപരിപാടികളുടെ പ്രചരണ ത്തിനായി ഏതാനും പ്രാസംഗികന്മാരെ രാജ്യത്തി ൻെറ പല ഭാഗങ്ങളിലേക്കും സ്വാമികൾ അയച്ചു. പ്രാസംഗികന്മാർക്കു സ്വാമികൾകൊടുത്ത ഉപദേശങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.

(1) "ജനങ്ങളുടെ അന്ധവിശ്വാസങ്ങളെയും, പ്രാണിഹിംസ മുതലായ അമംഗളാചാരങ്ങളോടുകൂടി അനുഷ്ഠിക്കപ്പെടുന്ന ദുർദ്ദേവതാരാധനകളെയും നിരു ത്സാഹപ്പെടുത്തുക.

(2) ഉത്തമരീതിയിൽ ചെയ്യപ്പെടുന്ന ഈശ്വരാരാധനയുടെ മാഹാത്മ്യത്തേയും, ശുദ്ധ ഹിന്ദുമതത്തിൻെറ സഗുണനിർഗ്ഗുണ തത്വങ്ങളെയുംപററി പ്രസംഗിക്കുക, ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ക്ഷേത്രങ്ങളോ, മഠങ്ങളോ നിർമ്മിക്കുന്നതിനു ജനങ്ങളെ ബുദ്ധിപൂൎവ്വം പ്രേരിപ്പിക്കുക. എന്നാൽ ഗർഹ്യമോ ക്ഷോഭജനകമോ ആയ വിധത്തിൽ പരമതദൂഷണം ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) സത്യം, ശുചിത്വം, അധർമ്മഭയം ആസ്തിക്യം, ഐകമത്യം മുതലായവയും, അൎത്ഥശൂന്യങ്ങളും അനൎത്ഥകരങ്ങളുമായ മാമൂലുകളെ വൎജ്ജിച്ചു കാലാനുരൂപവും ഉത്തമവുമായ ആചാര നടപടികളെ നടപ്പാക്കുന്നതിനെപ്പററി ബലമായി പ്രസംഗിക്കുകയും ജനങ്ങളെ ആ വഴിക്കുതിരിച്ചുകൊണ്ടു വരികയും വേണം.

(4) വിദ്യാഭ്യാസത്തിൻെറ അസാമാന്യഗുണത്തേയും അതില്ലാത്തതിനാലുള്ള ദോഷത്തേയും പ്രതിപാദിക്കയും പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ഇല്ലാത്തവർ മേലാൽ ഉണ്ടായിരിക്കരുതെന്നു അത്ര അഭിമാനവും അഭിരുചിയും തോന്നത്തക്കവണ്ണം അവരെ ഉത്സാഹിപ്പിക്കയും ചെയ്ക. ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ക്കൂളുകൾ, വായനശാലകൾ, മുതലായവ ഏർപ്പെടുത്തുകയും മററും ചെയ്യുന്നതിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യുക.

(5) കൃഷി, കച്ചവടം, കൈത്തൊഴിൽ ആദിയായവയെ ഉത്തമരീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനേയും മിതവ്യയത്തേയുംപററിപ്രസംഗങ്ങൾ ചെയ്യു

കയും അലസരായിരുന്നു ഉപജീവിക്കുന്നസമ്പ്രദായം സമുദായവിരുദ്ധമായ ഒരു കൃത്യമാണെന്നും സ്ത്രീപുരുഷന്മാരിൽ ഓരോരുത്തർക്കും തോന്നത്തക്കവണ്ണം സമുദായത്തിൻെറ സ്വഭാവം അത്ര ഉത്സാഹഭരിതമാക്കുകയും ചെയ്യുക.

(6) ആവശ്യമുള്ള ദിക്കുകളിൽ വ്യവസായശാലകൾ ഏർപ്പെടുത്തുക. ശാസ്ത്രീയരീതിയിൽ വ്യവസായങ്ങളെ പഠിക്കുക, പ്രചാരപ്പെടുത്തുക മുതലായ കാര്യങ്ങളിൽ ജനങ്ങളെ പ്രേരിപ്പിക്കുക.

(7) പ്രസംഗങ്ങൾ യാതൊരു പ്രകാരത്തിലും താഴ്ന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്കു ഉപദ്രവമോ, ഉയർന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്കു ക്ഷോഭമോ ഉണ്ടാകത്തക്കവിധത്തിലോ സ്വഭാവത്തിലോ ആയിരുന്നുകൂടാത്തതാകുന്നു. കഴിയുന്നത്ര അവശതയനുഭവിക്കുന്നവരുടെ അഭിവൃദ്ധിയിൽ ജനങ്ങൾക്കു താത്പര്യം ജനിപ്പിക്കേണ്ടതുമാകുന്നു."

സംസ്കാരസമ്പൂർണ്ണനായ ഒരു ഉത്തമ നേതാവിൻെറ കർമ്മപരിപാടിയുടെ സ്വഭാവമാണു ഈ വ്യവസ്ഥകൾ വിളംബരം ചെയ്യുന്നതു്. ലൗകികവും ആദ്ധ്യാത്മികവുമായ ജീവിതമാർഗ്ഗത്തിലൂടെ ജനങ്ങളെ ഉത്കർഷത്തിലേക്കു നയിക്കാനുതകുന്ന മാതൃകാപാഠങ്ങളാണു ഈ വ്യവസ്ഥകളിൽ വ്യക്തമായി തെളിഞ്ഞു കാണുന്നതു്. സമുദായപരിഷ്കരണ വിഷയത്തിൽ ലോകസംഗ്രഹത്തെയാണു സ്വാമികൾ മുറുകെ പിടിച്ചതു്. ആ മാർഗ്ഗത്തിലൂടെ അദ്ദേഹം നിർബാധം മുന്നോട്ടുപോകയും ചെയ്തു.

"ഈശ്വരാരാധന ക്ഷേത്രങ്ങളിൽ മാത്രമല്ല, എല്ലാ ഗൃഹങ്ങളിലും, എല്ലാ ഹൃദയങ്ങളിലും എത്തി

ച്ചേരുന്നതിനു മതതത്വങ്ങളെ ജനങ്ങൾക്കു അറിയുവാൻവേണ്ട ഏർപ്പാടു ചെയ്യണം." 1084-മേടം 28-ാം തീയതി സ്വാമികൾ എസ്സ്. എൻ. ഡി. പി. ക്കയച്ച ഒരു സന്ദേശത്തിലാണു ഇങ്ങനെ പറഞ്ഞിട്ടുള്ളത്. ഗുരുദേവൻ തുടരുകയാണ്. "ഈശ്വരമാഹാത്മ്യപ്രതിപാദകങ്ങളായ ചരിത്രങ്ങളെയും ശാസ്ത്രതത്വങ്ങളെയും പററി പ്രസംഗിച്ചു ജനങ്ങളെ ധരിപ്പിക്കുന്നതിനു കഴിയുന്ന ദിക്കുകളിലെല്ലാം ക്ഷേത്രങ്ങളോടു സംബന്ധിച്ചു വേണ്ട ഏർപ്പാടുകൾ ചെയ്യണം."

1085-ചിങ്ങം 16-ാം തീയതി കേരളമൊട്ടുക്കും നടന്ന സ്വാമിതിരുന്നാളാഘോഷം കഴിഞ്ഞു ശിഷ്യന്മാർക്കായി പ്രസിദ്ധംചെയ്ത സന്ദേശമാണു ചുവടെ ചേർക്കുന്നത്.

"മതത്തിൻെറ സാമാന്യ തത്വത്തെ ജനസാമാന്യത്തിനു ഉപദേശിക്കയും ഈശ്വരഭക്തിയെ എങ്ങും പ്രചരിപ്പിക്കയും വേണം. ബാഹ്യാഭ്യന്തര ശുദ്ധിയെ അല്ലെങ്കിൽ ത്രികരണശുദ്ധിയെ സമ്പാദിക്കാൻ ജനങ്ങളുടെയിടയിൽ വേണ്ടുംവിധം യത്നിക്കുക. അഹിംസ, സ്നേഹം, ഐകമത്യം ഇവയുടെ മാഹാത്മ്യത്തെ ജനങ്ങളുടെയിടയിൽ പ്രസംഗിക്കുകയും അവയെ അനുഷ്ഠിക്കുകയും ചെയ്ക. സാധുജനങ്ങളുടെ ഇടയിൽ ഉള്ള വിദ്യാഭ്യാസ സ്ഥിതിയെ നോക്കുക. വാസനയുള്ള യുവാക്കന്മാരെ തെരഞ്ഞെടുത്തു ബ്രഹ്മചാരികളായി സ്വീകരിച്ചു പഠിപ്പിക്കുകയും അവരിൽ മനസ്സും യോഗ്യതയും ഉള്ളവർക്കു സന്യാസം നൽകി പരോപകാരാർത്ഥം പ്രയത്നിപ്പാൻ വിട്ടയയ്ക്കുകയും ചെയ്യുക".

ജഗത്ഗുരുവിനുള്ള സിംഹാസനത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി സമുദായ പരിഷ്കരണാർത്ഥം

അവസാനമായി അദ്ദേഹം ഒരു സന്ദേശം നൽകി.

"മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്."

മദ്യവർജ്ജന വിഷയകമായ സ്വാമിതൃപ്പാദങ്ങളുടെ ഈ സന്ദേശം പ്രചരിപ്പിച്ചു നടപ്പിൽ വരുത്തുന്നതിനുവേണ്ടി ശ്രീ. ടി. കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന ഒരു വലിയ പ്രക്ഷോഭണത്തിന്റെ ഫലമായി ഒരു നിശ്ചിതകാലത്തിനകം മദ്യവർജ്ജനം നിശ്ശേഷം സാധിക്കാമെന്നു ഗവണ്മെന്റ് സമ്മതിച്ചു.

ജാതിയുടെപേരിൽ ദീർഘകാലമായി നിലനിന്നുവരുന്ന സനാതനമനഃസ്ഥിതിക്കു ക്രമത്തിൽ മാററം വരുത്തണമെന്ന ഉദ്ദേശത്തിൽ ആരാധ്യനും, ആദർശപുരുഷനുമായ ഗുരുദേവൻ മാതൃകാപരമായി പലതും പ്രവത്തിച്ചുവന്നു. പുലയക്കുട്ടികളെ എടുത്തുവളർത്തി ആലുവാ അദ്വൈതാശ്രമത്തിൽ മററുള്ളവരോടൊപ്പം താമസിപ്പിച്ചു. ആശ്രമത്തിൽ താമസിക്കുന്നവർക്കും അതിഥികളായിവന്നു ചേരുന്നവക്കും ആഹാരം പാകം ചെയ്യുന്നതിനും മററുമായി കുട്ടിപ്പട്ടന്മാരായ പുലയരെത്തന്നെ സ്വാമികൾ ഏർപ്പെടുത്തി. ചില ഈഴവപ്രമാണികൾക്കു ഇതിൽ വിഷമമുണ്ടെന്നു മനസ്സിലാക്കി അവക്കു കൊടുത്ത ഉപദേശമിതാണ്. "പുലയർ മുതലായവരോടു വളരെ സ്നേഹമായി പെരുമാറണം. ഈഴവർ അവരെക്കാൾ താണവരോടു പെരുമാറുന്നതു ഈഴവരെക്കാൾ ഉയർന്നവരെന്നു വിചാരിക്കുന്നവർക്കു കണ്ടുപഠിക്കത്തക്ക രീതിയിൽ ആയിരിക്കണം. ഇതു നിങ്ങൾ ശ്രദ്ധവച്ചു ചെയ്യേണ്ടുന്ന ഒരു കാര്യമാണ്."

ഗുരുദേവൻ സ്ഥാപിച്ചിട്ടുള്ള എല്ലാ ക്ഷേത്രങ്ങളിലും എല്ലാ ജാതിക്കാക്കും പ്രവേശനം കൊടുക്കണെ

മെന്നാണ് അദ്ദേഹത്തിൻെറ ഉപദേശവും കല്പനയും. താഴ്ന്നജാതിക്കാരെന്നു മുദ്രയടിക്കപ്പെട്ടിരുന്ന വിഭാഗക്കാരെ ഉദ്ധരിക്കാൻ ഗുരുദേവൻചെയ്ത നാനാമുഖമായ ശ്രമങ്ങൾ ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ഗുരുദേവൻെറ ജീവിതത്തിലെ മമ്മപ്രധാനമായ അദ്ധ്യായത്തിലേക്കു നമുക്കു പ്രവേശിക്കാം. ഈ ഗ്രന്ഥത്തിൽ ഇതുവരെ പ്രതിപാദിച്ചതെല്ലാം ആമുഖമായി കണ്ടാൽ മതി.

മനുഷ്യത്വം പൂണ്ണതപ്രാപിച്ചു വിശ്വമെങ്ങും പരന്നു നിറഞ്ഞിരുന്ന ആ മഹത്വത്തെ, അല്പമായ എന്തെങ്കിലുംകൊണ്ടു് തൃപ്തിപ്പെടുന്ന സാധാരണക്കാരുടെ ബുദ്ധികൊണ്ടു് അളക്കാൻ ശ്രമിക്കരുതു്. മഹാവ്യക്തികളുടെ വചനങ്ങൾ വ്യംഗ്യരൂപത്തിലായിരിക്കുന്നതുപോലെ പ്രവൃത്തികൾ പ്രതീകാത്മകവുമായിരിക്കും. അതുകൊണ്ടു് അല്പബുദ്ധികൾ എളുപ്പത്തിൽ അവയെ തെററിദ്ധരിക്കാനും പലരൂപത്തിൽ വ്യാഖ്യാനിക്കാനും ഇടയാകുന്നു. ഇതുവരെ മനുഷ്യചരിത്രത്തിൽ ഇങ്ങനെയാണു സംഭവിച്ചിട്ടുള്ളതു്. അതു തന്നെ ശ്രീനാരായണനെ സംബന്ധിച്ചും ആവത്തിക്കപ്പെടുന്നു. ചിലർ സമുദായപരിഷ്കത്താവായി അദ്ദേഹത്തെ കാണുന്നു. മററു ചിലർ സ്വതന്ത്രചിന്തകനായ യുക്തിവാദിയായിട്ടും, വേറേ ചിലർ മിസ്റ്റിക്കായിട്ടും മനസ്സിലാക്കുന്നു. ഇതിനെല്ലാം പുറമേ അറിയപ്പെടാത്ത മററു പലതുമടങ്ങിയതാണു് ആ മഹത്വം.

★

## ദിവ്യസന്ദേശങ്ങൾ

കൊല്ലവർഷം 1096-നു ശേഷമുള്ള കാലം ശ്രീനാരായണഗുരുദേവന്റെ ജീവിതത്തിലെ സുപ്രധാനഘട്ടമായിരുന്നു. ഈ കാലഘട്ടത്തിലാണ് അതീന്ദ്രിയജ്ഞാനനിധിയായ ആ മഹാത്മാവു തന്റെ ചിരന്തനചിന്തയുടെ ഫലങ്ങളായി ലഭിച്ച ജ്ഞാനത്തിന്റെ അനർഘസന്ദേശങ്ങൾ പ്രദാനംചെയ്തു ലോകത്തെ അനുഗ്രഹിച്ചതു്. സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും സമാധാനത്തിന്റേയും പ്രവാചകനായി തൃപ്പാദങ്ങൾ ലോകരംഗത്തു പ്രത്യക്ഷപ്പെട്ടതും ഈ കാലഘട്ടത്തിലാണു്.

1096-ലെ ചതയം തിരുന്നാൾ പ്രമാണിച്ചു പ്രസിദ്ധംചെയ്തസന്ദേശമാണ് "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്" എന്നതു്. വിശ്വവിഖ്യാതി സമ്പാദിച്ചുകഴിഞ്ഞ ഈ മഹോന്നതസന്ദേശത്തിന്റെ പൊരുൾ ഗുരുദേവൻ കാവ്യാത്മകമായി വിവരിച്ചിട്ടുള്ളതു് നമുക്കൊന്നാസ്വദിക്കാം:-

## ഒരു ജാതി

മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ തത്വം വേത്തികോപി ന

ഒരു ജാതിയിൽ നിന്നല്ലോ
പുറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോ-
ളൊരുജാതിയിലുള്ളതാം

നരജാതിയിൽ നിന്നത്രേ
പുറന്നിടുന്നു വിപ്രനും
പറയൻ താനുമെന്തുള്ള-
തന്തരം നരജാതിയിൽ

പാർച്ചിയിൽനിന്നു പണ്ടു്
പരാശര മഹാമുനി
പുറന്നു മറസ്സുതിച്ച
മുനികൈവർത്തകന്യകയിൽ.

## ഒരു മതം

പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ,
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതു കണ്ടലയാതമർന്നിടേണം.

ജരുമത മന്യനു നിന്ദ്യ; മൊന്നിലോതും
കരുവപരന്റെ കണക്കിന്നുനമാകും;
ധരയിലിതിന്റെ രഹസ്യമൊന്നുതാനെ-
ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം.

പൊരുതു ജയിപ്പതസാധ്യമൊന്നിനോടോ-
ന്നൊരു മതവും പൊരുതാലൊടുങ്ങുവില;
പരമത വാദിയിതോർത്തിടാതെ പാഴേ
പൊരുതുപൊലിഞ്ഞിടുമെന്ന ബുദ്ധിവേണം.

ഒരുമതമാകുവതിന്നുരപ്പതെല്ലാ-
വരുമിതുവാദികളാരുമോക്കുവീല;
പരമതവാദമൊഴിഞ്ഞ പണ്ഡിതന്മാ-
രറിയുമിതിൻെറ രഹസ്യമിങ്ങശേഷം.

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു;
ജഗതിയിലിമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമർത്തിടേണം.

## ഒരു ദൈവം

ധനാദിവ വടോ യസ്മാത്;
പ്രാദുരാസീദിദം ജഗത്
സ ബ്രഹ്മാ സ ശിവോ വിഷ്ണുഃ
സ പരഃ സർവ ഏവ സഃ

അന്നവസ്ത്രാദിമുട്ടാതെ
തന്നുരക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

നീ സത്യം ജ്ഞാനമാനന്ദം
നീതന്നേ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ! സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

സർവ്വസാഹോദര്യവും തദ്വാരാസമാധാനവും സ്ഥാപിക്കാനുദ്ദേശിക്കപ്പെട്ടിട്ടുള്ള മതങ്ങൾ, അവയെ നശിപ്പിക്കുന്നതിനും തന്മൂലം സമുദായഐക്യം ഇല്ലായ്മചെയ്യുന്നതിനുംമാത്രം പ്രേരകങ്ങളായി തീരുന്നതു കണ്ടു് ആ മഹാപുരുഷൻ സാഹോദര്യത്തെ സംബന്ധിച്ചു് ഇങ്ങനെയും ഒരു സന്ദേശം നൽകി.

നരനു നന്മനൽകുംക്രിയയപരപ്രിയഹേതുവായ്വരേണം
തൻപ്രിയമപര, പ്രിയമെന്നറിഞ്ഞിടേണം.

അപരനുവേണ്ടിയഹർന്നിശം പ്രയത്നം
കൃപണതവിട്ടു കൃപാലുചെയ്തിടുന്നു;
കൃപണനധോമുഖനായ് കിടന്നു ചെയ്യു-
ന്നപജയകർമ്മമവന്നുവേണ്ടിമാത്രം.

അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം;
അവരവരാത്മസുഖത്തിനാചരിക്കു-
ന്നവ,യപരന്നു സുഖത്തിനായ്‌വരേണം.

ഒരുവനു നല്ലതുമന്യനല്ലലും ചേ-
പ്പൊരുതൊഴിലാത്മവിരോധിയോർത്തിടേണം;
പരനു പരം പരിതാപമേകിടുന്നോ-
രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു

അയലുതഴപ്പതിനായതിപ്രയത്നം
നയമറിയുംനരനാചരിച്ചിടേണം.

മനുഷ്യഹൃദയത്തെ ശുദ്ധമാക്കുക, ജീവിതത്തെപവിത്രമാക്കുക, ജീവനെ പൂർണ്ണതയിൽ എത്തിക്കുക ഇവയാണു് എല്ലാമതങ്ങളും ആഗ്രഹിക്കുന്നതു്. എല്ലാ മതാചാര്യന്മാരും ഇതിനുവേണ്ടിമാത്രമാണു്

ശ്രമിക്കുന്നതു്. മൗലികമായ ഈ ശ്രമത്തിൽ മതങ്ങൾ തമ്മിൽ ഭിന്നമല്ല. ഇങ്ങനെ മനുഷ്യനെ നന്നാക്കുന്നതിനുവേണ്ടിമാത്രം നിർമ്മിതമായ മതത്തിന്റെ പേരിൽ മനുഷ്യൻ തമ്മിൽ തല്ലി മതാചാര്യന്മാരുടെ പവിത്രമായ ഉദ്ദേശങ്ങൾ നിർദ്ദയം വിസ്മരിക്കപ്പെട്ടുന്നതുകണ്ടു് ഗുരുദേവൻ മറെറാരു സന്ദേശംകൂടി നല്കി.

"മതമേതായാലും മനുഷ്യൻ നന്നായാൽമതി"

ജാതിയുടെ പേരിൽ മനുഷ്യനെ മനുഷ്യനിൽ നിന്നകററിനിറുത്തുന്ന വേദനയേറിയ കാഴ്ചകണ്ടു് എല്ലാ മനുഷ്യജീവികളേയും ഒരു ചരടിലിണക്കികോർത്ത പുഷ്പങ്ങളായി കാണാനുള്ള ആഗ്രഹത്തോടെ ഗുരുദേവൻ വീണ്ടും പറയുന്നു. "മനുഷ്യരുടെ വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിനു യാതൊരു ദോഷവുമില്ല"

1099-ൽ ആലുവാ അദ്വൈതാശ്രമത്തിൽ വച്ചു ഒരു സർവ്വമതസമ്മേളനം നടന്നു. ഭാരതത്തിന്റെ ചരിത്രത്തിൽ ഉണ്ടായ ആദ്യത്തെ സർവ്വമതസമ്മേളനമായിരുന്നു അതു്. സമ്മേളനപ്പറമ്പിലേക്കു കടക്കുന്ന ഗേററിൽ ഇങ്ങനെ എഴുതിവച്ചിരുന്നു.

"വാദിക്കാനും ജയിക്കാനുമല്ല,
അറിയാനും അറിയിക്കാനും"

ഈ വാക്യത്തിലടങ്ങിയിരിക്കുന്ന ഉൽകൃഷ്ടാശയം എല്ലാ മനുഷ്യർക്കും ഉണ്ടാകണമെന്നുള്ള പ്രാർത്ഥനയോടെ ഈ സന്ദേശങ്ങളുടെ ഒരു സമഗ്രമായ പഠനത്തിലേക്കു നമുക്കു പ്രവേശിക്കാം.

★

## ഏകജാതി

അധഃകൃതരെ തളച്ചിട്ട അടിമച്ചങ്ങല പൊട്ടിച്ചെറിയാനും അധർമ്മം നടമാടുന്ന ലോകത്തിൽ ധർമ്മം സ്ഥാപിക്കാനും വേദേതിഹാസങ്ങളിലല്ലാതെ കേൾക്കകപോലും ചെയ്തിട്ടില്ലാത്ത കണക്കിൽകവിഞ്ഞ ധീരതയോടുകൂടി മുമ്പോട്ടു കുതിച്ച ഗുരുദേവൻ സ്വന്തം ജീവനെക്കാളും സുഖത്തെക്കാളും പ്രവർത്തനത്തിൽ ത്യാഗത്തിനു പ്രാമുഖ്യം കല്പിച്ചു. ബ്രാഹ്മണ മേധാവിത്വത്തിൻെറ മുമ്പിൽ ജാതിയുടെ ചങ്ങലകൊണ്ട് കയ്യും കാലും ബന്ധിക്കപ്പെട്ട നിലയിൽ കഴിഞ്ഞു കണ്ണീരൊഴുക്കുന്ന വമ്പിച്ച ഒരു ജനവിഭാഗത്തെ കണ്ടു ഗുരുദേവൻ പൊട്ടിക്കരഞ്ഞുപോയി. മനുഷ്യജീവനു ചാമ്പലിൻെറ വിലപോലും കല്പിക്കാത്ത "ഭ്രാന്താലയ" ത്തെനാകമാക്കിയുയർത്താൻ ഗുരു നിറ കണ്ണുകളോടെ പ്രഖ്യാപിച്ചു. "ഒരു ജാതി, ഒരുമതം, ഒരു ദൈവം മനുഷ്യനു്".

ഈ മഹാകാവ്യം അർത്ഥസംപുഷ്ടമാണു്. അദ്വൈതത്തിൻെറ സമഗ്രതയും പൂർണ്ണതയും ഉൾക്കൊള്ളുന്ന ചുരുക്കെഴുത്താണതെന്നു പറയാം. ശ്രീശങ്കരൻെറ പ്രതിഭയും, അദ്വൈതത്തിൻെറ പോരായ്മ പരിഹരിച്ച ശ്രീനാരായണപ്രതിഭയും അതിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. വിശ്വമാകെ ഒരേഒരു യാഥാർത്ഥ്യമെന്നു

യുക്താനുഭവങ്ങളെ ചൂണ്ടി സമർത്ഥിക്കാൻ കഴിഞ്ഞ ശ്രീ ശങ്കരനു മനുഷ്യരെല്ലാം ഒരു ജാതിയിൽ പെട്ടതാണെന്നു തീർത്തു പ്രഖ്യാപിക്കാനുള്ള ദർശനമുണ്ടായില്ല. ആ ദർശനം ശ്രീനാരായണ പ്രതിഭയ്ക്കാണുണ്ടായത്. അവ രണ്ടുംകൂടി ചേർന്നപ്പോഴാണു അദ്വൈതദർശനം സമഗ്രവും പൂർണ്ണവുമായത്.

അനാചാരങ്ങളെ അരിഞ്ഞെറിയുന്നതിനും ജാതിവ്യത്യാസംമാററി മനുഷ്യരെല്ലാം "ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങൾ" ആക്കുന്നതിനും 20-ാം നൂററാണ്ടിൻെറ പ്രാരംഭത്തിൽ ഗുരുദേവൻ മുഴക്കിയ ആ ധർമ്മകാഹളം, ഏകജാതിപ്രഖ്യാപനം കാര്യകാരണസഹിതം ഇങ്ങനെ സമർത്ഥിക്കുന്നു.

മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ തത്ത്വം വേത്തികോപി ന ||

ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന്
ഒരുയോനിയൊരാകാരം ഒരുഭേദവുമില്ലതിൽ.

ഒരുജാതിയിൽനിന്നല്ലോ പിറന്നീടുന്നുസന്തതി
നരജാതിയിതോർക്കുമ്പോളൊരുജാതിയിലുള്ളതാം

നരജാതിയിൽനിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയൻ താനുമെന്തുള്ളതന്തരം നരജാതിയിൽ

പറച്ചിയിൽനിന്നു പണ്ടു പരാശരമഹാമുനി
പിറന്നു മറസൂത്രിച്ച മുനികൈവർത്തകന്യയിൽ

പ്രകൃതിക്കു നാശരഹിതവും അനിഷേദ്ധ്യവു മായ ഒരു നിയമമുണ്ടു്. ഒരേ യോനിയിൽനിന്നു ഒരേ രൂപത്തിൽ പുറത്തുവന്നു് ഒരേ രീതിയിൽ ജീവിക്കുന്ന വയെല്ലാം ഒരു ജാതിയിൽ പെടുന്നു എന്നുള്ളതാണതു്. ഈ നിയമത്തെ ഉപോദ്ബലകമാക്കി ചിന്തിക്കു മ്പോൾ ലോകത്തിന്റെ ഒരററംമുതൽ മറേറയററം വരെ ഭിന്നവേഷ, ഭാഷാഭൂഷണങ്ങളോടുകൂടി ജീവിക്കു ന്ന മനുഷ്യരെല്ലാം ഒരു ജാതിയാണെന്നു് ഗുരു പറഞ്ഞ തു് എത്രയോ പരമാർത്ഥമാണു്. സാർവലൗകിക പ്രശസ്തിയാർജ്ജിച്ച ഇത്തരം ഒരാദർശം ലോകം ഇതി നുമുമ്പു കേട്ടിട്ടില്ല. ഈ ആദർശത്തെ പ്രായോഗിക മാക്കിയാൽ ലോകത്തിൽ സമാധാനം സ്ഥാപിത മാകും. എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളാ ണെന്ന ഗുരുവിന്റെ സിദ്ധാന്തത്തെ സ്വീകരിക്കാൻ ലോകം സന്നദ്ധമായാൽ ലോകത്തിൽ എക്കാലവും സമാധാനവും സന്തോഷവും കളിയാടും. ആത്മീയ നേതാവായ ശ്രീനാരായണൻ ഈ അവകാശപ്രഖ്യാ പനംവഴി എല്ലാ മനുഷ്യർക്കും മനുഷ്യരെപ്പോലെ ജീവിക്കാനും വികസിക്കാനും വളരാനും ഉള്ള ഒരു പശ്ചാത്തലം ഒരുക്കി വച്ചിരിക്കുകയാണു്.

മനുഷ്യർ മൃഗങ്ങളേക്കാൾ നികൃഷ്ടമായ നില യിലേക്കു് അധഃപതിച്ചു നരകിക്കുന്നതുകണ്ടു് ഉള്ളു രുകി സഹജമായ അദമ്യപ്രവണതയാൽ മനുഷ്യോ ദ്ധാരണത്തിനു പ്രതിജ്ഞാബദ്ധനായി ആദ്യമേ ജീവി തം അതിനു സമർപ്പിച്ച ഒരു മഹാത്യാഗിയുടെ ഉദ്ദേശ നിർവഹണത്തിനു ശക്തി സംഭരിക്കാൻ ഏകതാന മായ സാധനകൊണ്ടു ശുദ്ധമായ അദ്വൈതം സാക്ഷാ ത്കരിച്ചു അദ്വൈതത്തിൽതന്നെ ജീവിച്ച ഒരു മഹാ

സിദ്ധൻെറ ഉഗ്രമായ ഏകാഗ്രമനനത്തിൽ നിന്നുദിച്ചു യന്ന വാഗ്മയമായ തേജസ്സാണത്.

ഓരോ മനുഷ്യനും ഓരോ ജാതിയാണെന്നു തോന്നാവുന്ന വിധത്തിലുള്ള വ്യത്യാസങ്ങളെക്കൊണ്ടു നിറഞ്ഞ ഒരു ഭ്രാന്താലയംതന്നെയായിരുന്നു കേരള ത്തിൽ 20-ാംനൂററാണ്ടിൻെറ പ്രാരംഭഘട്ടത്തിൽ. മനു ഷ്യരെല്ലാം ഒരു ജാതിയെന്ന് കാര്യകാരണസഹിതം നാരായണഗുരു സമത്ഥിച്ചപ്പോഠം വണ്ണമേധാവിത്വം അതിനെതിരായി എല്ലാവിധ അടവുകളും പ്രയോ ഗിച്ചുനോക്കിയെങ്കിലും 1957-ൽ യുനസ്കോവിൻെറ ആഭിമുഖ്യത്തിൽ ഒമ്പതു ശാസ്ത്രവിദഗ്ദ്ധന്മാർകൂടി തയ്യാറാക്കിയ ഒരതിപ്രധാനരേഖ അതു ശരിവയ്ക്കുക യാണുണ്ടായത്.

സമൂഹാഭിവൃദ്ധിക്കു മനുഷ്യർ ഒന്നിച്ചു സഹ കരിച്ചു പ്രവത്തിക്കുകയും ജീവിക്കുകയുമാണു വേണ്ടത്. അതിനുള്ള ഒന്നാമത്തെ പ്രതിബന്ധം ആ ഭയങ്കരമായ അജ്ഞത, ജാതിചിന്ത, അല്ലെങ്കിൽ മനുഷ്യർ പല ജാതികളാണെന്ന അന്ധമായ വിശ്വാസം ആയിരുന്നു. ആ വിശ്വാസത്തിൻെറ നേരേ ആഞ്ഞു പ്രയോഗിച്ച ആയുധമായിരുന്നു "ഏകജാതിതത്വ" പ്രഖ്യാപനം. പറഞ്ഞതുകൊണ്ടു മാത്രം മതിയാവുകയോ ബോദ്ധ്യ പ്പെടുകയോ ഇല്ലെന്നു മററാരെയുംകാഠം കൂടുതലായറി യാമായിരുന്ന ആ മഹാചാര്യൻ അതുദാഹരിച്ചു കാണി ക്കാനുള്ള സ്ഥാപനങ്ങഠം ഉണ്ടാക്കിയതിനുപുറമേ ആ ആശയം പ്രചരിപ്പിക്കാനുള്ള ഉചിതമായ ഉപായം നിരന്തരം പ്രയോഗിച്ചുകൊണ്ടുമിരുന്നു. എപ്പോഴും എവിടെവച്ചും കാണാൻ ചെല്ലുന്നവരെയെല്ലാം അതി ൻെറ ശാസ്ത്രീയത, പ്രമാണങ്ങളും അനുഭവങ്ങളും ഉദ്ധ രിച്ചു ബോദ്ധ്യപ്പെടുത്തിയിരുന്നു.

കൊല്ലവർഷം 1099-ൽ ശിവഗിരിയിൽ വച്ചു ഗുരുദേവനെ സന്ദർശിച്ചു സംഭാഷണം നടത്തുന്നമദ്ധ്യേ ഗാന്ധിജി ഒരു സംശയം പ്രകടിപ്പിക്കുകയുണ്ടായി. അടുത്തുനില്ക്കുന്ന മാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഗാന്ധിജിചോദിച്ചു. "സ്വാമിൻ! ഈ മാവിന്റെ ഇലകൾ ഓരോന്നും ചെറുതും വലുതുമായി കാണുന്നതുപോലെ മനുഷ്യർ തമ്മിലും ജാതീയമായ നിലയിൽ ചില വ്യത്യാസങ്ങൾ വന്നുകൂടെയോ?" ഉടനെ ഗുരുദേവൻ നല്കിയ മറുപടി ഇതായിരുന്നു. "മാവിന്റെ ഇലകൾ ചെറുതും വലുതുമായി കാണുന്നതു ശരിതന്നെ; അതു പ്രകൃതിസിദ്ധവുമാണു്. എങ്കിലും രസത്തിൽ അതു ഏകമായിരിക്കും." അടുത്തുനിന്ന ഒരാലിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഗുരുദേവൻ തുടർന്നു. "അതാ അങ്ങോട്ടു നോക്കു! ആ ആലിനെ നോക്കൂ". ആലിന്റെ ഇലകൾ ഓരോന്നും ആലിൽനിന്നും ഭിന്നമല്ലാത്തതുപോലെ മനുഷ്യൻ മനുഷ്യനിൽനിന്നും അന്യമല്ല. ചാതുർവർണ്യവിശ്വാസം ഭാരതത്തിൽനിന്നും തുടച്ചുനീക്കാത്തകാലത്തോളം നാം സ്വരാജ്യത്തിനർഹരല്ല".

ഗുരുദേവന്റെ ഈ വിശദീകരണം ഗാന്ധിജി പൂർണ്ണമായും അംഗീകരിക്കുകയാണുണ്ടായതെന്നു പിൽക്കാല സംഭവങ്ങൾ തെളിയിച്ചിട്ടുണ്ടു്. അടുത്ത ദിവസം തിരുവനന്തപുരത്തു ചേർന്ന ഒരു മഹാസമ്മേളനത്തിൽ ഗാന്ധിജി പറഞ്ഞു: "മനോഹരമായ വഞ്ചിരാജ്യത്തുവന്നു മഹാത്മാവായ ശ്രീനാരായണ ഗുരുദേവനെ ദർശിക്കുവാനിടയായതു എന്റെ ജീവിതത്തിലെ ഏററവും വലിയ ഭാഗ്യമായിട്ടാണു ഞാൻ കരുതുന്നതു്. "രസത്തിൽ അതു ഏകമായിരിക്കും എന്നതു ഏററവും അർത്ഥഗർഭമായ ഒരു സന്ദേശമാണു്".

## ഏക മതം

ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യനു എന്ന സ്വാമിതൃപ്പാദങ്ങളുടെ ധർമ്മോപദേശം ശിഷ്യസംഘം മുദ്രാവാക്യമായി സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിൻെറ വ്യാഖ്യാനത്തിൽ പലക്കും സംശയമുണ്ടായതിൻെറ ഫലമായി ഒരു വിശദമായ വ്യാഖ്യാനം ഗുരുമുഖത്തുനിന്നു തന്നെ ലഭിക്കുന്നതിനുവേണ്ടി ശ്രീ. സി. വി. കുഞ്ഞുരാമൻ ശ്രമിക്കുകയുണ്ടായി. "അരുവിപ്പുറം ക്ഷേത്രപരിസരംമുതൽ ശിവഗിരികുന്നിലെ സമാധിമണ്ഡപംവരെ എത്തിനില്ക്കുന്ന ശ്രീനാരായണചരിത്രം അതിശയോക്തികളുടെയും അസംബന്ധങ്ങളുടെയും കലർപ്പില്ലാതെ ഗ്രഹിക്കുവാൻ സാധിച്ച ഭാഗ്യവാനാണു സി. വി. നിരീശ്വരവാദിയായി അറിയപ്പെട്ടിട്ടുള്ള ശ്രീ. സി. വി. കുഞ്ഞുരാമൻ സ്വദേശമായ മയ്യനാട്ടു ഒരു ക്ഷേത്രം പ്രതിഷ്ഠിച്ചു ആരാധിക്കുവാനുള്ള സൗകര്യം ജനങ്ങൾക്ക് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. പീതാംബരധാരിയായിനിന്നു അദ്ദേഹം ശിവഗിരിയിലെ ആരാധനയിൽ പങ്കുകൊണ്ടിട്ടുണ്ട്. സത്യവും, ജ്ഞാനവുമാണീശ്വരനെങ്കിൽ സി. വി. ഒരീശ്വരാരാധകനായിരുന്നു. ആത്മസ്വരൂപത്തിലാണീശ്വരന്റെ സ്ഥിതിയെങ്കിൽ സി. വി. ഒന്നാന്തരമൊരീശ്വരാന്വേഷകൻ" ആയിരുന്നു എന്നിങ്ങനെയാണു സി. വി. യെ സംബ

ന്ധിച്ച പ്രസിദ്ധ പണ്ഡിതനായ ശ്രീ. ബാലരാമപ്പണിക്കർ പറഞ്ഞിട്ടുള്ളതു്. സി. വി. ക്കു ഗുരുദേവൻ നൽകിയ മറുപടി ഇതായിരുന്നു.

“ഇപ്പോൾ ഹിന്ദുമതമെന്നു പറയുന്നതു ക്രിസ്തുമതം, ഇസ്ലാംമതം, തുടങ്ങി ഹിന്ദുസ്ഥാനത്തിനു വെളിയിൽനിന്നുവന്ന മതങ്ങൾ ഒഴിച്ചു ഹിന്ദുസ്ഥാനത്തിൽ തന്നെ ഉത്ഭവിച്ചിട്ടുള്ള മതങ്ങൾക്കുള്ള ഒരു പൊതു പേരാകുന്നു. അതുകൊണ്ടാണു ബുദ്ധമതം, ജൈനമതം മുതലായവയും ഹിന്ദുമതംതന്നെയെന്നു ചിലർ പറയുന്നതു്. വൈദികമതം, പൗരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസകമതം, ദ്വൈതമതം, അദ്വൈതമതം, വിശിഷ്ടാദ്വൈതമതം, ശൈവമതം, ശാക്തേയമതം, വൈഷ്ണവമതം, എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായിരിക്കുന്ന അനേകമതങ്ങൾക്കെല്ലാററിനുംകൂടി ഹിന്ദുമതം എന്ന ഒരു പൊതുപ്പേരുപറയുന്നതു യുക്തിഹീനമല്ലെങ്കിൽ മനുഷ്യജാതിക്കെല്ലാററിനും മോക്ഷപ്രാപ്തിക്കുപയുക്തങ്ങളായി ദേശകാലാവസ്ഥകളനുസരിച്ചു ഓരോ ആചാര്യന്മാർ ഈഷദീഷൽ ഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ളവ എല്ലാം മതങ്ങൾക്കുംകൂടി ഏകമായ ലക്ഷ്യത്തോടുകൂടിയ ‘ഏകമതം’ എന്നു പറയുന്നതിൽ തെററില്ല.

“ഒരു മതാചാര്യൻെറ പേരിൽ പല ആചാര്യന്മാരുടെ ഉപദേശങ്ങൾ അടക്കി അതിനെ ഒരു മതമെന്നു പേർ വിളിക്കാമെങ്കിൽ പലപല ആചാര്യന്മാരാൽ സ്ഥാപിതങ്ങളായ എല്ലാ മതങ്ങളേയും ചേർത്തു അതിനു ഒരു മതമെന്നോ ഏകമതമെന്നോ മാനവ ധർമ്മമെന്നോ ഒരു പൊതുപ്പേരിടാവുന്നതാണു്. അങ്ങനെ ചെയ്യുന്നതു അസംബന്ധവും യുക്തിഭംഗവു

മാണെങ്കിൽ ഈ അസംബന്ധവും യുക്തിഭംഗവും ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന എല്ലാ മതങ്ങൾക്കും ഏറെക്കുറെ സംഭവിച്ചു കഴിഞ്ഞിരിക്കയാണു്. ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും ദർശിക്കുന്നതായി അവനവൻെറ മതത്തെ സംബന്ധിച്ചു ചാതുര്യത്തോടെ പ്രസംഗിക്കുന്നവർ മനുഷ്യജാതിയുടെ മതത്തെ പൊതുവിൽ എടുത്തു അതിൻെറ ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണുവാൻ കഴിയാതെ വരുന്നതു ആശ്ചര്യകരമായിരിക്കുന്നു. മഹാത്മജി ഇവിടെവന്നപ്പോൾ ചെയ്ത പ്രസംഗത്തിൽ ആശ്രമ മുററത്തു നില്ക്കുന്ന ഒരു മാവിനെ ചൂണ്ടിക്കാണിച്ചു അതിൻെറ ശാഖകളും ഇലകളും എങ്ങിനെ ഒന്നിനൊന്നു ഭിന്നമായിരിക്കുന്നുവോ അതുപോലെ മനുഷ്യരിലുള്ള വ്യക്തികളും ഭിന്നമായിരിക്കും; ഈ ഭിന്നത ഉള്ള കാലത്തോളം മനുഷ്യരുടെ മതങ്ങളും ഭിന്നമായിരിക്കാനെ നിവൃത്തിയുള്ളു എന്നു പറയുകയുണ്ടായി. ശരിയാണു മഹാത്മജി പറഞ്ഞതു്. എന്നാൽ നൈയാമിക ദൃഷ്ട്യാ അതിനെപരിശോധിക്കുന്നതായാൽ ഓരോ വ്യക്തിക്കും ഓരോ മതമുണ്ടെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെയായാൽ ഹിന്ദുവായ രാമനും ഹിന്ദുവായ കൃഷ്ണനും ഒരു മതമല്ല വിശ്വസിക്കുന്നതു്. ഇരുപതുകോടി ഹിന്ദുക്കൾക്കു ഇരുപതു കോടി മതങ്ങൾ ഉണ്ടെന്നും വന്നുകൂടും· വാസ്തവം അതു തന്നെയാണെങ്കിലും ചില സാമാന്യ ലക്ഷണങ്ങൾ ഈ ഇരുപതു കോടിയുടെയും വിശ്വാസങ്ങളിൽ ഉള്ളതു കൊണ്ടു് അവരെ ഒരു മതക്കാരെന്നു പറയുന്നു. അതു പോലെ എല്ലാമതക്കാരുടെയും വിശ്വാസങ്ങൾക്കു് ചില സാമാന്യ ലക്ഷണങ്ങൾ ഉള്ളതുകൊണ്ടു് മനുഷ്യ

രെല്ലാം ഒരുമതക്കാർ തന്നെയാണ്. സനാതനമായ ഏതെങ്കിലും ഒരു ധർമ്മത്തെയോ സത്യത്തെയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ യാതൊരു മതത്തിനും നിലനില്ക്കുവാൻ കഴിയുന്നതല്ല. സാഹോദര്യത്തിനു ഇസ്ലാംമതവും, സ്നേഹത്തിനു ക്രിസ്തുമതവും മുഖ്യത കല്പിക്കുന്നു. എന്നാൽ സാഹോദര്യം സ്നേഹത്തേയും, സ്നേഹം സാഹോദര്യത്തേയും ആശ്രയിച്ചിരിക്കുന്നു എന്നറിയാതെ സാഹോദര്യമാണു ശ്രേഷ്ഠം, അതല്ല സ്നേഹമാണു ശ്രേഷ്ഠം, എന്നു വിവാദമുണ്ടാകുന്നുവെങ്കിൽ അതിനെ വ്യഥാവിവാദമെന്നല്ലാതെ പറയാൻ തരമില്ല. സനാതനധർമ്മങ്ങൾ തുല്യ പ്രധാനങ്ങളാണ്. ദേശ കാലാവസ്ഥകളിൽ നേരിടുന്ന ആവശ്യങ്ങൾ അനുസരിച്ചു അവയിൽ ഏതെങ്കിലും ഒന്നിനു മുഖ്യത കല്പിക്കേണ്ടതു് ആവശ്യമായി വരും. ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ അഹിംസാ ധർമ്മത്തിനു ജഗദ്ഗുരുക്കന്മാർ മററു ധർമ്മങ്ങളെക്കാൾ മുഖ്യത കല്പിക്കും. ബുദ്ധൻെറ കാലത്തു ഹിംസ കലശലായിരുന്നു. അതിനാൽ അഹിംസാ ധർമ്മത്തിനു ബുദ്ധൻ മുഖ്യത കാണിച്ചു. നബിയുടെ കാലത്ത് അറേബ്യയിൽ സാഹോദര്യത്തിനു മുഖ്യത കൽപ്പിക്കേണ്ടതു് ആവശ്യമായിരുന്നിരിക്കാം. അതിനാൽ അദ്ദേഹത്തിൻെറ മതത്തിൽ സാഹോദര്യത്തിനു മുഖ്യത കാണുന്നു. ഇന്നു് ഇൻഡ്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽനിന്നു മോചനം. സമബുദ്ധിയോടും സമഭക്തിയോടും കൂടി എല്ലാ മതങ്ങളെയും എല്ലാവരും പഠിച്ചറിയുവാനും ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവ്വം വിനിമയം ചെയ്യാനും ശ്രമിക്കട്ടെ. മത്സരം മതം

നിമിത്തമല്ല മദംനിമിത്തമാണെന്ന് അപ്പോൾ മന സ്സിലാകും"

ഏകമതസിദ്ധാന്തം വളരെ വിശദമായി പ്ര തിപാദിക്കുന്ന ഗുരുദേവന്റെ "മതമീമാംസ" എന്ന കവിതയിലേക്കുകൂടി ഒന്നു കടന്നുനോക്കാം.

"സർവ്വേചാത്മസുഖാവാപ്ത്യൈ
പ്രവർത്തന്തേ പ്രവർത്തകം
മതമേവസമേഷാംത-
ന്മതമേകം നഃസംശയഃ"

എല്ലാ മനുഷ്യരും താന്താങ്ങളുടെ സുഖത്തി നായി പ്രവർത്തിക്കുന്നു. എന്നാൽ സുഖജനകമായ പ്രവൃത്തി ഇതാണെന്നും ഇങ്ങനെയാണു പ്രവർത്തിക്കേ ണ്ടതെന്നും നിർദ്ദേശിച്ചുകൊണ്ട് അറിവും ആചാരവും ഉപദേശിക്കുന്ന പ്രവർത്തകവസ്തുവാണ് മതം. ലോക ത്തിൽ നിലവിലുള്ള സകല സ്ഥാപിതമതങ്ങളുടെയും സ്വഭാവമിതാണ്. എല്ലാ മതസ്ഥന്മാരും അതാതു സ്ഥാപിതമതങ്ങളുടെ സാഹചര്യത്തോടുകൂടി ആത്മ സുഖത്തിനു വേണ്ടി പ്രവർത്തിക്കുകയാണു ചെയ്യുന്നതു്. അങ്ങനെ എല്ലാ മതങ്ങളും ആത്മസുഖദായകങ്ങളായി നിലനില്ക്കയാണ്. അതുകൊണ്ട് ആത്മസുഖദായകം എന്ന നിലയിൽ മതമൊന്നുമാത്രമാണുള്ളതു്. യുക്തി യുക്തമായ ഈ വസ്തുതയിൽ സംശയത്തിനു യാതൊ രടിസ്ഥാനവുമില്ല.

"ഏകത്വാത് പ്രതിപാദ്യസ്യ
സർവ്വംച പ്രതിപാദകം
മതമേകത്വമേവൈതി-
കാത്രനാനാത്വ കല്പനാ"

എല്ലാ മതങ്ങളിലും പ്രതിപാദ്യമൊരേ വസ്തു മാത്രമാണു്. എല്ലാ മതങ്ങളും ആ ഒരേഒരു പ്രതിപാദ്യത്തെയാണു് പ്രതിപാദിക്കുന്നതു്. അതുകൊണ്ടു് ഏകപ്രതിപാദ്യപ്രതിപാദകമെന്ന നിലയിൽ മതമേകമാകുവാനേ തരമുള്ളൂ. മതത്തിൽ നാനാത്വം കല്പിക്കുന്നതു യുക്തിരഹിതം തന്നെയാണു്.

"സുഖാത്ഥാഃ സവ്വജന്തൂനാംമതാഃ സവ്വാഃ പ്രവൃത്തയഃ

സുഖം ചനിവിനാധമ്മംതസ്മാത് ധമ്മപരോഭവേത്"

എന്ന സ്മൃതിവാക്യം സുഖജനകമായ വസ്തുധർമ്മമാണെന്നു തെളിയിക്കുന്നു. പ്രവൃത്തിരൂപമായ ധർമ്മം സ്വർഗ്ഗാദിസുഖത്തേയും നിവൃത്തിരൂപമായ ധർമ്മം നിത്യസുഖമായ മോക്ഷത്തേയുമാണു നൽകുന്നതു്. ഒരു ജീവിയെന്ന നിലയിൽ സ്വഭാവേന സുഖാത്ഥിയായ മനുഷ്യൻ സുഖപ്രാപ്തിക്കായിട്ടാണു് പ്രവത്തിക്കുന്നതു്. മന്ദമതിയായ മനുഷ്യൻ ഐഹികസുഖങ്ങൾക്കുവേണ്ടിയും മദ്ധ്യമാധികാരിയായ മർത്ത്യൻ ഐഹികപാരത്രിക സുഖങ്ങൾക്കുവേണ്ടിയും ഉത്തമപ്രകൃതിയായ മനുഷ്യൻ നിത്യസുഖത്തിനായും പരിശ്രമിക്കുന്നു. മന്ദമദ്ധ്യമോത്തമാധികാരികളായ ലോകരെ യഥായോഗ്യം അനുഗ്രഹിക്കുവാൻ സുഖജനകങ്ങളായ ധർമ്മങ്ങളെ പ്രതിപാദിക്കുക എന്നതാണു് എല്ലാ മതങ്ങളുടെയും സ്വഭാവം. അതുകൊണ്ടു് ധർമ്മപ്രതിപാദകമെന്ന നിലയിൽ എല്ലാ ജനകീയമതങ്ങളും അഭിന്നങ്ങൾ—ഏകരൂപങ്ങൾതന്നെ. വസ്തുത ഇതായിരിക്കേ മതം പലതുണ്ടെന്നു പറയുന്നതിൽ യുക്തിയൊന്നുമില്ലെന്നു സാരം.

"മാഹമ്മദാഃ ക്രൈസ്തവാശ്ച
ജൈനാ ബൌദ്ധാസ്തഥേതരേ
ഏകതാപാദനായൈവ
പ്രയതന്തേഗതശ്രമം"

മുഹമ്മദീയരും ക്രിസ്ത്യാനികളും ജൈനന്മാരും ബൌദ്ധന്മാരും മററു മതക്കാരുമെല്ലാം മതമൊന്നേയുള്ളു എന്നും അതു തങ്ങളുടേതാണെന്നും സ്ഥാപിക്കാനായിട്ടാണ് വിശ്രമമെന്യേ പരിശ്രമിക്കുന്നതു്. മനുഷ്യർക്ക് സുഖസാധകങ്ങളായ ധർമ്മങ്ങളെ പ്രതിപാദിക്കുക എന്ന സ്വഭാവമാണല്ലോ മതത്തിനുള്ളതു്. സ്വദൃഷ്ടിവിഷയമായി അങ്ങനെയൊരു മതം (സ്വമതം) മാത്രമേയുള്ളു എന്നും രണ്ടാമതായിഒന്നില്ലെന്നും അവർ വാദിക്കുന്നതോടെ "മതമേകം" എന്ന തത്വമാണ് പ്രകാരാന്തരേണ അവരും സ്ഥാപിക്കുന്നതു്. അതുകൊണ്ടു മതമേകമാണെന്ന അഭിപ്രായം സാധുതന്നെ.

"ഏകത്വമനുസന്ധാതും
സർവ്വേഷാം ഹി സമുദ്യമാഃ
ഏകമേവമതം തേഷാം
നാത്ര പക്ഷദ്വയം മതം"

മതങ്ങൾ ഭിന്നങ്ങളെന്ന ബുദ്ധിയോടുകൂടി തമ്മിൽ കലഹിച്ചുകൊണ്ടിരുന്ന ലോകരെ ഉദ്ധരിക്കുവാനായിട്ടാണ് എല്ലാ മതങ്ങളും അതാതുകാലത്തു ആവിർഭവിച്ചിട്ടുള്ളതു്. മതഭേദം ബുദ്ധി നശിപ്പിച്ചു മതൈക്യബുദ്ധി ഉളവാക്കാനായിട്ടായിരുന്നു അവരുടെ പരിശ്രമം. ആ മതസ്ഥാപകന്മാരുടെയെല്ലാം അഭിപ്രായത്തിൽ മതമൊന്നല്ലാതെ രണ്ടുള്ളതായി കാണുന്നില്ല.

"സാമാന്യസത്താ സർവ്വേഷാം
മതാനാമനുബന്ധിനീ
ഏകൈവാതോ/പ്യേകമേവ
മതം യുക്തിചമത്കൃതം"

എല്ലാ മതങ്ങളുടെയും സാമാന്യരൂപം ഒന്നായിരിക്കുന്നതുകൊണ്ടും മതം ഒന്നാണെന്ന സിദ്ധാന്തം യുക്തിയുക്തംതന്നെയാണ്.

"അനേകഗിരിസംഭൂത-
നിമ്നഗേവ മഹോദധീം
ഏകം സനാതനം വസ്തു
പ്രാപ്യവിശ്രാമ്യതി സ്വയമ്"

ഉൽപ്പത്തിസ്ഥാനങ്ങളാകുന്ന പർവതങ്ങൾ അനേകങ്ങളാണെങ്കിലും സമുദ്രത്തെ പ്രാപിച്ചുകഴിഞ്ഞാൽ നദികൾ ഉൽപ്പത്തിനിമിത്തമായ ഭേദമില്ലാതാകുന്നതുപോലെ പ്രതിപാദ്യമായ സനാതനവസ്തു ഒന്നാകയാൽ അവിടെ മതം ഭേദമററു നിലകൊള്ളുന്നു.

"അനേകമതസിദ്ധാന്ത-
മേകമജ്ഞായ ഹസ്തിനി
അന്ധാ ഇവവിതന്ധാക്ഷേതർ-
മൂഢാ മുഹ്യന്തി നേതരേ"

എല്ലാ മതങ്ങളുടെയും സിദ്ധാന്തം ഒന്നാണെന്ന രഹസ്യം മനസ്സിലാക്കാതെ ബുദ്ധിശൂന്യന്മാർ ആനയെക്കണ്ട അന്ധന്മാർ എന്നപോലെ പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും യുക്തിവാദങ്ങളും മുഴക്കി വലയുകയാണ്. ബുദ്ധിമാന്മാർ അങ്ങനെചെയ്യുന്നില്ല.

"മതാതിജേതും ശക്യാന്നി
നവാദേന മിഥോ ബലാത്
പ്ര മാദേന മതദ്വേഷീ
വാദമാത്രേണ നശ്യതി"

അന്യോന്യം എതിർത്തു ശക്തിയായി വാദിച്ചതുകൊണ്ടു് മതങ്ങളെ ജയിച്ചടക്കുവാൻ സാദ്ധ്യമല്ല. മതരഹസ്യം തെററിദ്ധരിക്കുന്ന മിഥ്യാബുദ്ധിക്കു മാത്രമേ അന്യമതങ്ങളോടു വെറുപ്പുണ്ടാകയുള്ളു. അന്യമതദ്വേഷി എൻെറ മതം നല്ലതാണു്, മററു എല്ലാ മതങ്ങളും ചീത്തയാണു്, തെററാണു് എന്നു വാദിച്ചു വാദിച്ചു നശിക്കുകയാണു്.

"നിരുക്തജാതേ രേകത്വാ-
ന്മത സൈ്യ കത്വമാസ്ഥിതം
മതേ നാനാത്വചിന്താതു
കേവലം ഭ്രാന്തി ജൃംഭിതം"

നിർവചിക്കപ്പെട്ട സാമാന്യ മതതത്വം ഒന്നായതുകൊണ്ടു് മതമൊന്നാണെന്നുതന്നെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പല മതങ്ങൾ നിലവിലിരിക്കുന്നുണ്ടെന്ന അഭിപ്രായം തെററിദ്ധാരണയിൽ മാത്രമുള്ളതാണു്. അഥവാ മേൽ വിവരിച്ച ജാതി പ്രകരണത്തിൽ മനുഷ്യനു് ഒരു ജാതിയേയുള്ളു എന്നു സ്ഥാപിച്ചിരിക്കുന്നതിനാൽ ഏകജാതിയായ മനുഷ്യക്കു് സുഖദായകങ്ങളായ ധർമ്മങ്ങളും ഏകരൂപങ്ങളായിരിക്കുവാനിടയുള്ളതിനാൽ തത്പ്രതിപാദകങ്ങളായ മതങ്ങളും ഏകരൂപങ്ങളാകാനേ തരമുള്ളു എന്നു വരാം.

"ഏകം ത്മാനുവർത്തതേ
മാനവാഃ സർവ്വതോമതേ
ഇത്യബാധാന്മതൈകത്വം
സാധിതം സർവ്വസമ്മതം"

സുഖാഭിലാഷികളായ മനുഷ്യർ സുഖജനകങ്ങളായ കർമ്മങ്ങളും വസ്തുതകളും ഏതെല്ലാമെന്നും എന്തെല്ലാമെന്നും അറിഞ്ഞു അനുഷ്ഠിക്കുവാനാണ് മതത്തെ ശരണംപ്രാപിക്കുന്നതു്. തത്സാധകത്വമാണ് എല്ലാ മതങ്ങളുടെയും സ്വഭാവം. ഈ സിദ്ധാന്തത്തിനു് വിരുദ്ധത ഒരു മതത്തിലും കാണുന്നില്ല. ഈ ദൃഷ്ടിയോടുകൂടിയാണ് മതമേകമാണെന്നു സ്ഥാപിച്ചിട്ടുള്ളതു്. ഇതെല്ലാപേൎക്കും സമ്മതമാണ്.

ഇതാണ് ഏകമതസിദ്ധാന്തത്തിന്റെ സാമാന്യമായ ഒരു വിശദീകരണം. ഇനി ഈ ഒരു മതമെന്ന സത്യം സാദ്ധ്യമാണോ എന്നും നമുക്കു പരിശോധിക്കാം

"ഒരു മതം" നമുക്കു കൈവരുത്തണം. മതത്തിന്റെ പേരു വരുമ്പോൾ സ്ഥാപിതകാൎയ്യസാദ്ധ്യതകൾക്കുവേണ്ടി നാം വ്യത്യാസങ്ങൾ നിലനിറുത്തുവാൻ താല്പൎയ്യപ്പെടുന്നു. ആ മനസ്ഥിതി മാററുവാൻ കാലം കുറെ കഴിയേണ്ടിവരുമെങ്കിലും അതു നടപ്പിൽവന്നേ കഴിയുകയുള്ളു. ആ വഴിക്കാണു ചരിത്രം നമ്മെ കൊണ്ടുപോകുന്നതു്. ഒരു ജാതിക്കാരായി, ഒരു മതക്കാരായി, ഒരു ദൈവത്തിൽ വിശ്വസിക്കുന്നവരായി തീരുന്നതു് ആദ്യം കേരളീയരായിരിക്കും. അത്തരമൊരു അഭിനവകേരളത്തിന്റെ സ്ഥാപകൻ ഗുരുദേവനാണ്. 'ഏകലോക'സൃഷ്ടിക്കു പോരുന്ന മഹാസന്ദേശ

ങ്ങൾ നൽകിയ നമ്മുടെ ഗുരുദേവൻ എല്ലാ തലമുറക ളിലുംവച്ച് ഏററവും വലിയ മഹാത്മാവുതന്നെയാ ണ്. ഇംഗ്ലീഷിൽ പറഞ്ഞാൽ "The greatest of all the great souls the generations have ever produced" എന്നിങ്ങനെയാണ് ഗുരുദേവൻെറ 'ഏകമത'സിദ്ധാന്തത്തെ സ്പർശിച്ചു മഹാത്മാഗാന്ധി യുമായി അനേകവർഷങ്ങൾ കഴിച്ചുകൂട്ടിയ അദ്ദേഹ ത്തിൻെറ ഒരുത്തമശിഷ്യനും തിരു-കൊച്ചി സംസ്ഥാ നത്തിലെ ഒരു മുൻ മന്ത്രിയുമായ ശ്രീ. ജി. രാമചന്ദ്രൻ പ്രസ്താവിച്ചിട്ടുള്ളതു്.

ഇന്നു ഭൂമുഖത്തുള്ള സകല മനുഷ്യർക്കും സുഖ മായി ജീവിക്കാൻ വേണ്ട എല്ലാ വിഭവങ്ങളും പ്രകൃ തിയിൽ സുലഭമാണ്. അവയാർജ്ജിച്ച് അങ്ങേയ ററംവരെ സുഖിക്കുവാനുള്ള അറിവും കഴിവും മനുഷ്യ നുണ്ട്. എന്നാലും മനുഷ്യർ ക്ലേശിച്ചു നരകിക്കുക യാണ്. ഇതിനു കാരണം അനൈക്യമാണ്. വിഭി ന്നജാതിക്കാരും വിഭിന്ന മതസ്ഥരുമെന്ന ഭേദബുദ്ധി യാണ് പരമ്പരയാ ഈ അനൈക്യം നിലനിത്തു ന്നതു്. ഈ ഭേദബുദ്ധി ശരിയോ തെറോ എന്നതാ ണു പ്രശ്നം. അതു തെററെന്നും "ഒരു ജാതി ഒരു മതം" എന്ന സിദ്ധാന്തം ശരിയെന്നും സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. പൊതുവേ ലോകം അതു സമ്മ തിച്ചുകഴിഞ്ഞാൽ, അല്ലെങ്കിൽ ലോകത്തെക്കൊണ്ടു സമ്മതിപ്പിച്ചുകഴിഞ്ഞാൽ ജാതിഭേദബുദ്ധികൊണ്ടും മതഭേദബുദ്ധികൊണ്ടും ഇന്നു നിലനിൽക്കുന്ന സകല കലാപങ്ങളും അസ്തമിച്ച് ശാന്തിയും സമാധാനവും എങ്ങും കൈവരുകതന്നെ ചെയ്യും. ഈ നിഗമനം പരമാത്ഥമാണെങ്കിൽ ലോകക്ഷേമതത്പരന്മാർ

"ഒരു ജാതി ഒരു മതം" എന്ന സിദ്ധാന്തം കാല വിളംബം വരുത്താതെ ഉടൻതന്നെ നടപ്പിൽ വരുത്തേണ്ടതാണ്.

തമ്മിൽ തല്ലി തല കീറിയും പരസ്പരം വെട്ടി കുത്തി കഴിച്ചും പ്രശാന്തരമണീയമായ ഈ ഭൂമുഖത്തെ രക്തപങ്കിലമാക്കാൻ പ്രേരിപ്പിക്കുന്ന അന്ധവിശ്വാസങ്ങളുടെ സ്ഥാനത്തു് സത്യം വിശ്വസിച്ചും സമത്വം കണ്ടും സ്നേഹസത്തു് നുകർന്നും കൃതാൎത്ഥരായി സധൎമ്മത്തുടെ നടക്കുവാൻ സഹായിക്കുന്ന "ഏകമതം" പ്രചരിപ്പിച്ചുകാണുവാൻ ഗുരുദേവൻ ആത്മാൎത്ഥമായി ആഗ്രഹിച്ചു. ലോകസമാധാനം സംസ്ഥാപിച്ചു പരമപാവനമായ നിസ്വാൎത്ഥസ്നേഹത്തിൻെറ സുവൎണ്ണ ശൃംഖലകളിൽ മനുഷ്യരെ അന്യോന്യം കൂട്ടിയിണക്കുവാൻ ഉതകുന്ന "പല മത സാര"മായ ഈ ഏകമതത്തിൻെറ ആന്തരാർത്ഥം മനസ്സിലാക്കിയ നിർമ്മത്സരബുദ്ധികളായ പല മത പരിഷ്കൎത്താക്കളും രാജ്യാഭിമാനികളും അതു പ്രയോഗത്തിൽ വരുത്തുവാൻ ഗുരുദേവൻെറ ജീവിതകാലത്തുതന്നെ പരിശ്രമിച്ചു തുടങ്ങി. കേരളത്തിൻെറ ഒരു കോണിൽനിന്നു പുറപ്പെട്ട സർവജനസംപൂജ്യമായ ആ 'ഏക മത' സന്ദേശത്തിൻെറ മധുരസംഗീതം ഇന്നു വിശ്വവ്യാപകമായ മോഹന തരംഗങ്ങളുയർത്തിക്കഴിഞ്ഞിരിക്കുന്നു. വിശ്വ മഹാകവി രവീന്ദ്രനാഥ ടാഗ്ഗുറിൻെറ ഭാഷയിൽ പറഞ്ഞാൽ "ഈശ്വരചൈതന്യം നിറഞ്ഞുതുളുമ്പുന്ന മുഖതേജസ്സും അനന്തതയിലേയ്ക്കു നാട്ടിയിരിക്കുന്ന പ്രകാശപൂൎണ്ണമായ യോഗനയനങ്ങളുമുള്ള ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത യഥാർത്ഥ സന്യാസിവൎയ്യനും; ഒരു തികഞ്ഞ കലാകാരൻ, പ്രകൃതി നിരീക്ഷണ

ചതുരൻ, വാസനാസമ്പന്നനായ വാസ്തവ കവി വിശ്വ പ്രേമമൂർത്തിയായ ലോകോപകാരി സ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും വിശാല സമുദ്ര സർവസംഗ പരിത്യാഗിയും, നിർമ്മമനുമായ വിശുദ്ധ യോഗി എന്നീ നിലകളിൽ പ്രഖ്യാതനുമായ ശ്രീനാരായണ പരമഹംസരുടെ ആത്മാർത്ഥമായ അഭിലാഷം പോലെ എല്ലാ ജനങ്ങളും ഒരേ ജാതിയിൽനിന്നു പിറന്ന ഒരേ മതവിശ്വാസികളായി ഒരേ ദൈവാരാധകരായിത്തീരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല."

★

## ഏക ദൈവം

ഒരു പ്രദേശത്തിൻേറയോ മതത്തിൻേറയോ പരിധിയിലൊതുക്കിനിർത്താതെ ദൈവത്തെ ഏക ദൈവമായിത്തന്നെ സ്വീകരിച്ച സകല ജീവരാശികളുടേയും സുഖത്തെ ഉദ്ദേശിച്ചുമാത്രം നാരായണഗുരു "ദൈവദശക"മെന്ന പേരിൽ ഒരു പ്രാർത്ഥന രചിച്ചിട്ടുണ്ട്. സമസ്ത ജീവരാശികളുടേയും ആകെ സുഖത്തിനുവേണ്ടി ദൈവത്തോടു ചെയ്യുന്ന ഒരു പ്രാർത്ഥനയാണിത്. ദൈവത്തെ നിഖില ലോകത്തിൻേറയും നിയന്താവായി കരുതി മനുഷ്യരാശിക്ക് എവിടെയും എക്കാലവും നടത്താവുന്ന ഈ പ്രാർത്ഥനയിൽ ഗുരുദേവൻേറ ജീവിതത്തിലെ ആകെക്കൂടിയുള്ള അദ്വൈത സിദ്ധാന്തം സമ്പൂർണ്ണമായടങ്ങിയിരിക്കുന്നു.

## ദൈവ ദശകം

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻ തോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്താ—
ട്ടെന്നും പൊരുളൊട്ടൊങ്ങിയാൽ
നിന്നിടും ദ്രുക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാററും
ആഴവുംപോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ! സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും മായാ-
വിയും, മായാവിനോദനും,
നീയല്ലോ മായയേ നീക്കി-
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നേ വത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാന്ന നിൻപദാ
പുകഴ്ത്തുന്ന ഞങ്ങളങ്ങേ
ഭഗവാനെ! ജയിക്കുക.

ജയിക്കുക മഹാദേവ!
ദീനാവനപരായണ!
ജയിക്കുക ചിദാനന്ദ!
ദയാസിന്ധോ! ജയിക്കുക.

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ!
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

★

## തത്വജ്ഞാനിയായ മഹാകവി

ശുദ്ധമായ തപസ്സുകൊണ്ടു ആത്മസൗമമായ അന്ത സ്സു കരസ്ഥമാക്കി ആദ്ധ്യാത്മികവും ഭൗതികവുമായ രണ്ടു വശങ്ങളേയും കൂട്ടിയിണക്കിക്കൊണ്ടു പുതിയൊരാനന്ദ ത്തിൻേറയും അറിവിൻേറയും അന്തരീക്ഷം സൃഷ്ടിച്ചു തൊട്ടുകൂടാതെ, തീണ്ടിക്കൂടാതെ ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളവരായി ജീവിച്ച അനേകലക്ഷം അവശ സമുദായക്കാക്കു പ്രാണവായു നൽകിയ ഗുരുദേവൻ ഒരു മഹാകവികൂടിയായിരുന്നു എന്നറിയുമ്പോൾ അത്ഭുത ത്തെക്കാളധികം ആനന്ദമാണുണ്ടാകുക.

ആത്മാഭിമാനത്തിൻെറയും സാന്മാർഗ്ഗിക ബോധത്തിൻെറയും ധാർമ്മിക പരിശുദ്ധിയുടെയും വിത്തുജനഹൃദയങ്ങളിൽ മുളപ്പിച്ചു തളിരുവിരിയി ക്കാൻ സാഹിത്യപരമായ കലാസൃഷ്ടികൾക്കു അതുല്യ മായ ഒരു ശക്തി കാണുന്നുണ്ടു്. ഈ സത്യം മനസ്സി ലാക്കിയ ശ്രീനാരായണൻ അവധൂതനായി നടക്കു മ്പോഴും മരുത്വാമലയിൽ തപസ്സ് ചെയ്യുമ്പോഴും അതിനുശേഷം കർമ്മകാണ്ഡത്തിലേക്കിറങ്ങിവന്നു മർ ദ്ദിതവിഭാഗക്കാരുടെ ക്ഷേമത്തിനുവേണ്ടി "ആയുസ്സും വപുസ്സും ആത്മതപസ്സും" ബലിയർപ്പിച്ചപ്പോഴും ഉൽ കൃഷ്ടങ്ങളായ കവിതകൾ രചിച്ചു മനുഷ്യൻെറ ഉള്ളിൽ വേണ്ടത്ര വെളിച്ചം കിട്ടാതെ ലീനമായി കിടക്കുന്ന

സംസ്കാരത്തിൻെറ വളർച്ചക്കും ധർമ്മബോധത്തിന്റെ വികസനത്തിനുംവേണ്ടി ആവേശകരമായ ഉത്ബോധനം നൽകി.

കുട്ടിക്കാലത്തു പറങ്കിമാവിൻ കവരങ്ങളിൽ കയറിയിരുന്നു, വിശാലപ്രകൃതിയിൽനിന്നു പലതും സ്വന്തം ഭാവനയിലേക്കു പകർത്തിയിട്ടു, മരുത്വാമലയിലിരുന്നു ആ തത്വസംഹിതയും ആത്മീയ സൗന്ദര്യത്തിൻെറ പരിപൂർണ്ണ രൂപം നൽകി ജീവിതകാവ്യം വിരചിച്ച ഒരുത്കൃഷ്ട തത്വജ്ഞാനിയാണു ആ പരമഹംസൻ. പ്രകാശമാനമായ ആദ്ധ്യാത്മ ചിന്തയും തദനുസരണമായ ജീവിതാനുഭവങ്ങളും തമ്മിൽ താദാത്മ്യം വരുത്തിയാൽ തന്നിൽമാത്രമല്ല ചുററുമുള്ള അഖണ്ഡവിശ്വത്തിൽത്തന്നെ എത്രയെത്ര അത്ഭുതകരങ്ങളായ ചലനങ്ങൾ വരുത്തിത്തീർക്കാമെന്നു ഗുരുദേവൻ സോദാഹരണം പ്രസ്പഷ്ടമാക്കിയിരിക്കുന്നു.

പ്രസാദാത്മകമായ ആത്മീയോത്കർഷത്തിൻെറ വീക്ഷണഗതിയെ അടസ്ഥാനമാക്കി സാമൂഹ്യപുരോഗതിക്കു സുവ്യവസ്ഥിതമായ ഒരു നിയമസംഹിത അപരിത്യാജ്യമായ ഒരു കേന്ദ്രശക്തിയുടെ കീഴിൽ ഒതുക്കിനിർത്തിക്കൊണ്ടു അദ്ദേഹം നിർമ്മിച്ച രണ്ടുൽകൃഷ്ടകാവ്യങ്ങളാണു "ആത്മോപദേശ ശതകവും" "ദർശനമാലയും".

ഈ രണ്ടുകൃതികളെയും കവച്ചുവയ്ക്കുന്ന ഒരു കലാശില്പം ആദ്ധ്യാത്മിക മണ്ഡലത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. മനുഷ്യോദ്ധാരണപരമായ സംസ്കാരസംസ്ഥാപനാർത്ഥം ഒരു നിയമ വിധാതാവിന്റെ വിശാലവീക്ഷണത്തോടുകൂടി ഗുരുദേവൻ വേറെയും നിരവധി തത്വചിന്താരത്നങ്ങൾ അടങ്ങിയ കവിതകൾ

നിർമ്മിച്ചിട്ടുണ്ട്. നിരാഡംബരജീവിതവും അലോകസു ലഭമായ ആത്മസാക്ഷാത്കാരവും കറയററ അദ്വൈ തചിന്തയും അദ്ദേഹത്തെ ഒരു യോഗിയാക്കിത്തീർത്തു. ആത്മീയമായ പ്രചോദനത്തിൻെറയും സത്യതൃഷ്ണയുടെ യും പരിണതഫലമായ യോഗവും സന്യാസവും ജീവി തത്തിലെ ഏററവും വലിയ കലയാക്കിത്തീർത്ത ആ മഹാൻ കൃത്രിമവും ഭൗതികവുമായ പ്രലോഭനങ്ങളിൽ നിന്നു ആദ്ധ്യാത്മിക ജീവിതത്തെ ആവിഷ്കരിച്ച് അ തിനു ബൃഹത്തായ വികാസവും കേവലസൗന്ദര്യത്തി ൻെറ പരമോന്നതപദവിയും നല്കി ആ യോഗിവര്യൻ പ്രസ്തുതകാവ്യങ്ങളിൽക്കൂടി ഒരുമഹാകവിയായും ഉയൻ വിലസുന്നു.

ജീവിതത്തിൻെറ ഭാഗികമായ പ്രകാശനമാ ണ് കല. കാലത്തിൻെറ ചലനാത്മകമായ പുരോഗ തിയോടൊപ്പം നീങ്ങിക്കൊണ്ടിരിക്കുന്ന ജീവിതത്തോ ട് പൊരുത്തപ്പെടാത്ത കലയ്ക്കു് ഉദാസീനമായ മാന വാത്മാവിനെ ഉന്മേഷഭരിതമാക്കുവാനോ സത്യത്തി ൻെറയും സൗന്ദര്യത്തിൻെറയും ഉയൻ മേഖലയിലേക്കു നയിക്കുവാനോ സാധിക്കുന്നതല്ല. ജീവിതത്തിൻെറ അഗാധതലത്തിൽനിന്നു നിർഗ്ഗമിക്കുന്ന സരളതയാൽ ആവിഷ്കൃതമായ സൗന്ദര്യമാണു കലയെന്നും അ ദ്വൈതചിന്തയുടെ രസംകൊണ്ടു ആർദ്രമായ ഉപരിതല ത്തിൽമാത്രമേ അത്തരം കലയ്ക്കു സാർവ്വലൗകികമായ ധർമ്മം പ്രകടിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നും ശ്രീനാരായണഗുരു വിശ്വസിച്ചു. ഇന്നുലോകത്തിൽ നടമാടുന്ന സകലകുഴപ്പങ്ങൾക്കും അറുതിവരുത്തുവാൻ കരുത്തുററ ഏക ആയുധം ആത്മജ്ഞാനമാണെന്നു

കണ്ടുപിടിച്ചതിൻെറ ഫലമാണ് ആദ്യന്തം പ്രൗഢ ഗംഭീരമായ പ്രസ്തുത ഗ്രന്ഥങ്ങൾ.

ഹിമാലയപ്രാന്തങ്ങളിൽ ജീവിച്ച പൗരാണികഭാരതത്തിലെ തത്വദർശകരായ ഋഷിപുംഗവന്മാരുടെ ആദർശങ്ങളിൽ കൂടെയും ആർഷസംസ്കാരത്തിൻെറ പാവനപ്രവാഹം വററിവരണ്ടുപോയ രംഗങ്ങളിൽ കൂടെയും ആസ്തിക്യത്തിൻെറ പരിമളംപൊങ്ങുന്ന പൂവാടിയിൽകൂടെയും പിന്നീട്ട സമുന്നതവും സമുൽകൃഷ്ടവുമായ ധാർമ്മികവിശ്വാസത്തിനു വന്നുചേന്ന വ്യതിയാനത്തിൽകൂടെയും ഒടുവിൽ മതപരമായും നേരിട്ട സർവ്വതോമുഖമായ അധഃപതനത്തിലൂടെയും സാവധാനം നയിച്ചു അദ്ദേഹം നമ്മെ നമുക്കു നമ്മോടുതന്നെയും സമുദായത്തോടും ഈശ്വരനോടും നിർവ്വഹിക്കാനുള്ള കർമ്മധർമ്മങ്ങളുടെ വക്കത്തുകൊണ്ടുവന്നു നിർത്തുന്നു. തൻെറ അദ്ധ്യാത്മികമായ അന്വേഷണങ്ങളുടെയും അവിശ്രമപരിശ്രമങ്ങളുടെയും മായാത്തമുദ്രകൾ അദ്ദേഹം പ്രസ്തുത കൃതികളിൽ ഏത്രയും ചേതോഹരമാംവണ്ണം പതിപ്പിച്ചിട്ടുണ്ട്.

ഗുരുദേവൻ അനുഭവങ്ങളിൽക്കൂടി സാക്ഷാൽകരിച്ചുകാണിച്ചുതന്നിരിക്കുന്ന ആത്മവിദ്യയെ ഒരു യഥാർത്ഥതത്വശാസ്ത്രമായി അംഗീകരിക്കേണ്ടതു ലോകത്തിനൊഴിച്ചുകൂടാത്ത ഒരു കത്തവ്യമായിത്തീന്നിരിക്കുന്നു. അതിൻെറ പരിശീലനത്തിനുവേണ്ടി ഓരോ വ്യക്തിയും കഴിവനുസരിച്ചു പ്രവത്തിക്കുകയാണെങ്കിൽ ജാതി ജാതിയോടും, മതം മതത്തോടും, വ്യക്തി വ്യക്തിയോടും, സമുദായം സമുദായത്തോടും, രാഷ്ട്രം രാഷ്ട്രത്തോടും കാട്ടിക്കൂട്ടുന്ന മൃഗീയമായ അക്രമങ്ങളും ചൂഷ

ണങ്ങളുമവസാനിച്ചു ശാന്തിയും സമാധാനവും ലോകത്തു ലബ്ധപ്രതിഷ്ഠമാകുകതന്നെചെയ്യും.

നാനാത്വത്തോടു കൂടാത്ത ഏകത്വജ്ഞാനമായ അദ്വൈതമാണു ശ്രീ നാരായണഗുരു പ്രഖ്യാപിച്ചിട്ടുള്ളതു്. സത്യത്തിൻെറ കേന്ദ്രബിന്ദുവിൽ കാലൂന്നിനിന്നു പ്രപഞ്ചമണ്ഡലത്തിലെ സംഭവങ്ങൾ വ്യാമോഹാത്മകവും മിഥ്യയുമാണെന്നുമുള്ള അദ്വൈതസിദ്ധാന്തത്തെ ഗുരുവിൻെറ മഹാമേരുസദൃശമായ പ്രതിഭാശക്തി അരക്കിട്ടുറപ്പിച്ചിരിക്കുകയാണു "ദർശനമാലയിലും ആത്മോപദേശ ശതകത്തിലും" പ്രത്യേകിച്ചും "ജനനീ നവരത്നമഞ്ജരി" മുതലായ കൃതികളിൽ പൊതുവേയും.

"അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം......"

നാം ഓരോരുത്തരും നമ്മുടെ ആത്മാവെന്നു പറയുന്നതുതന്നെയാണു ഈ പ്രപഞ്ചത്തിൻെറയും ആത്മാവെന്നും അപരിച്ഛിന്നവും ഏകവുമായ ആത്മചൈതന്യത്തിൽ സ്ഥിതിചെയ്യുന്ന ഈശ്വരൻതന്നെയാണു് അന്യന്മാരിലും സർവജീവികളിലും മാത്രമല്ല പരമാണുമുതൽ കുലപർവതപര്യന്തം സകലചരാചരങ്ങളിലും പരിലസിക്കുന്നതെന്നും ഈ ഈരടികളിൽക്കൂടി ഗുരുദേവൻ പ്രഖ്യാപിക്കുന്നു.

"അവരവരാത്മസുഖത്തിനാചരിക്കു-
ന്നവ, യപരന്നുസുഖത്തിനായ് വരേണം."

എന്ന ഉപദേശമനുസരിച്ചു അന്യന്മാരെ സ്നേഹിക്കയും സഹായിക്കയും ആത്മാർത്ഥമായും നിർബ്ബന്ധ

മായും ചെയ്യുമ്പോൾ സുഖത്തിൽ പങ്കെടുത്തില്ലെങ്കിലും അന്യന്മാൎക്കു നേരിടുന്ന ദുഃഖത്തിൽ അവരോടു ദയാപൂൎവ്വം പെരുമാറുകയും അവരുടെ ദുഃഖശമനത്തിനു വേണ്ടി പ്രവൎത്തിക്കുകയും ചെയ്യുന്നതു നമ്മോടും സൎവ്വഭൂതഹൃദയവാസിയായ ഈശ്വരനോടും ചെയ്യുന്ന സൽകൃത്യമായി നമുക്കനുഭവപ്പെടും. വ്യക്തിജീവിതം സമഷ്ടിജീവിതത്തോടു നിർവഹിക്കേണ്ട കടമകളെക്കുറിച്ചു പ്രബോധനം നൽകുന്നതിനിടയിൽ

"ഒരുവനുനല്ലതുമന്യനല്ലലും ചേ-
പ്പൊരുതൊഴിലാത്മവിരോധിയോൎത്തിടേണം"

എന്നും

"പരനുപരംപരിതാപമേകിടുന്നോ-
രെരിനരകാബ്ധിയിൽവീണെരിഞ്ഞിടുന്നു"

എന്നും വ്യക്തമായി ഉറപ്പിച്ചുപറഞ്ഞതു സർവ്വഭൂതങ്ങളിലും ദയാലേശമില്ലാതെ, ഹൃദയവിശാലതയില്ലാതെ, വൎത്തിക്കുന്നതു ഈശ്വരപ്രീതികരമല്ലെന്നല്ലേ തെളിയിക്കുന്നതു്.

സാഹിത്യപരമായ സവിശേഷതകളൊന്നുമില്ലാതെ അദ്വൈതാത്മകമായിഎളുപ്പത്തിൽ മനസ്സിലാക്കാവുന്ന ചിലഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:-

"ഉലകിനു വേറൊരു സത്തയില്ല;തുണ്ടെ-
ന്നലകുരുരപ്പതു സർവ്വമൂഹഹീനം;
ജ്വലനു വിലേശയമെന്നു തോന്നിയാലും
നലമിയലും മലർ മാല നാഗമാമോ?"

നിലമൊട്ടു, നീരതുപോലെ, കാററു,തീയും,
വെളിയു മഹംകൃതി, വിദ്യയും,മനസ്സും,
അലകളും, മാഴിയു, മെന്നുവേണ്ടയെല്ലാ-
വുലക മുയന്നറിവായി മാറിടുന്നു.

ഒരുപൊരുളിങ്കലനേകമുണ്ടനേകം
പൊരുളിലൊരർത്ഥവുമെന്ന ബുദ്ധിയാലെ;
അറിവിലടങ്ങുമഭേദമായിതെല്ലാ-
വരുമറിവീലതിഗോപനീയമാകും.

പൊടിയൊരുഭൂവിലസംഖ്യമപ്പൊടിക്കും-
പ്പെട്ടമൊരു ഭൂവി;തിനില്ല ഭിന്നഭാവം,
ജഡമമരുന്നതുപോലെ ചിത്തിലും ചി-
ത്തുടലിലുമിങ്ങിതിനാലിതോക്കിലേകം

ഇനി "അദ്വൈതദീപികയിലെ" ഏതാനും സന്ദേശ
ങ്ങളിലേക്കു ഒന്നുകടന്നുചെല്ലാം:-

നേരല്ല ദൃശ്യമിതു ദൃക്കിനെ നീക്കിനോക്കിൽ
വേറല്ല വിശ്വമറിവാം മരുവിൽപ്രവാഹം
കാര്യത്തിൽ നില്പതിഹ കാരണസത്തയെന്യേ
വേറല്ല വീചിയിലിരിപ്പതു വാരിയത്രേ.

വാസസ്സു തന്തുവിതു പഞ്ജിയിതാദിമൂല-
ഭ്രതപ്രപഞ്ചജാതമിതുമോക്കിലിപ്രകാരം
ബോധത്തിൽനിന്നു വിലസുന്നു മരുസ്ഥലത്തു
പാഥസ്സുപോലെ പരമാവധിബോധമത്രേ.

ഉണ്ടില്ലയെന്നു മുറമാറിയസത്തുസത്തു
രണ്ടും പ്രതീതമിതനാദിതമസ്സ്വഭാവം
രണ്ടും തിരഞ്ഞീടുകിലില്ലയസത്തുരജ്ജു-
ഖണ്ഡത്തിലില്ലുരഗമുള്ളതു രജ്ജുമാത്രം.

അസ്ത്യസ്തിയെന്നു സകലോപരി നില്പതൊന്നേ.
സത്യം സമസ്തവുമനിത്യമസത്യമാകും
മൃത്തിൻവികാരമതസത്യമിതിങ്കലൊക്കെ
വത്തിപ്പതോക്കിലൊരു മൃത്തിതു സത്യമത്രേ.

ഓരോന്നതായവയവം മുഴുവൻപിരിച്ചു
വേറാക്കിയാലുലകമില്ല വിചിത്രമത്രേ.
വേറാകുമീയവയവങ്ങളുമേവമങ്ങോ-
ട്ടോരായ്ക്കിലില്ലഖിലവും നിജബോധമാത്രം.

അദ്വൈതപരമായല്ലാതെ സത്യബോധത്തെ അഗണ്യമാക്കി അദ്വൈതപരമാക്കി വ്യാഖ്യാനിക്കുക സാധ്യമല്ല. ഗുരു ഈപദ്യങ്ങളിൽക്കൂടി വെളിപ്പെടുത്തുന്ന തത്വചിന്തയെ നാനാത്വത്തിൽ ഏകത്വബോധം കല്പിക്കുന്ന വിശിഷ്ടാദ്വൈതത്തിനും ഏകത്വത്തോടുകൂടാത്ത നാനാത്വബോധത്തിന് പ്രാമുഖ്യം നൽകുന്ന ദ്വൈതത്തിനും ഇവിടെ പ്രസക്തിയില്ല. എന്നാൽ ഏകത്വത്തിൽ നാനാത്വം കല്പിക്കുന്നതാകട്ടെ രജ്ജുവിൽ സർപ്പ പ്രതീതിയുണ്ടാക്കുന്ന വ്യാമോഹകാരിണിയായ മായാശക്തിയാണെന്നും ഈ മായയെ "പരയുടെ പാലുനുകന്ന്" നിഹനിച്ചാൽ ആത്മാവിന്റെ കൂടസ്ഥാംശത്തെ അവലംബിച്ചു സർവ്വവ്യാപിയായി—ഈശ്വരഭിന്നമായി വ്യവഹരിക്കാവുന്ന സത്യനിഷ്ഠമായ

അദ്വൈത ജ്ഞാനമുണ്ടാകുമെന്നും ഗുരു അനുശാസിക്കുന്നു.

രാവു് പകലായി മാറുന്ന കാലംവരെ ഈ തത്വചിന്ത സ്വീകരിക്കപ്പെടാതെ നിവ്വാഹമില്ല. പഞ്ഞി നൂലായി പിന്നീടതു വസ്ത്രമാകുന്നതുപോലെയും മണ്ണു ഘടാകാരമായിത്തീരുന്നതുപോലെയും ജലം തിരയായി മാറുന്നതുപോലെയും ഒരേ ജീവചൈതന്യം വിവിധ കർമ്മവാസനകളോടുകൂടിയ ജീവാത്മാക്കളിൽ ചേഷ്ടിക്കുന്നു. അതുകൊണ്ടു് അന്യോന്യം സഹായിക്കുക, നീതിയോടും കരുണയോടുംകൂടി പെരുമാറുക, പ്രപഞ്ചപ്പെരുമാളിൻെറ ഈ തത്വസംഹിതയായിരിക്കണം ലോകത്തിൽ ക്ഷേമൈശ്വര്യങ്ങൾ വളൎന്നുകാണണമെങ്കിൽ എല്ലാരാഷ്ട്രങ്ങളും ഭരണഘടനകളുടെ മൗലിക പ്രമാണമായംഗീകരിക്കേണ്ടതു്.

"അയലുതഴപ്പതിനായതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണം"

എന്നീ വരികളിലെ നയമറിയും നരൻ ഭരണമീമാംസയറിയുന്ന രാജ്യതന്ത്രജ്ഞനാണു്. അതിപ്രയത്നംചെയ്തും അയൽപ്രദേശങ്ങളെയും രാഷ്ട്രത്തേയും അങ്ങനെ ലോകത്തെത്തന്നെയും സുഖഭൂയിഷ്ഠമാക്കിത്തീർക്കേണ്ട കടമ രാജ്യതന്ത്രജ്ഞനുള്ളതാണു്. ഈ കർമ്മം ഈശ്വരാപ്പണമായ മഹത്തായ ഒരു യജ്ഞംപോലെ നിർവഹിക്കപ്പെട്ടാൽ ലോകം തനിയെ സുഖപ്രദമായിക്കൊള്ളും.

അമ്മയോടും, ഭാര്യയോടും, അച്ഛനോടും കുഞ്ഞുങ്ങളോടും പ്രദർശിപ്പിക്കുന്ന സ്നേഹത്തിൻെറ സങ്കുചിതവലയത്തിൽനിന്നും കുതറിപ്പൊങ്ങി ഈ പ്രപഞ്ചത്തെ തന്നിൽനിന്നന്യമല്ലെന്ന നിലയിൽ വിശാല

മായി വീക്ഷിക്കുക; അങ്ങനെ അന്യന്മാരെ സ്നേഹിക്കുയും ദ്രോഹിക്കയും ചെയ്യുന്നതുകൊണ്ടു് തനിക്കുതന്നെ ഗുണവും ദോഷവും നേരിടുന്നതിനാൽ "അന്യജീവിക്കുതകി സ്വജീവിതം ധന്യമാക്കാൻ" ഭൂതദയയെ കൈവരിക്കുക. ആത്മജ്ഞാനത്തിൻെറ അടിസ്ഥാനത്തിലുള്ള ഉപദേശാനുഷ്ഠാനങ്ങളെക്കൊണ്ടു വർഗ്ഗങ്ങൾ തമ്മിലുള്ള കലഹദ്വേഷാഭസമരാദികളെ നിർമ്മാർജ്ജനം ചെയ്തു സമത്വസുന്ദരവും സമാധാനപൂർണ്ണവുമായ "ജാതിഭേദം, മതദ്വേഷമില്ലാതെ-സർവ്വരും സോദരത്വേന വാഴുന്ന" ഒരു മാതൃകാലോകത്തെ സൃഷ്ടിക്കുക എന്ന തത്വശാസ്ത്രമാണു ആധുനികലോകത്തിനും ഭാവി തലമുറയ്ക്കുംവേണ്ടി ഗുരുദേവൻ നൽകിയിട്ടുള്ളതു്.

"പ്രിയമപരൻെറയതൻപ്രിയം; സ്വകീയ-
പ്രിയമപരപ്രിയ; മിപ്രകാരമാകും
നയ; മതിനാലനരന്നു നന്മനൽകും
ക്രിയ യപരപ്രിയഹേതുവായ് വരേണം."

സകല ചരാചരങ്ങളിലും യാതൊരു ഭാവഭേദവുംക്രൂടാതെ ഈശ്വരാംശം കണ്ടറിഞ്ഞു മനുഷ്യനിൽ തൻെറ നന്മയ്ക്കുവേണ്ടി ചെയ്യുന്ന ക്രിയകൾ മററുള്ളവരുടെ സുഖത്തിനുവേണ്ടിയും ഉപകരിക്കണമെന്നു് ഗുരുദേവൻ നിർദ്ദേശിക്കുന്നു. പുല്ലിലും, പുഴുവിലും, അണുവിലും, മലയിലും, പാമരനിലും, പണ്ഡിതനിലും, നിസ്വനിലും, ചക്രവർത്തിയിലും എന്നുവേണ്ട സകല ചരാചരത്തിലും തന്നിലുള്ള അതേ ആത്മചൈതന്യത്തെ ദർശിക്കുന്നതിനു അദ്ദേഹത്തെപ്പോലെ സാധിച്ചവർ ഈ ഭൂമുഖത്തു അധികംപേർ കാണുകയില്ല.

ഭൗതികവും ആത്മീയവുമായ ക്ഷേമം സുരക്ഷിതമാക്കാനുള്ള ഒരുപാധിയായി അഹിംസാ സിദ്ധാന്തത്തിനു ജീവിതത്തിലും ചരിത്രത്തിലും അതിരില്ലാത്ത നിർദ്ദോഷതയും എതിരില്ലാത്ത ദിവ്യതയും നൽകി പരിശുദ്ധജീവിതം നയിച്ച ഗുരുദേവൻ ഭഗവൽഗീതാസാരത്തെക്കൂടി അതിശയിക്കുന്ന തത്വചിന്താന്തരീക്ഷത്തിലേക്കാകമാനം തൻെറ കരകാണാത്ത പ്രതിഭയുടെ വിദ്യുദ്ദീപ്തി പായിച്ചിട്ടുണ്ടെന്നു നമുക്കു കാണാം.

"എല്ലാവരുമാത്മ സഹോദരരെ-
ന്നല്ലേ പറയേണ്ടതിതോർക്കുകിൽ നാം
കൊല്ലുന്നതുമെങ്ങിനെ ജീവികളെ-
ത്തെല്ലും കൃപയററു ഭുജിക്കയതും.

കൊല്ലാവ്രത മുത്തമമാമിതിലും
തിന്നാവ്രതമേറയുമുത്തമമാം.
എല്ലാ മത സാരവുമോർക്കിലിതെ-
ന്നല്ലേ പറയേണ്ടതു ധാർമ്മികരേ.

കൊല്ലുന്നതു തങ്കൽവരിൽ പ്രിയമാ-
മല്ലീവിധിയാർക്കു ഹിതപ്രദമാം ?
ചൊല്ലേണ്ടതു ധർമ്മ്യമിതാരിലുമൊ-
ത്തല്ലേമരുവേണ്ടതു സൂരികളേ ?

കൊല്ലുന്നവനില്ല ഭുജിപ്പതിനാ-
ളില്ലെങ്കിലശിക്കുകതന്നെ ദൃഢം.
കൊല്ലിക്ക കൊണ്ടു ഭുജിക്കുകയാം
കൊല്ലുന്നതിൽ നിന്നുമുരത്തൊരഘം

കൊല്ലായ്കിലവൻ ഗുണമുള്ള പുമാൻ
അല്ലായ്കിൽ മൃഗത്തൊടു തുല്യനവൻ
കൊല്ലുന്നവനില്ല ശരണ്യത മ-
റെറല്ലാവക നന്മയുമാന്നിടിലും."

ആത്മവിചാരസരണിയിൽനിന്നും ആചാരപദ്ധതി നേരെ ഉത്ഭവിക്കുന്നുവെന്നു ഈ അഞ്ചു ശ്ലോകങ്ങളടങ്ങിയ ലഘുകൃതി കാട്ടിത്തരുന്നു. ആത്മവിചാരവും മതത്തിലെ പ്രാഥമിക അനുശാസനങ്ങളും അറിവിൻേറയും ബുദ്ധിപൂർവമായ ജീവിത മുറകളുടേയും പൊതുതത്വങ്ങൾക്കനുയോജ്യമായിങ്ങനെ ഇണക്കിച്ചേർക്കാമെന്നാണു വാസ്തവത്തിൽ നാമിവിടെ കാണുന്നതു്. മനുഷ്യനു സമ്പൂർണ്ണ മനുഷ്യത്വമുണ്ടാകുന്നതിനാവശ്യമായ ആത്മവിചാരമാണു ഇവിടെ ആചാരപദ്ധതിക്കു നിർദ്ദേശം നല്കുന്നതു്. ജീവിതത്തിലെ ഭോഗപരായണത്വം, സുഖാസക്തി, പ്രയോജനമാത്രപ്രസക്തി തുടങ്ങി സംതൃപ്തിക്കുവേണ്ടി സർവസാധാരണമായി കരുതപ്പെടുന്നവയെല്ലാം ഒരുവശത്തും ജീവിതത്തോടു ബന്ധപ്പെടുത്താതെ ഇരിക്കുമെങ്കിൽ വെറും മൃതാക്ഷരങ്ങളായിത്തീരുന്ന മതാനുശാസനങ്ങളെ അപ്രകാരമാകാതിരിക്കാൻ തടഞ്ഞു മറുവശത്തും വിട്ടുകൊണ്ടു ഗുരു ഇവിടെ വാസ്തവത്തിൽ സമ്പൂർണ്ണമനുഷ്യത്വവും ഗൗരവവുംനിറഞ്ഞ ആത്മവിചാരത്തിൻെറ വഴിയാണു അംഗീകരിച്ചിരിക്കുന്നതു്. പ്രാർത്ഥനയിൽ വിശ്വസിക്കുന്ന ഭക്തൻ ദൈവത്തെ അഭയം പ്രാപിക്കുന്നു. എന്നാൽ അതുപോലുള്ളൊരഭയം ജന്തുക്കൾക്കു അയാൾ നൽകാൻ കൂട്ടാക്കുന്നുമില്ല. ഇങ്ങനെ ഒരുപക്ഷം മാത്രം കരുതുന്ന വിധത്തിലുള്ള പ്രാർത്ഥന ഒടുവിൽ വിഷമത്തിലെത്തിച്ചേരും അതിനാൽ ഇവിടെ അതു നിരാ

കരിച്ചിരിക്കുന്നു. എന്നാൽ ഹൃദയസ്പർശിയായ കൃപയും ഒരു വിനോദസ്പർശവും നൽകിക്കൊണ്ടാണു ഗുരു അതു നിർവഹിക്കുന്നതു്.

മനുഷ്യനെ മാത്രമല്ല, വിപിലീകാദി കീടങ്ങളെ കൂടി ആത്മതുല്യം കരുതണമെന്നും അവയെ ഉപദ്രവിക്കയോ കൊല്ലുകയോ ചെയ്യുന്നതു പാപമാണെന്നും ധർമ്മവിരുദ്ധമാണെന്നും ഗുരു പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്.

"ഒരുപീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും.

"അരുളുള്ളവനാണു ജീവി" യെ-
ന്നുരുവിട്ടീടുക, യീ നവാക്ഷരി.
അരുളില്ലയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പുതാനവൻ
മരുവിൽ പ്രവഹിക്കുമംബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം.

സമസൃഷ്ടിസ്നേഹത്തെ ഇത്രയും വിശാലമായാരാധിക്കുന്ന ഗുണപക്ഷപാതിയായ ഒരുഹൃദയം അലോകസാധാരണമാണു്. അഹിംസാ സിദ്ധാന്തത്തെ ഇത്രയും വലിയ ഒരു ജീവിതാദർശമാക്കിയ സമാധാന പ്രവാചകൻ വേറെയുണ്ടോ എന്നു സംശയമാണു. ഗുരുവിൻെറ ഓരോവാക്കും അഹിംസാസമ്പൂർണ്ണം. ഓരോ ഉല്ലാസവും ദയാമസൃണം! ആദർശത്തിനുവേണ്ടി ആദർശം പ്രസംഗിച്ച ഒരു ശുഷ്കവേദാന്തിയായിരു

ന്നില്ല ശ്രീനാരായണൻ. ആദർശങ്ങളുടെ സ്വാത്വിക പ്രവണതകളെ രക്തത്തിലേക്കും അതുവഴി ജീവിതത്തിലേക്കും പ്രചരിപ്പിച്ചാൽ മനുഷ്യന് എത്രകണ്ടുയരാമെന്ന് ആ പുണ്യാത്മാവു സ്വന്തം ജീവിതംകൊണ്ടും സൃഷ്ടിപരമായ പ്രവത്തന പരിപാടികൾകൊണ്ടും നമ്മെ പഠിപ്പിച്ചിരിക്കയാണ്.

ലോകം ഇന്നേവരെ കേട്ടുകഴിഞ്ഞ തത്വചിന്താസമൂഹങ്ങളുടെ ആകെത്തുക ഉൾക്കൊള്ളുന്ന ഒരുൽകൃഷ്ട ഗ്രന്ഥമാണ് ഗുരുദേവൻ രചിച്ച "ദർശനമാല". 2+2=നാല് എന്നുള്ളതു ഗണിതശാസ്ത്രത്തിൽ എപ്രകാരം അനിഷേധ്യമായ ഒരു പരമാർത്ഥമായി പരിലസിക്കുന്നുവോ അപ്രകാരം ഈശ്വരസത്തയെക്കുറിച്ചും പ്രപഞ്ചനിമ്മിതിയെ പുരസ്കരിച്ചും പ്രപഞ്ചത്തിൻെറ അസ്ഥിരതയെക്കുറിച്ചും ഗുരുദേവൻ "ദർശന മാല" യിൽ പ്രതിപാദിച്ചിരിക്കുന്ന ശാസ്ത്രതത്വങ്ങൾ, ലോകം കല്പാന്തകാലത്തിൽ വീണ്ടും സമുദ്രഗ്രസ്തമാകുമെങ്കിൽ അക്കാലംവരെയും അവിതക്കിതമായി പ്രശോഭിച്ചുകൊണ്ടിരിക്കുമെന്നതിനു സംശയമില്ല. അതിലെ പ്രതിപാദനം ഗഹനമെങ്കിലും അതു ഋജുവും സർവാദരണീയവും ജനാകർഷകവും സമുന്നതവുമായ ലക്ഷ്യങ്ങളെ കൊണ്ടുള്ളതാണ്.

പ്രപഞ്ചവും പ്രപഞ്ചകത്താവും ഒന്നെന്ന നിലയ്ക്കുള്ള പൊരുത്തം കണ്ടെത്താൻ വിശ്വോത്തരമായ ഈ കലാശില്പത്തിൻെറ ശീതളച്ഛായയിൽക്കൂടി ഗുരുദേവൻ നമ്മെ നയിക്കുകയാണ്. ഗുരുവിൻെറ സ്വന്തം ഭാവനാചഷകത്തിൽനിന്നും കവിഞ്ഞൊഴുകിയ ചിന്തകളുടെ അമൃതധാര "ദർശനമാല" യിൽ നമുക്കു കാണാൻ കഴിയും.

സൃഷ്ടിക്കുമുമ്പു ഈ പ്രപഞ്ചം മനോരൂപേണ ഇരുന്നിരുന്നു. ഒരു ചിത്രം വരയ്ക്കപ്പെടുന്നതിനുമുമ്പു ആ ചിത്രം ഏതുപ്രകാരം ചിത്രകാരന്റെ മനസ്സിൽ മാത്രം ഇരിക്കുന്നുവോ അപ്രകാരം ഈ പ്രപഞ്ചം സൃഷ്ടിക്കുംമുമ്പു ഈശ്വരന്റെ സങ്കല്പവേദിയിലായിരുന്നു നിഴലിച്ചിരുന്നതു്. ചിത്രകാരൻ തന്റെ മനോദർശനത്തിന്റെ ഫലമായി ശില്പകലാഭംഗി കലരുന്ന പലവിധചിത്രങ്ങളും കൃത്രിമമായി വരച്ചുണ്ടാക്കുന്നതുപോലെ യാഥാർത്ഥ്യത്തിന്റെ പ്രേരണാവലയത്തിൽനിന്നല്ല—സാങ്കല്പികവും മായാപരവുമായ വീക്ഷണകോണിൽനിന്നു വൈചിത്ര്യങ്ങളോടുകൂടിയ സർവ പ്രപഞ്ചത്തേയും ഈശ്വരനും നിർമ്മിക്കുന്നു. ജഗത്തു് മിഥ്യയാണെന്നും ഈശ്വരനിൽനിന്നു ഭിന്നമല്ലെന്നും തെളിയിക്കാൻ ഇങ്ങനെ മററാക്കും കഴിഞ്ഞിട്ടില്ല.

പ്രപഞ്ചനിർമ്മിതിയെക്കുറിച്ചു പൗരാണികകാലം മുതല്ക്കേ ഭാരതത്തിൽ പല മതക്കാരും വിശ്വസിക്കയും പ്രചരിപ്പിക്കയും ചെയ്ത അന്ധകാര നിബിഡമായ ചില വിശ്വാസപ്രമാണങ്ങളെ കേരളത്തിലെ ശ്രീനാരായണ മഹർഷീശ്വരൻ ആത്മീയ പ്രബുദ്ധതയാൽ പ്രദീപ്തമായ തത്വചിന്താഖഡ്ഗംകൊണ്ടു വെട്ടിമുറിച്ചു നീക്കം ചെയ്തിരിക്കയാണു് "ദർശനമാല" വഴി.

ആദ്യം സൂര്യനുണ്ടായി എന്നും സൂര്യനിൽനിന്നാകാശവും ആകാശത്തിൽനിന്നു വായുവും വായുവിൽനിന്നു അഗ്നിയും അഗ്നിയിൽനിന്നു ജലവും ജലത്തിൽനിന്നു ഭൂമിയും ഇങ്ങനെ ക്രമാനുഗതമായുണ്ടായതാണു പ്രപഞ്ചമെന്നും പല ചിന്തകന്മാരും വിശ്വസിച്ചിരുന്നു; വിശ്വസിക്കുന്നുമുണ്ടു്.

നവീന വീക്ഷണഗതിയേയും നവീനപ്രവണതകളേയും നവീന ചിന്തയേയും അവലംബിച്ചു ശ്രീനാരായണ ഗുരുദേവൻ പ്രസ്തുത വിശ്വാസത്തെ ചോദ്യം ചെയ്യുകയും അതു തെററാണെന്ന് യുക്തിയുക്തം സ്ഥാപിക്കയും ചെയ്തിരിക്കുന്നു. കാലത്തിൻെറ നടനവേദിയിൽ പുതുഭാവരസങ്ങളോടും വ്യാവഹാരികദശയിൽ കാണപ്പെടുന്ന സർവവിധ വൈചിത്ര്യങ്ങളോടും കൂടി ഈശ്വരനിൽനിന്നു ഈശ്വരൻെറ സങ്കൽപശക്തികൊണ്ടു ഒന്നിച്ചു ഒരേസമയത്തു വെളിപ്പെട്ടതാണു ഈ പ്രപഞ്ചമെന്നു അദ്ദേഹം വെളിപ്പെടുത്തി. നിന്ദ്യമായ ആത്മവഞ്ചനയുടെ മിഥ്യാപ്രലപനംകൊണ്ടല്ല, ശരിയായ ഉദാഹരണങ്ങൾകൊണ്ടു.

സൃഷ്ടികാലത്തിൽ ആത്മ സങ്കൽപത്താൽ ഈ പ്രപഞ്ചമൊക്കെ ഈശ്വരനിൽനിന്നു ഒരേകാലത്തു ഒന്നായിവെളിപ്പെട്ടു എന്ന ഗുരുവിൻെറ സുസ്ഥിരമായ പ്രഖ്യാപനം ഉൾക്കൊള്ളുന്ന 'ദർശനമാല' ഭാരതീയ തത്വശാസ്ത്രത്തിൻെറ ആദ്ധ്യാത്മിക സ്പന്ദനങ്ങൾ നശിച്ചുപോകാതെ എക്കാലവും കാത്തുസൂക്ഷിക്കുന്ന ഒരു ഉൽകൃഷ്ടഗ്രന്ഥമാണ്. എത്രവായിച്ചാലും ആദിയും പൊരുളും തിരിച്ചറിയാൻ പ്രയാസമേറിയതും, എത്ര വ്യാഖ്യാനിച്ചാലും മതിവരാത്തതുമായ അത്ര ലോകരഹസ്യങ്ങൾ അടങ്ങിയിരിക്കുന്ന അമൃതനിഷ്യന്ദിയായ ആത്മജ്ഞാന ഭണ്ഡാഗാരമാണു ആ മഹാകാവ്യം.

സംസ്കൃതത്തിലും മലയാളത്തിലും തമിഴിലുമായി നാല്പതോളംവരുന്ന ഗുരുവിൻെറ ലഘുകവനങ്ങളുടേയും 'ദർശനമാല, ആത്മോപദേശ ശതകം എന്ന രണ്ടു പ്രൗഢവേദാന്തഗ്രന്ഥങ്ങളുടേയും സമഗ്രമായൊരു പഠനം ഈ ചെറിയ ഗ്രന്ഥത്തിലസാദ്ധ്യമാണ്.

വാക്കുകൾകൊണ്ടു വിവരിക്കാൻ കഴിയാത്ത അനുഭൂതി പ്രധാനമായ ഗൂഢതത്വാവബോധത്തെ വിഗ്രഹഭാഷ യും, അലങ്കാരം, വ്യംഗ്യം, ധ്വനി, രസം തുടങ്ങിയ ഉപ കരണങ്ങളുംകൊണ്ടു അപൂർവം മഹാകവികൾക്കുമാത്രം കൈവന്നിട്ടുള്ള കലാപാടവത്തോടെ നാരായണഗുരു ആവിഷ്കരിച്ചിട്ടുണ്ടു്. എന്നാലും വിനയോദാരമായി ഗുരു ഇങ്ങനേയും പറയാതിരുന്നില്ല–

ഭൂവാദിഭൂതമതിനാവാസമില്ല വെറു–
മാഭാസമാമിതറിവി–
ന്നാഭാവിശേഷമിതി നാവാസമിങ്ങലകി–
ലാപാദിതം ഭവതിയാൽ
നാവാദി തൻവിഷയിതാവാസമററ ഭവ
ദാവാസ മാകെ വിലസും
ദ്യോവാണതിൻെറ മഹിമാവാരറിഞ്ഞു ജന–
നീ വാഴ്വാനുമരുതേ

ഗുരുദേവൻെറ കവിതകളെ സംബന്ധിച്ചു ഒരു ഗ്രന്ഥകാരൻ പറയുന്നതിങ്ങനെയാണു്–

"മധുമയഭണിതികളുടെ മാർഗ്ഗദർശിയായ ഒരു രണ്ടാം വാല്മീകിയല്ലേ സ്വാമിതൃപ്പാദങ്ങൾ? എന്നു അവിടുത്തെ കാവ്യശൈലിയുമായി പരിചയപ്പെട്ട പ്പോഴെല്ലാം ഓർത്തുപോകാറുണ്ടു്".

★

## ജഗത്ഗുരു

ദാരിദ്ര്യ ശുഷ്കമായ ഒരു സാധുകുടുംബത്തിൽ ചിതലരിച്ചു ജീർണ്ണിച്ച ഓലകൊണ്ടു മറച്ചുകെട്ടിയ മൺകുരയിൽ ജനിക്കുകയും പാശ്ചാത്യവിദ്യാഭ്യാസമൊന്നുമില്ലാതെ സാധുവായിതന്നെ ജീവിക്കുകയും ചെയ്തുകൊണ്ട് സർവ്വകലാശാലകളിലെ ഉന്നതബിരുദങ്ങളെല്ലാം നേടിയ പ്രതിഭാശാലികളെക്കൂടി ലജ്ജിപ്പിക്കുമാറ് മാനവസമുദായത്തിൻെറ ദൈനംദിന ജീവിത പുരോഗതിക്കുപയുക്തങ്ങളായ മതപരവും സാമൂഹ്യവും വിദ്യാഭ്യാസപരവും വ്യാവസായികവുമായ വിപ്ലവാത്മകപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ പ്രദർശിപ്പിച്ച ദീർഘദർശനം പ്രപഞ്ചചക്രത്തിൻെറ ചലനത്തെക്കൂടി മാററിമറിച്ചു നിശ്ചലമാക്കുന്നതിനു സമർത്ഥമായ ആജ്ഞാശക്തി, ഇരുമ്പുമറയ്ക്കുള്ളിൽ പതിയിരുന്ന ഒളിയമ്പെയ്ത 'അരാതി' വർഗ്ഗത്തെക്കൂടി ആത്മാർപ്പണത്തിൻേറയും ത്യാഗത്തിൻേറയും ഉപദേശരത്നങ്ങളെക്കൊണ്ട് വശീകരിച്ച നിർമ്മലപ്രേമം; ഇതെല്ലാം പ്രോജ്വലമായ പ്രകാശത്തിൽ ഒത്തിണങ്ങിയ ഒരു ആദ്ധ്യാത്മിക നേതാവായിരുന്നു കഥാപുരുഷനായ ശ്രീ നാരായണഗുരു.

ലോകത്തിനുമുഴുവൻ അജ്ഞാതമായിരുന്ന ഒരു ജീവിതരീതിയാണു ആ മഹാത്മാവു സ്വീകരിച്ചിരു

ന്നതു്. ഭാര്യയേയും കുഞ്ഞുങ്ങളേയും ഉപേക്ഷിച്ച് ആത്മസാക്ഷാല്കാരത്തിനുവേണ്ടി കാട്ടിലേക്ക പോയ യോഗിയായിരുന്നില്ല, പ്രതികൂല പരിതസ്ഥിതികളെ ആക്രമിച്ച് കീഴടക്കാമെന്ന വ്യാമോഹത്തോടെ വാളെടുത്തു പടവെട്ടി ചോരചൊരിഞ്ഞു മതം സ്ഥാപിച്ച മതാചാര്യനായിരുന്നില്ല, യോഗിമാരുടെ മൗനമാണു് ലോകക്ഷേമത്തിനുപയുക്തമെന്ന ധാരണയിൽ മുറി കറക്കളളിലും ഗുഹാമുഖങ്ങളിലും ധ്യാനനിരതനായി കഴിഞ്ഞ തപസ്വിയുമായിരുന്നില്ല അദ്ദേഹം. പൊററ വീണകുടിലും പോററിവളർത്തിയ അച്ഛനമ്മമാരും ഏതെന്നും ആരെന്നും ചിന്തിക്കാതെ കുട്ടിക്കാലത്തുതന്നെ എല്ലാം ഉപേക്ഷിച്ച മരുത്വാമലയിൽ ഉഗ്രതപസ്സ് ചെയ്ത് അത്യുന്നതമായ ഈശ്വരസാക്ഷാത്കാരം സമ്പാദിച്ച്, സൂര്യനെപ്പോലെ സാന്നിദ്ധ്യമാത്രത്താൽ ചുററുപാടും പ്രേമവും പ്രകാശവും പ്രദാനംചെയ്യുകയും ലോകംമുഴുവനും തൻെറ തറവാടായും, നരനും, നായും, പുഴുവും, മരവും, കല്ലും, മുള്ളും, എല്ലാം തൻെറ കുടുംബത്തിലെ അംഗങ്ങളാണെന്നു വിശ്വസിക്കുകയും ജനനംമുതൽ മരണംവരെ കർമ്മകാണ്ഡത്തിൽ ഇറങ്ങിനിന്നു മർദ്ദിതരുടെ കണ്ണുനീരു തുടയ്ക്കുവാൻ തരിമ്പുപോലും സ്വാർത്ഥമില്ലാതെ "ആയുസ്സും വപുസ്സും" സേവനത്തിൻെറ മണിവേദിയിൽ ബലിയർപ്പിക്കുയും ചെയ്ത ഒരു യോഗിവര്യനാണു ശ്രീ നാരായണ ഗുരുദേവൻ.

ജാതിമതാദികളുടെ പേരിൽ നരവേട്ട നടക്കുന്ന അധുനാതന യുഗത്തിൽ ശാന്തിക്കും സമാധാനത്തിനുംവേണ്ടി ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കുന്ന നേതാക്കന്മാർക്ക ആവേശവും പ്രചോദനവും

നൽകുന്ന മഹത്തായ സന്ദേശങ്ങളാണ് ആത്മാർപ്പണത്തിൻെറയും ത്യാഗത്തിൻെറയും ഉപദേശ രത്നങ്ങളാണു ഗുരുദേവൻ സംഭാവന ചെയ്തിട്ടുള്ളതു്.

ശിവഗിരിയിലുദയംചെയ്ത ഈ കനകതാരം ഭാരതത്തിൻെറ മുഖലാവണ്യം മകുടംചാർത്തിയ ഈ തേജഃപുഞ്ജം തൻെറ സാന്നിദ്ധ്യംകൊണ്ടു ഉദ്ബുദ്ധമായ ഒരു ജനതയോടു ജാതിയേയും അയിത്തത്തേയും തജ്ജന്യമായ അസമത്വങ്ങളേയും നശിപ്പിക്കാൻ -- അടിമത്വം അവസാനിപ്പിക്കാൻ — വർണ്ണവിദ്വേഷം, അതെവിടെ കണ്ടാലും — അമേരിക്കയിലെ നീഗ്രോ സമുദായക്കാരുടെയിടയിലായാലും — ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ നേരെയായാലും — ഇൻഡ്യയിലെ അധഃകൃതരുടെ നേരേയായാലും — നിശ്ശേഷം തുടച്ചുനീക്കാൻ — സർവമത സൗഹാർദ്ദം പുലർത്താൻ — അങ്ങിനെ മനുഷ്യരെല്ലാം അന്യോന്യം രക്തബന്ധമുള്ള സഹോദരന്മാരാണെന്നുള്ള വിശ്വാസത്തിന്മേൽ അടിയുറച്ച ഒരു നവ്യസമുദായവ്യവസ്ഥ പുനഃസ്ഥാപിക്കാൻ ഉപദേശിക്കുകയും അതെങ്ങിനെ വേണമെന്നു സ്വന്തം ജീവിതമാതൃകകൾകൊണ്ടു കാട്ടിത്തരുകയും ചെയ്തിരിക്കുന്നു.

ജാതിക്കുള്ളിൽ ജാതികളും മതത്തിൽ മതങ്ങളും സൃഷ്ടിച്ചു വഴക്കടിച്ചു ലോകസമാധാനം അപകടത്തിൽപെടുത്തുന്ന ഒരു കാലഘട്ടത്തിൽ വിശ്വസാഹോദര്യത്തിൻെറ പ്രഭാപൂരം പൊഴിക്കുന്ന ലോകാരാദ്ധ്യമായ ഒരു തത്വസംഹിത പ്രായോഗികമാക്കിത്തീർത്ത ഗുരുദേവനെ ഒരു ഹിന്ദുമതവിശ്വാസിയായി ചിത്രീകരിക്കുന്നവരുണ്ടു്. മനുഷ്യനെ മനുഷ്യനിൽനിന്നു് അകററിനിർത്തുകയും അവർതമ്മിലുള്ള സഹകരണത്തെ

അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്ത അവ്യവസ്ഥിത നിയമങ്ങളെ തുടച്ചുനീക്കി സാഹോദര്യത്തിൻേറയും സമത്വത്തിൻേറയും അടിസ്ഥാനമായി "ഒരുമതം" പ്രഖ്യാപനംചെയ്ത ആ പുണ്യാത്മാവിനെ – യോഗത്തിൽ പതഞ്ജലിയും, ജ്ഞാനത്തിൽ ശങ്കരനും, ഭരണകൗശല്യത്തിൽ മനുവും, ത്യാഗത്തിൽ ബുദ്ധനും, സ്ഥൈര്യത്തിൽ നബിയും, വിനയത്തിൽ ക്രിസ്തുവും ആയി ജീവിച്ച ആ ജഗത്ഗുരുവിനെ ഒരു പ്രത്യേക മതത്തിൻെറ ഇടുങ്ങിയ ഭിത്തികളുള്ളിൽ ബന്ധിച്ചിടുവാൻ പാടുള്ളതല്ല. അതാതു കാലങ്ങളിൽ അതാതു മതാചാര്യന്മാർ ഉപദേശിച്ചിട്ടുള്ള തത്വങ്ങളുടേയും സത്യങ്ങളുടേയും സമുച്ചയം ആണ് ഗുരുദേവൻെറ മതം. ഹിന്ദുക്കളേയും ബൗദ്ധരേയും, ക്രൈസ്തവരേയും, മുസ്ലീംകളേയും എല്ലാം ഒന്നാക്കിത്തീർക്കാൻ ഉപകരിച്ച തത്വസംഹിതകൾ സംഭാവന ചെയ്ത ആ പുണ്യാത്മാവിനെ ഹിന്ദുമതത്തിൻെറ സങ്കുചിതമായ ചട്ടക്കൂട്ടിൽ ഇട്ടടയ്ക്കുന്നതു നീതിവിരുദ്ധമാണ്.

ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണാൻവേണ്ടി ഊന്നിഊന്നി ഉപദേശിച്ച ഗുരു യാതൊരുവിധ മതസംഘടനകൾക്കും തൊടാൻ സാധിക്കാത്തത്ര ഉയരത്തിൽ മതചിന്തകൾക്കെല്ലാം അതീതനായി നാംഇന്നേവരെ കേട്ടറിഞ്ഞ മഹാത്മാക്കളെയെല്ലാം അതിശയിപ്പിച്ചുകൊണ്ടു മിന്നിപ്രകാശിക്കുന്ന വിശ്വദീപമാണ്.

★

## ഗുരുവിനൊരു ശിഷ്യൻ

ഗുരുവിൻെറ വിശ്വാസസന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആത്മോപദേശശതകം ഇതുവരെയുണ്ടായിട്ടുള്ള ആദ്ധ്യാത്മിക ഗ്രന്ഥങ്ങളിൽവച്ച് ലളിതവും, ആത്മവിഷയകമായി സമ്പൂർണ്ണവുമായ ഒരുത്തമ കൃതിയാകുന്നു. കൈരളിയുടെ കണ്ഠാഭരണമെന്നു വിശേഷിപ്പിക്കാവുന്ന ഈ ഗ്രന്ഥത്തിനു പല മഹാന്മാരും വ്യാഖ്യാനമെഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. ആക്കും പരിപൂർണ്ണമായ വിജയം സിദ്ധിച്ചിട്ടില്ല. അദ്വൈത വേദാന്തശാഖയിൽ അദ്വിതീയമായ പാണ്ഡിത്യവും ആത്മാനുഭൂതിയും സിദ്ധിച്ചവരായിരിക്കണം ഈ ഗ്രന്ഥത്തിനു് വ്യാഖ്യാനമെഴുതേണ്ടവർ എന്നു് കവി തിലകൻ പന്തളം ശ്രീ. കൃഷ്ണവാരിയരും പണ്ഡിതാഗ്രേസരനായ ശ്രീ. കേരളവർമ്മ വലിയകോയിത്തമ്പുരാനും, കവികളിൽ കവിയും വിജ്ഞരിൽ വിജ്ഞനുമായ ശ്രീ. എൻ. ഗോപാലപിള്ളയും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എങ്കിലും ഏററവും പ്രയാസമേറിയ പ്രസ്തുത കർമ്മം ഗുരുകുല സ്ഥാപകനായ നടരാജഗുരു ഈ അടുത്തകാലത്തു നിർവ്വഹിച്ചിരിക്കുന്നു.

വിശ്വാസങ്ങളെയും വിചാരങ്ങളെയും ഇളക്കിമറിച്ച ബുദ്ധിപരമായ മഹാവിപ്ലവം സൃഷ്ടിച്ച ഗുരു

ദേവന്റെ ആപ്തവചനങ്ങളുടെ ആഴത്തിലേക്കു ഇറങ്ങിച്ചെന്നു ഗുരുദേവനെ പൂർണ്ണമായി മനസ്സിലാക്കിയവരിൽ അഗ്രഗണ്യനാണു നടരാജഗുരു. അതി ലളിതമായ ജീവിതരീതിയും അത്യുന്നതമായ ചിന്താഗതിയും ഒത്തിണങ്ങിയ ഭാരതീയ സത്തയുടെ യഥാർത്ഥ പ്രതീകമായി വളർന്നു ഇന്നു അറിവിൽപ്പെട്ട ആരെക്കാളും ശ്രേഷ്ഠനായ ഏകലോകവാദിയായിത്തീർന്നിരിക്കുന്ന നടരാജഗുരു ദേശീയവും അന്തർദ്ദേശീയവുമായ വസ്തുതകളെ വൈദാന്തികമായി വ്യാഖ്യാനിച്ചു നമ്മിൽ അത്ഭുതവും ആനന്ദവും ഉളവാക്കുന്ന അറിവിലുമേറിയ അറിവുലഭിച്ച ഒരു യോഗിയാണ്.

— ശുഭം —

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M08 Acc. No. 48132

This book should be returned on or before the date last stamped below.

15 FEB 1971
1 OCT 1971
7 JUL 1973
3 SEP 1974
7 JAN 1976
7 AUG 1983
14 SEP 1983
21 OCT 1983
23 NOV 1988
11 JUL 2024
29 JUL 2024




Indic Digital Archive Foundation
gpura.org